വാല്യം 7, ലക്കം 05

സെപ്തംബർ 1-15, 2026

സൗജന്യവിതരണത്തിന്

# ന്യൂ ഇന്ത്യ സമാചാർ



80-ാം സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ

# രാഷ്ട്രത്തിന്റെ നിരന്തരമായ പ്രയാണത്തിന്റെ പ്രഖ്യാപനം

സ്വാതന്ത്ര്യത്തിന്റെ ശതാബ്ദി ആഘോഷിക്കുമ്പോഴേക്കും കൈവരിക്കേണ്ട വികസനമെന്ന കാഴ്ചപ്പാടു സാക്ഷാത്കരിക്കുന്നതിനായി, ചെങ്കോട്ടയുടെ കൊത്തളത്തിൽനിന്നുള്ള 13-ാം സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ‘സപ്തധാര’ എന്ന വികസനരേഖ മുന്നോട്ടുവച്ചു. സെമികണ്ടക്ടർ മേഖല മുതൽ പ്രതിരോധമേഖലയിലെ വിപ്ലവം വരെ, എല്ലാ മേഖലകളിലും രൂപംകൊള്ളുന്ന സ്വയംപര്യാപ്ത ഇന്ത്യയുടെ സുവർണഭാവിയുടെ നേർക്കാഴ്ചയും അദ്ദേഹം അവതരിപ്പിച്ചു.

# നമുക്ക് വികസിത ഇന്ത്യ

# പടുത്തുയർത്താം



*ചെങ്കോട്ടയിൽ അവിസ്മരണീയമായ സ്വാതന്ത്ര്യദിനാഘോഷം! നമുക്കു സ്വാതന്ത്ര്യം നേടിത്തന്ന മഹത്‌വ്യക്തികളുടെ ധീരതയും ത്യാഗവും ഈ ദിനം നമ്മെ ഓർമിപ്പിക്കുന്നു. ഓരോ വെല്ലുവിളിയും തരണംചെയ്യാനും, ഐക്യത്തിന്റെ ബന്ധങ്ങൾ സുശക്തമാക്കാനും, രാജ്യത്തിനായി സ്വയം സമർപ്പിക്കാനും ത്രിവർണ പതാക നമ്മെ പ്രചോദിപ്പിക്കുന്നു. സമയവും അവസരവും നിശ്ചയദാർഢ്യവും നമ്മുടേതാണ്; വരൂ, നമുക്ക് ഒന്നിച്ച് വികസിത ഇന്ത്യ കെട്ടിപ്പടുക്കാം...*

*ചെങ്കോട്ടയുടെ കൊത്തളത്തിൽനിന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തെ അഭിസംബോധന ചെയ്തതു കാണാൻ ക്യൂആർകോഡ് സ്കാൻ ചെയ്യൂ.*



# ന്യൂ ഇന്ത്യ സമാചാർ

വാല്യം 7, ലക്കം 5 | സെപ്തംബർ 1-15, 2026

എഡിറ്റർ ഇൻ ചീഫ്
**ധീരേന്ദ്ര ഓഝ**
**പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ, പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ന്യൂഡൽഹി**

ചീഫ് കൺസൽട്ടിങ് എഡിറ്റർ
**സന്തോഷ് കുമാർ**

സീനിയർ അസി. കൺസൽട്ടിങ് എഡിറ്റർ
**പവൻ കുമാർ**

അസി. കൺസൽട്ടിങ് എഡിറ്റർമാർ
**അഖിലേഷ് കുമാർ**
**ചന്ദൻ കുമാർ ചൗധരി**

ഭാഷാ എഡിറ്റർമാർ
**സുമിത് കുമാർ (ഇംഗ്ലീഷ്)**
**രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)**
**നദീം അഹമ്മദ് (ഉറുദു)**

സീനിയർ ഡിസൈനർ
**ഫൂൽ ചന്ദ് തിവാരി**

ഡിസൈനർമാർ
**അഭയ് ഗുപ്ത**
**സത്യം സിങ്**





**ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക**
https://newindiasamachar.pib.gov.in/news.aspx

**ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക**
https://newindiasamachar.pib.gov.in.archive.aspx

*പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ –ൽ* **@NISPIBIndia** പിൻതുടരുക

# ഉൾപ്പേജുകളിൽ..........

80-ാം സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ
കവർ സ്റ്റോറി

## 2047–ലേക്കുള്ള നിശ്ചയദാർഢ്യം;
## സപ്തധാരയുടെ കരുത്ത്

'രാഷ്ട്രം ആദ്യം' എന്ന മന്ത്രത്തിന്റെ തണലിൽ കഴിഞ്ഞ 12 വർഷമായി വികസനത്തിന്റെ പുതിയ അധ്യായം രചിക്കപ്പെടുകയാണ്. 2047-ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുകയെന്ന ലക്ഷ്യത്തിന്റെ അടിത്തറയായി ഇത് മാറി. ഈ പശ്ചാത്തലത്തിൽ, ഓഗസ്റ്റ് 15-ന് ചെങ്കോട്ടയുടെ കൊത്തളത്തിൽനിന്ന് സംസാരിക്കവെ പ്രധാനമന്ത്രി മോദി പുതിയ 'സപ്തധാര'യ്ക്ക് ആഹ്വാനംചെയ്തു. ഇതോടെ, അദ്ദേഹത്തിന്റെ 13-ാം അഭിസംബോധന രാഷ്ട്രത്തിന്റെ നിരന്തര പ്രയാണത്തിന്റെ സമുജ്ജ്വലമായ ആഘോഷമായി മാറി... |10-29



### വിഭജന ഭീകരതയുടെ ഓർമദിനം

ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും സമാധാനവും സംരക്ഷിക്കാനുള്ള ദൃഢനിശ്ചയം

രാജ്യത്തിന്റെ വിഭജനത്തിന്റെ വേദനയെയും ജനങ്ങളുടെ പോരാട്ടങ്ങളെയും ത്യാഗങ്ങളെയും ഓർമിക്കുന്നതിനായി ഓഗസ്റ്റ് 14-ന് ആചരിക്കുന്ന 'വിഭജന ഭീകരതയുടെ ഓർമദിനം', മാനുഷിക സഹാനുഭൂതിക്കു കരുത്തേകുകയും ചെയ്യുന്നു... |30-31





### യുപിഐ സേവനങ്ങൾ
### സൗജന്യമായി തുടരും...

സാധാരണ ഉപഭോക്താക്കൾക്കും വ്യക്തികൾ തമ്മിലുള്ള (ജ2ജ) ഇടപാടുകൾക്കും യുപിഐ സേവനങ്ങൾ പൂർണമായും സൗജന്യമായി തുടരും. ഡിജിറ്റൽ ഇടപാടുകൾക്കുള്ള മർച്ചന്റ് ഡിസ്കൗണ്ട് റേറ്റ് (ങഉഞ) ഉപഭോക്താക്കൾക്കല്ല, വ്യാപാരികൾക്കാണ് ബാധകമാകുന്നത് എന്ന് ധനമന്ത്രി നിർമല സീതാരാമൻ വ്യക്തമാക്കി |38





**വാർത്തകൾ ചുരുക്കത്തിൽ** |4-5

**വ്യക്തിത്വം: ആശാ ഭോസ്ലെ**
മോഹിപ്പിക്കുന്ന ശബ്ദത്താൽ കോടിക്കണക്കിന് ഹൃദയങ്ങൾ കീഴടക്കി |6

**അനുകൂല സാഹചര്യങ്ങൾ കരുത്തേകുന്നു; വ്യവസായ വിപ്ലവത്തിന് പുതിയ കുതിപ്പ്**
പ്രധാനമന്ത്രി മോദി ആന്ധ്രാപ്രദേശിന് വികസന പദ്ധതികൾ സമ്മാനിച്ചു |32-34

**ഗുവാഹാട്ടി-തേസ്പുർ ഹൈവേയ്ക്കും ഗോബർധൻ പദ്ധതിക്കും അംഗീകാരം**
കേന്ദ്ര മന്ത്രിസഭാ തീരുമാനങ്ങൾ |35

**'യുവത്വം' - ഓരോ തീരുമാനത്തിന്റെയും അടിത്തറ**
ഐഐടി ഡൽഹി ബിരുദദാന ചടങ്ങിനെ പ്രധാനമന്ത്രി മോദി അഭിസംബോധന ചെയ്തു |36-37

**വികസിത ഇന്ത്യക്ക് ശാരീരിക-മാനസിക ആരോഗ്യം അനിവാര്യം**
വികസിത ഭാരത സങ്കൽപ്പ് അഭിയാന്റെ ഭാഗമായി 'നശാ മുക്ത് യുവ'യ്ക്കു തുടക്കം കുറിച്ചു.... |39

**ഭാവിതലമുറയ്ക്ക് പ്രചോദനത്തിന്റെ മന്ത്രം**
കോമൺവെൽത്ത് ഗെയിംസ് മെഡൽ ജേതാക്കളുമായി പ്രധാനമന്ത്രി മോദി സംവദിച്ചു |40-41

**ഇന്ത്യൻ ജനാധിപത്യത്തിനും സമൂഹത്തിനുമായുള്ള പാരമ്പര്യം**
മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ ആത്മകഥ പ്രകാശനം ചെയ്തു |42


സ്വാതന്ത്ര്യദിനത്തിന്റെ പൂർവസന്ധ്യയിൽ രാഷ്ട്രപതി ദ്രൗപദി മുർമു രാഷ്ട്രത്തോടു നടത്തിയ അഭിസംബോധന



### വികസിത ഇന്ത്യ...
യഥാർഥ ലക്ഷ്യങ്ങൾ വികസനവും ക്ഷേമവും

രാജ്യത്തിന്റെ 80-ാം സ്വാതന്ത്ര്യ ദിനത്തിന്റെ പൂർവസന്ധ്യയിൽ രാഷ്ട്രത്തെ അഭിസംബോധന ചെയ്യവേ, ഭരണഘടനയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും മൗലിക കർത്തവ്യങ്ങൾ നിറവേറ്റാനും രാഷ്ട്രപതി ദ്രൗപദി മുർമു പൗരന്മാരോട് ആഹ്വാനംചെയ്തു... |7-9


**Published:** Kanchan Prasad, Director General, on behalf of Central Bureau of Communication
**Communication Address :** Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
**E-Mail : response-nis@pib.gov.in, RNI No. :** DELENG/2020/78811

# പത്രാധിപക്കുറിപ്പ്

## ചെങ്കോട്ടയിൽനിന്നുള്ള പ്രധാനമന്ത്രി മോദിയുടെ ആഹ്വാനം

### സപ്തധാരയിലും വികസിത ഇന്ത്യയിലും ശ്രദ്ധ കേന്ദ്രീകരിക്കാം; യുവാക്കൾക്ക് സൗജന്യ പരിശീലനം

വന്ദേ മാതരം!

ചെങ്കോട്ടയുടെ കൊത്തളത്തിൽനിന്നുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 13-ാം പ്രസംഗം ചരിത്ര നിമിഷത്തിന് സാക്ഷ്യംവഹിച്ചു. സ്വാതന്ത്ര്യത്തിനുശേഷം ഇതാദ്യമായി 'വന്ദേ മാതരം' ധ്വനികൾ ചെങ്കോട്ടയിൽ മുഴങ്ങിക്കേട്ടു. 2047-ഓടെ ഇന്ത്യ വികസിത രാഷ്ട്രമായി മാറുമെന്ന് പ്രധാനമന്ത്രി നിസംശയം വ്യക്തമാക്കി; ഈ ലക്ഷ്യം കൈവരിക്കുന്നതിനായി നിർമാണം, ഡിജിറ്റൽ ഇടപാടുകൾ, ആധുനിക അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ രാജ്യം ഇതിനകം ശ്രദ്ധേയമായ മുന്നേറ്റം നടത്തിക്കഴിഞ്ഞു. ആദ്യത്തെ ഹൈഡ്രജൻ ട്രെയിനിന്റെ തുടക്കവും ആണവോർജ മേഖലയിലെ സ്വയംപര്യാപ്തതയ്ക്കായുള്ള ചുവടുവയ്പുകളും ഈ പുരോഗതിയുടെ തെളിവുകളാണ്.

രാഷ്ട്രനിർമാണത്തിന്റെ ഏഴ് സ്തംഭങ്ങൾ ഉയർത്തിക്കാട്ടുന്ന 'സപ്തധാര'യ്ക്കുള്ള ആഹ്വാനമായിരുന്നു പ്രസംഗത്തിന്റെ പ്രധാന സന്ദേശം: നിർമാണത്തിന്റെ കരുത്ത്, കൃഷിയും ഭക്ഷ്യോൽപ്പാദനവും, സാങ്കേതിക വിദ്യയും നൂതനാശയങ്ങളും, ഗതിശക്തി, പ്രതിരോധ ശക്തി, ഹരിത-സമുദ്ര സമ്പദ്‌വ്യവസ്ഥ, ഇന്ത്യയുടെ സോഫ്റ്റ് പവർ എന്നിവയാണവ. ഈ ഏഴ് ശക്തികളും ചേർന്ന് വികസിത ഇന്ത്യ കെട്ടിപ്പടുക്കൽ എന്ന ദൃഢനിശ്ചയത്തിന് വേഗം കൂട്ടും.

യുവാക്കളെ ഈ യാത്രയുടെ ചാലകശക്തിയായി വിശേഷിപ്പിച്ച പ്രധാനമന്ത്രി, വരുന്ന ഒരു വർഷത്തിനുള്ളിൽ ഒരുകോടി യുവാക്കൾക്ക് നിർമിതബുദ്ധി നൈപുണ്യത്തിൽ പരിശീലനം നൽകാൻ ലക്ഷ്യമിടുന്നതായി വ്യക്തമാക്കി. വിവിധ മത്സരപരീക്ഷകൾക്ക് സൗജന്യ ഓൺലൈൻ പരിശീലനം നൽകാൻ ആഹ്വാനം ചെയ്തു. 2030-ൽ ഇന്ത്യ കോമൺവെൽത്ത് ഗെയിംസിന് ആതിഥേയത്വം വഹിക്കുന്നത് രാജ്യത്തിന്റെ വളരുന്ന കായിക പ്രതിഭയുടെയും യുവാക്കളുടെ അപാരമായ ശേഷിയുടെയും തെളിവാണ്.

മയക്കുമരുന്ന് മുക്ത ഇന്ത്യയ്ക്കായുള്ള 100 ആഴ്ചത്തെ പ്രത്യേക യജ്ഞം, നക്സലിസത്തിന്റെ ആശയപരമായ വേരുകളെ ഒറ്റപ്പെടുത്താനുള്ള തന്ത്രം, കരുത്തുറ്റ ജനകീയ പ്രതിരോധ ശൃംഖല എന്ന കാഴ്ചപ്പാട് എന്നിവ സുരക്ഷിതവും അച്ചടക്കമുള്ളതുമായ സമൂഹത്തിന് തറക്കല്ലിടും. വനിതാ ശാക്തീകരണത്തോടുള്ള ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധത പ്രതിഫലിപ്പിച്ച്, നാരീ ശക്തി വന്ദൻ അധിനിയമം എത്രയും വേഗം നടപ്പാക്കാൻ എല്ലാ രാഷ്ട്രീയ കക്ഷികളോടും സഹകരണം അഭ്യർഥിച്ചു. ജനസംഖ്യാ കണക്കെടുപ്പിൽ കൃത്യമായ വിവരങ്ങൾ നൽകാനുള്ള ആഹ്വാനവും പഞ്ച്പ്രാൺ (അഞ്ചു പ്രതിജ്ഞകൾ) ആവർത്തിച്ചു വ്യക്തമാക്കിയതും പൗരന്മാരിൽ കർത്തവ്യബോധം വളർത്തി. മൊത്തത്തിൽ, ഈ അഭിസംബോധന നിശ്ചയദാർഢ്യത്തിനുള്ള ആഹ്വാനവും സമർപ്പണവും കൂട്ടായ പരിശ്രമവുമാണ്; ഇതാണ് ഈ ലക്കത്തിന്റെ കവർ സ്റ്റോറി.

കൂടാതെ, വ്യക്തിത്വ വിഭാഗത്തിൽ, ശബ്ദംകൊണ്ടു ലക്ഷക്കണക്കിന് ഹൃദയങ്ങൾ കീഴടക്കിയ ആശാ ഭോസ്ലെയെക്കുറിച്ച് വായിക്കാം; ഒപ്പം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടാഴ്ചത്തെ പൊതുപരിപാടികളും പ്രധാന മന്ത്രിസഭാ തീരുമാനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൾക്കവറിൽ, സ്വാതന്ത്ര്യദിനത്തിൽ വൻജനപങ്കാളിത്തത്തോടെ ആഹ്ലാദഭരിതരായ ജനക്കൂട്ടത്താൽ നിറഞ്ഞ ചെങ്കോട്ടയുടെ കൊത്തളങ്ങളുടെ മനോഹരമായ കാഴ്ചകൾ വായനക്കാർക്ക് കാണാം; യുനെസ്കോയുടെ ലോക പൈതൃക കേന്ദ്രമായ 'സാരാനാഥിലെ പുരാതന ബുദ്ധമത കേന്ദ്രത്തെ'ക്കുറിച്ചുള്ള പ്രത്യേക ലേഖനം പിൻകവറിൽ അവതരിപ്പിച്ചിട്ടുണ്ട്.

*നിങ്ങളുടെ നിർദേശങ്ങൾ*
*തുടർന്നും ഞങ്ങളുമായി പങ്കിടൂ.*

**(ധീരേന്ദ്ര ഓഝ)**

*ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.*
*https://newindiasamachar.pib.gov.in/*

# എഴുത്തുപെട്ടി






### വിവരദായകവും വിശ്വസനീയവും ഉപകാരപ്രദവുമായ മാഗസിൻ

ന്യൂ ഇന്ത്യ സമാചാർ വിവരദായകവും വിശ്വസനീയവും ഉപകാരപ്രദവുമായ മാഗസിനാണ്. എന്റെ യുപിഎസ്‌സി തയ്യാറെടുപ്പിൽ ഇത് വലിയ സഹായമാണെന്ന് തെളിഞ്ഞു. വിവിധ ഗവണ്മെന്റ് പദ്ധതികളെക്കുറിച്ച് സന്തുലിതമായ കാഴ്ചപ്പാടും ധാരണയും വളർത്തിയെടുക്കാൻ ഇത് തികച്ചും സഹായകമാണ്. 'ന്യൂ ഇന്ത്യ സമാചാർ' മാഗസിനു പിന്നിൽ പ്രവർത്തിക്കുന്ന മുഴുവൻ സംഘത്തിനും എന്റെ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

**പ്രിൻസ് കുമാർ സിങ്**

ps0488034@gmail.com

### പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികൾക്കായി വിശ്വസനീയ വിവരങ്ങൾ

ന്യൂ ഇന്ത്യ സമാചാർ മാഗസിനിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ ലളിതമായ ഭാഷയിൽ ഉപയോഗപ്രദമായ വിവരങ്ങൾ നൽകുന്നു. ഇന്ത്യയുടെ വികസനത്തിന്റെ വിവിധ വശങ്ങൾ മനസ്സിലാക്കാൻ ഈ മാഗസിൻ സഹായിക്കുന്നു. ഇത് വിവരദായകവും വായിക്കാൻ എളുപ്പമുള്ളതുമാണ്. കൂടാതെ, സിവിൽ സർവീസസിനും (UPSC) മറ്റ് മത്സരപരീക്ഷകൾക്കും തയ്യാറെടുക്കുന്ന വിദ്യാർഥികൾക്ക് ആധികാരിക വിവരങ്ങളുടെ മൂല്യവത്തായ സ്രോതസ്സായി 'ന്യൂ ഇന്ത്യ സമാചാർ' വർത്തിക്കുന്നു. മൊത്തത്തിൽ, മാഗസിൻ വായനക്കാരെ രാജ്യത്തിന്റെ പുരോഗതിയെക്കുറിച്ച് അപ്ഡേറ്റ് ചെയ്യുക മാത്രമല്ല, വികസിത ഇന്ത്യ പടുത്തുയർത്തുന്നതിന് സംഭാവന നൽകാൻ ഓരോ പൗരനെയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു.

ashishprabhatmishra@gmail.com

### ചിത്രങ്ങളും വസ്തുതകളും അടിസ്ഥാനമാക്കിയുള്ള അവതരണത്തിന് നന്ദി; മനസ്സിലാക്കാൻ എളുപ്പമാണ്

ന്യൂ ഇന്ത്യ സമാചാറിന്റെ 2026 ഓഗസ്റ്റ് 1-15 ലക്കം, പ്രത്യേകിച്ച് അതിന്റെ കവർ സ്റ്റോറി, എനിക്ക് വളരെ ഉപകാരപ്രദമായി തോന്നി. ഈ ലേഖനം വിവരദായകവും പ്രചോദനാത്മകവും മനോഹരമായി അവതരിപ്പിച്ചതുമാണ്. അടിസ്ഥാനസൗകര്യം, സാങ്കേതികവിദ്യ, വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, കൃഷി, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിലെ ഇന്ത്യയുടെ വികസന യാത്രയെ ഫലപ്രദമായി പ്രദർശിപ്പിക്കുന്നതോടൊപ്പം 'വികസിത ഇന്ത്യ' എന്ന കാഴ്ചപ്പാടിന് കരുത്തേകുകയും ചെയ്യുന്നു. ചിത്രങ്ങളും വസ്തുതകളും ഉൾപ്പെടുത്തിയുള്ള അവതരണം ലേഖനത്തെ ആകർഷകവും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതുമാക്കുന്നു.

**വടവല്ലി ശ്രീധർ**

vsdhar121@gmail.com

### പദ്ധതികൾ, പൊതുനയം, സമകാലിക സംഭവങ്ങൾ എന്നിവയെക്കുറിച്ചുള്ള മികച്ച വിവരങ്ങൾ

ഞാൻ ന്യൂ ഇന്ത്യ സമാചാർ മാഗസിന്റെ സ്ഥിരം വായനക്കാരനാണ്. ഇത് വളരെ വിവരദായകമാണെന്ന് ഞാൻ കരുതുന്നു. പ്രത്യേകിച്ച് ഇന്ത്യാഗവണ്മെന്റിന്റെ സംരംഭങ്ങൾ, പൊതുനയം, സമകാലിക സംഭവങ്ങൾ എന്നിവയെക്കുറിച്ച് മികച്ച വിവരങ്ങൾ ഇത് നൽകുന്നു.

**ഹർഷാദ് മക്‌വാന**

harshmak161184@gmail.com

### അറിവും നൈപുണ്യവും വളർത്താൻ സഹായിക്കുന്നു

ഞാൻ സ്ഥിരമായി ന്യൂ ഇന്ത്യ സമാചാർ മാഗസിൻ വായിക്കാറുണ്ട്. ഇത് വിവരദായകവും ഗവണ്മെന്റിന്റെ വികസന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതുമാണ്. ഇത് എന്റെ വ്യക്തിപരമായ വളർച്ചയ്ക്കും അറിവിനും നൈപുണ്യ വികസനത്തിനും സഹായിക്കുന്നു. ഈ മാഗസിൻ വായിക്കാനും ഇതിൽനിന്ന് പഠിക്കാനും ഞാൻ ഇഷ്ടപ്പെടുന്നു.

**ഭാസ്കർ സിങ് മഹർ**

bhaskarmahar65@gmail.com

Communication Address : Room No–1077, Soochna Bhawan, CGO Complex, New Delhi -110003

E-Mail: response-nis@pib.gov.in

## ഗവണ്മെന്റ് ഓഫീസുകൾ കയറിയിറങ്ങുന്നതിൽനിന്നും നീണ്ട ക്യൂവിൽ നിന്നും ആശ്വാസം




### ഉമംഗ് ആപ്പിൽ 2,575 സേവനങ്ങൾ; ഡിജി ലോക്കറിൽ 72 കോടി ഉപയോക്താക്കൾ

ഇന്ത്യാഗവണ്മെന്റിന്റെ 'ഡിജിറ്റൽ ഇന്ത്യ' പദ്ധതിയുടെയും ഡിജിറ്റൽ സേവനങ്ങളുടെ വിപുലീകരണത്തിന്റെയും ഫലമായി; പൊതുജനങ്ങൾക്ക് ഇനി ഗവണ്മെന്റ് ഓഫീസുകൾ തുടർച്ചയായി സന്ദർശിക്കേണ്ട ആവശ്യമില്ല. ഡിജിറ്റൽ സേവനങ്ങൾ ഇപ്പോൾ വീടുകളിൽത്തന്നെ എളുപ്പത്തിൽ ലഭ്യമാണ്. ആധാർ, ഉമാങ്, ഡിജിലോക്കർ, പൊതു സേവന കേന്ദ്രങ്ങൾ (CSCs), ഇ-സഞ്ജീവനി തുടങ്ങിയ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായി ഉപയോഗപ്പെടുത്താനാകും.

ഇലക്ട്രോണിക്സ് - വിവരസാങ്കേതികവിദ്യ മന്ത്രാലയം രാജ്യസഭയിൽ നൽകിയ വിവരങ്ങൾ അനുസരിച്ച്, രാജ്യത്തെ ഇന്റർനെറ്റ് ഉപയോക്താക്കളുടെ എണ്ണം 109 കോടി കടന്നു. 144 കോടിയിലധികം ആധാർ നമ്പറുകൾ സൃഷ്ടിക്കപ്പെട്ടു. പ്ലാറ്റ്ഫോമിൽ 71.66 കോടിയിലധികം രജിസ്റ്റർ ചെയ്ത ഉപയോക്താക്കളുണ്ട്. 2,822 രജിസ്റ്റർ ചെയ്ത ഇഷ്യൂവർമാർ വഴി 936.03 കോടിയിലധികം രേഖകൾ നൽകിയിട്ടുണ്ട്. നവയുഗ ഭരണനിർവഹണത്തിനായുള്ള ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ (UMANG) വഴി ആകെ 2,575 ഗവണ്മെന്റ് സേവനങ്ങൾ പൗരന്മാർക്ക് ലഭ്യമാക്കുന്നുണ്ട്.

## പിഎം സൂര്യ ഘർ സൗജന്യ വൈദ്യുതി പദ്ധതി

### 51 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചു; സൗരോർജത്തിൽ പ്രവർത്തിക്കുന്ന 28.4 ലക്ഷം കാർഷിക പമ്പുകൾ

പുനരുൽപ്പാദക ഊർജം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര ഗവണ്മെന്റ് നിരവധി പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ ശ്രമത്തിന്റെ ഭാഗമായി, 'പിഎം സൂര്യ ഘർ സൗജന്യ വൈദ്യുതി യോജന' (2024 ഫെബ്രുവരിയിൽ ആരംഭിച്ചത്) വഴി ഓഗസ്റ്റ് 10 വരെ 51.27 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചു. പദ്ധതിക്ക് കീഴിൽ, 41.76 ലക്ഷം പുരപ്പുറ സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചു. ഈ കുടുംബങ്ങൾക്ക് 28,000 കോടി രൂപയിലധികം സബ്സിഡിയായി ലഭിച്ചു. 75,000 കോടി രൂപ ബജറ്റ് വിഹിതത്തോടെ ഒരു കോടി വീടുകളിൽ പുരപ്പുറ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കാനാണു പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ, രാജ്യത്ത് സൗരോർജം പ്രോത്സാഹിപ്പിക്കുന്ന 'പിഎം-കുസും' പദ്ധതിക്ക് കീഴിൽ-28.4 ലക്ഷം ജലസേചന പമ്പുകളുടെ സൗരോർജവൽക്കരണം 2026 ജൂലൈ 31 ഓടെ പൂർത്തിയായി.



## അരുണാചൽ പ്രദേശിലെ 'ഗ്ലോ തടാകം': ഇന്ത്യയുടെ 101-ാമത് റാംസാർ കേന്ദ്രം

പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര വികസനം എന്നിവയോടുള്ള കേന്ദ്ര ഗവണ്മെന്റിന്റെ പ്രതിജ്ഞാബദ്ധതയുടെ ഫലമായി, അരുണാചൽ പ്രദേശിലെ ഗ്ലോ തടാകത്തെ സംസ്ഥാനത്തെ ആദ്യത്തെയും ഇന്ത്യയിലെ 101-ാമത്തെയും റാംസാർ കേന്ദ്രമായി പ്രഖ്യാപിച്ചു. 2014-ൽ രാജ്യത്ത് 26 റാംസാർ കേന്ദ്രങ്ങൾ മാത്രമുണ്ടായിരുന്ന സ്ഥാനത്ത്, വെറും 12 വർഷത്തിനുള്ളിൽ ഈ സംഖ്യ 101 ആയി ഉയർന്നു. കംലാങ് കടുവ സംരക്ഷണ കേന്ദ്രത്തിനും വന്യജീവി സങ്കേതത്തിനും ഉള്ളിൽ സ്ഥിതി ചെയ്യുന്ന ഗ്ലോ തടാകം, കിഴക്കൻ ഹിമാലയത്തിലെ ശുദ്ധജല തടാകവും ജൈവവൈവിധ്യത്തിന്റെ പ്രധാന കേന്ദ്രവുമാണ്. വറ്റാത്ത മലയോര അരുവികളാൽ സമൃദ്ധമായ ഈ തടാകത്തിന് ചുറ്റും ഇടതൂർന്ന സസ്യജാലങ്ങളുണ്ട്. ഈ തണ്ണീർത്തടം 150-ലധികം മരങ്ങൾക്കും 49 ഇനം ഓർക്കിഡുകൾക്കും വാസസ്ഥലമൊരുക്കുന്നു.





## സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നടപടി

### വ്യാജവും തെറ്റിദ്ധരിപ്പിക്കുന്നതുമായ 3,700-ലധികം ആപ്ലിക്കേഷനുകൾ ഗവണ്മെന്റ് തടഞ്ഞു

പൗരന്മാരുടെ സൗകര്യാർഥം ഇന്ത്യൻ സൈബർ ക്രൈം കോഓർഡിനേഷൻ സെന്റർ (I4C) നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിങ് പോർട്ടലിന് (cybercrime.gov.in) തുടക്കം കുറിച്ചു. കൂടാതെ, 2000-ത്തിലെ ഐടി ആക്ട് പ്രകാരം നടപടിയെടുത്ത്, വ്യാജ വായ്പാ ആപ്ലിക്കേഷനുകൾ ഉൾപ്പെടെ ആകെ 3,718 തട്ടിപ്പ് മൊബൈൽ ആപ്ലിക്കേഷനുകൾ തടഞ്ഞു. സാമ്പത്തിക തട്ടിപ്പുകൾ ഉടനടി റിപ്പോർട്ട് ചെയ്യാനും തട്ടിയെടുത്ത പണം നഷ്ടപ്പെടുന്നത് തടയാനുമായി 2021-ൽ 'സിറ്റിസൺ ഫിനാൻഷ്യൽ സൈബർ ഫ്രോഡ് റിപ്പോർട്ടിങ് ആൻഡ് മാനേജ്മെന്റ് സിസ്റ്റം' ആരംഭിച്ചതായി ലോക്സഭയിൽ നൽകിയ വിവരങ്ങളിൽ വ്യക്തമാക്കുന്നു. ഈ സംവിധാനത്തിലൂടെ 2026 ജൂൺ 30 വരെ 32.80 ലക്ഷത്തിലധികം പരാതികളിൽ നിന്നായി ?11,158 കോടിയിലധികം തുക സംരക്ഷിക്കാൻ സാധിച്ചു. 2026 ജൂൺ 30-ഓടെ ഗവണ്മെന്റ് 15.75 ലക്ഷത്തിലധികം സിം കാർഡുകളും 5.77 ലക്ഷം ഐഎംഇഐ നമ്പറുകളും തടഞ്ഞിട്ടുണ്ട്.







## ഭൂപ്രദേശസൂചിക അംഗീകാരമുള്ള
## മിഥില മഖാന ഓസ്ട്രേലിയയിലേക്ക്

ബിഹാറിലെ ദർഭംഗ ജില്ലയിലെ കർഷകരിൽനിന്ന് നേരിട്ട് സംഭരിച്ച, ഭൂപ്രദേശസൂചിക (GI) അംഗീകാരമുള്ള മിഥില മഖാനയുടെ 18 മെട്രിക് ടണ്ണിന്റെ ആദ്യ വാണിജ്യവിഹിതം സമുദ്രമാർഗം ഓസ്ട്രേലിയയിലേക്ക് കയറ്റി അയച്ചു. APEDA-യുടെ സഹായത്തോടെ നടന്ന ഈ കയറ്റുമതി, നിലവിലുള്ള വിപണി വിലയേക്കാൾ ഏകദേശം 18% ഉയർന്ന വരുമാനം നേടാൻ കർഷകരെ പ്രാപ്തരാക്കി. ദർഭംഗയിലെ മഖാന കർഷകരിൽ നിന്ന് ശേഖരിച്ച ഈ ഉൽപ്പന്നം, ബിഹാറിൽ നിന്നുള്ള പ്രധാന ജിഐ ഉൽപ്പന്നത്തിന്റെ അന്താരാഷ്ട്ര വിപണിയിലെ സാന്നിധ്യം ശക്തിപ്പെടുത്തുകയും കർഷകർക്ക് മികച്ച വരുമാന അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ഇന്ത്യയിലെ ആകെ മഖാന ഉൽപ്പാദനത്തിന്റെ ഏകദേശം 85 ശതമാനവും ബിഹാറിന്റെ സംഭാവനയാണ്. ഈ മേഖലയ്ക്ക് കൂടുതൽ കരുത്തേകുന്നതിനായി, മഖാനയ്ക്കുള്ള പ്രത്യേക എച്ച്എസ് കോഡ് 2025 ജൂലൈയിൽ പ്രാബല്യത്തിൽ വന്നു. 2025-26 സാമ്പത്തിക വർഷത്തിൽ, അമേരിക്ക, മധ്യപൂർവദേശം, ആഫ്രിക്ക എന്നിവയുൾപ്പെടെ 20-ലധികം അന്താരാഷ്ട്ര കേന്ദ്രങ്ങളിലേക്ക് 7,000 മെട്രിക് ടണ്ണിലധികം മഖാനയും അനുബന്ധ മൂല്യവർധിത ഉൽപ്പന്നങ്ങളും ഇന്ത്യ കയറ്റുമതി ചെയ്തു.



### ചണ്ഡീഗഢിലും ദാദ്ര നഗർ ഹവേലിയിലും ഇനി ഇ-റുപ്പി അധിഷ്ഠിത ഡിബിടി

പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജനയ്ക്ക് (PMGKAY) കീഴിലുള്ള സബ്സിഡികൾ ഇനി കേന്ദ്രഭരണ പ്രദേശങ്ങളായ ചണ്ഡീഗഢിലും ദാദ്ര നഗർ ഹവേലിയിലും e-RUPI രൂപത്തിൽ നൽകും. നിർദിഷ്ട വ്യക്തിക്കും ഉദ്ദേശിച്ച ആവശ്യത്തിനും മാത്രമായി ഉപയോഗിക്കാവുന്ന ഡിജിറ്റൽ വൗച്ചറാണ് e-RUPI. പിഎംജികെഎവൈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ഈ സബ്സിഡി നേരിട്ട് അവരുടെ ഡിജിറ്റൽ രൂപ വാലറ്റുകളിൽ ലഭിക്കും. പട്ടികപ്പെടുത്തിയിട്ടുള്ള വ്യാപാരികളിൽ നിന്ന് ധാന്യങ്ങൾ വാങ്ങാൻ മാത്രമേ ഈ പണം ഉപയോഗിക്കാൻ സാധിക്കൂ. ഈ സംവിധാനം പണമിടപാടുകളും ഇടനിലക്കാരുടെ പങ്ക് പരമാവധി കുറയ്ക്കുകയും സബ്സിഡി വിതരണത്തിലെ ക്രമക്കേടുകൾക്കുള്ള സാധ്യത ഇല്ലാതാക്കുകയും ചെയ്യും. കൂടാതെ, ഇടപാടുകൾ തത്സമയം നിരീക്ഷിക്കാൻ ഗവണ്മെന്റിന് സാധിക്കും.
ഈ സംവിധാനം
നേരത്തെ ഗുജറാത്തിലും പുതുച്ചേരിയിലും നടപ്പാക്കിയിരുന്നു.



# മോഹിപ്പിക്കുന്ന ശബ്ദത്തിലൂടെ ദശലക്ഷക്കണക്കിന് ഹൃദയങ്ങൾ കീഴടക്കിയ വനിത



*ആകർഷകമായ ശബ്ദത്തിലൂടെയും അസാധാരണമായ പ്രതിഭയിലൂടെയും ഇന്ത്യൻ സംഗീതത്തെ സമ്പന്നമാക്കിയ വ്യക്തിത്വമാണ് ആശാ ഭോസ്‌ലെ. ഏത് സംഗീതശാഖയുമായും ഇണങ്ങിപ്പോകാനുള്ള അവരുടെ അതുല്യമായ കഴിവ് ലക്ഷക്കണക്കിനു പേരുടെ ഹൃദയം കവർന്നു. ഹിന്ദി, മറാഠി, ബംഗാളി, തമിഴ്, ഗുജറാത്തി തുടങ്ങി വിവിധ ഭാഷകളിലും നാടൻപാട്ട് രംഗത്തും അവർ മായാത്ത മുദ്ര പതിപ്പിച്ചു. അവരുടെ സമാനതകളില്ലാത്ത ശബ്ദവും സംഗീതപാരമ്പര്യവും ജനഹൃദയങ്ങളിൽ എന്നും അലയടിക്കും; അവരുടെ കലാസൃഷ്ടികൾ വരുംതലമുറകൾക്ക് പ്രചോദനമായി തുടരുകയും ചെയ്യും.*





ജനനം: 1933 സെപ്റ്റംബർ 8 | മരണം: 2026 ഏപ്രിൽ 12

1933 സെപ്റ്റംബർ 8-ന് മഹാരാഷ്ട്രയിലെ സാംഗ്ലി ജില്ലയിലെ മറാഠി കുടുംബത്തിൽ ജനിച്ച ആശാ ഭോസ്‌ലെയുടെ ശബ്ദത്തിൽ സംഗീത സ്വരങ്ങൾ മാത്രമല്ല, വികാരങ്ങളുടെ തീവ്രമായ ആവിഷ്കാരം കൂടിയുണ്ടായിരുന്നു. പ്രണയത്തിന്റെ മധുരവും വിരഹത്തിന്റെ നൊമ്പരവും സന്തോഷത്തിന്റെ ഉന്മാദവും വേദനയുടെ ആഴവുമെല്ലാം അതിൽ അടങ്ങിയിരുന്നു. അവരുടെ ഗാനങ്ങൾ തലമുറകളെ കേൾക്കാൻ മാത്രമല്ല; അനുഭവിച്ചറിയാനും പഠിപ്പിച്ചു. സംഗീതജ്ഞനായ ദീനാനാഥ് മംഗേഷ്കർ ആയിരുന്നു പിതാവ്; പ്രശസ്ത ഗായികയും ഭാരതരത്ന ജേതാവുമായ ലതാ മംഗേഷ്കറായിരുന്നു മുതിർന്ന സഹോദരി. അത്തരമൊരു കുടുംബത്തിൽനിന്നുള്ള വരവ് ചെറുപ്പത്തിൽത്തന്നെ സംഗീതവുമായി ആഴത്തിലുള്ള ബന്ധം സ്ഥാപിക്കാൻ അവരെ സഹായിച്ചു. 1943-ൽ പത്താം വയസ്സിൽ പാടിത്തുടങ്ങിയ അവർ തൊണ്ണൂറാം വയസ്സു വരെ സംഗീതാലാപനം തുടർന്നു. കലാകാരി എന്ന നിലയിലും വ്യക്തി എന്ന നിലയിലും സ്വന്തം നിലപാടുകളോടെയാണ് അവർ ജീവിച്ചത്.

പോപ്പ് മുതൽ ഗസൽ വരെയും ഡിസ്കോ മുതൽ ശാസ്ത്രീയ സംഗീതം വരെയും ആശാ ഭോസ്‌ലെ സ്പർശിക്കാത്ത ഒരു സംഗീത ശാഖയുമില്ല. എട്ടു പതിറ്റാണ്ടിലേറെ നീണ്ട സംഗീത ജീവിതത്തിൽ, വിവിധ ഇന്ത്യൻ ഭാഷകളിലായി പതിനായിരക്കണക്കിന് ഗാനങ്ങൾക്ക് അവർ മധുരശബ്ദം നൽകുകയും ഇന്ത്യൻ സംഗീത ലോകത്ത് മായാത്ത മുദ്ര പതിപ്പിക്കുകയും ചെയ്തു. 12,000-ത്തിലധികം ഗാനങ്ങൾ അവർ പാടിയിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. സംഗീതലോകത്തിന് നൽകിയ അളവറ്റ സംഭാവനകൾ പരിഗണിച്ച്, പത്മവിഭൂഷൺ, ദാദാസാഹെബ് ഫാൽക്കെ അവാർഡ്, ദേശീയ ചലച്ചിത്ര അവാർഡ് തുടങ്ങി നിരവധി പ്രശസ്തമായ പുരസ്കാരങ്ങളും ദേശീയ-അന്തർദേശീയ അംഗീകാരങ്ങളും നൽകി അവരെ ആദരിച്ചിട്ടുണ്ട്. ദീർഘകാലം ഇന്ത്യൻ കലാമേഖലയെ സമ്പന്നമാക്കുന്നതിൽ അവർ വേറിട്ട പങ്കുവഹിച്ചു. അവരുടെ സ്വരത്തിന്റെ മാർദവം പോലെ ലാളിത്യവും ഊഷ്മളതയും നിറഞ്ഞതായിരുന്നു അവരുടെ പെരുമാറ്റവും. കൂടാതെ, നിരവധി ഭാഷകളിൽ പാട്ടുകൾ പാടിയതിലൂടെ ഇന്ത്യൻ സംഗീതത്തെയും സിനിമയെയും ആഗോളതലത്തിൽ ഉന്നതിയിലെത്തിക്കാൻ അവർക്ക് സാധിച്ചു.

2026 ഏപ്രിൽ 12-ന് 92-ാം വയസ്സിൽ അവർ അന്തരിച്ചു. അവരുടെ വേർപാടിൽ അനുശോചിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞതിങ്ങനെ: "ഇന്ത്യയുടെ ഏറ്റവും ജനപ്രിയവും ബഹുമുഖവുമായ ശബ്ദങ്ങളിൽ ഒന്നായ ആശാ ഭോസ്‌ലെ ജിയുടെ വേർപാടിൽ ഞാൻ അഗാധമായി ദുഃഖിക്കുന്നു. പതിറ്റാണ്ടുകൾ നീണ്ടുനിന്ന അവരുടെ അസാധാരണമായ സംഗീതയാത്ര നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെ സമ്പന്നമാക്കുകയും ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ഹൃദയങ്ങളെ സ്പർശിക്കുകയും ചെയ്തു. ഹൃദയസ്പർശിയായ ഗാനങ്ങളായാലും ചടുലമായ സംഗീതമായാലും, അവരുടെ ശബ്ദത്തിന് കാലാതീതമായ സൗന്ദര്യവും ആകർഷണവും ഉണ്ടായിരുന്നു. അവരുമായി നടത്തിയ സംഭാഷണങ്ങളുടെ ഓർമ്മകൾ ഞാൻ എപ്പോഴും കാത്തുസൂക്ഷിക്കും. അവരുടെ കുടുംബത്തിനും ആരാധകർക്കും സംഗീതപ്രേമികൾക്കും ഞാൻ അഗാധമായ അനുശോചനം അറിയിക്കുന്നു. വരും തലമുറകൾക്ക് അവർ എന്നും പ്രചോദനമായി തുടരും. അവരുടെ ഗാനങ്ങൾ ജനങ്ങളുടെ ജീവിതത്തിൽ എന്നെന്നും അലയടിക്കും."




സ്വാതന്ത്ര്യദിനത്തിന്റെ പൂർവസന്ധ്യയിൽ രാഷ്ട്രപതി ദ്രൗപദി മുർമു രാഷ്ട്രത്തോടു നടത്തിയ അഭിസംബോധന

# വികസിത ഇന്ത്യ...

## യഥാർഥ ലക്ഷ്യങ്ങൾ വികസനവും ക്ഷേമവും

*80-ാം സ്വാതന്ത്ര്യദിനത്തിന്റെ പൂർവസന്ധ്യയിൽ രാഷ്ട്രത്തോടുള്ള അഭിസംബോധനയിൽ, രാഷ്ട്രനിർമാണത്തിൽ ഓരോ പൗരന്റെയും പങ്കാളിത്തത്തിനു രാഷ്ട്രപതി ദ്രൗപദി മുർമു ഊന്നൽ നൽകി. സ്വാതന്ത്ര്യസമരസേനാനികൾക്കു ശ്രദ്ധാഞ്ജലിയർപ്പിക്കുമ്പോൾ, 2047-ഓടെ വികസിത രാഷ്ട്രമായി മാറുക എന്ന ലക്ഷ്യത്തോടെ ഇന്ത്യ മുന്നോട്ടുപോകുകയാണെന്ന് അവർ ചൂണ്ടിക്കാട്ടി. യുവാക്കൾ, സ്ത്രീകൾ, കർഷകർ, ശാസ്ത്രജ്ഞർ, തൊഴിലാളികൾ, കായികതാരങ്ങൾ, സുരക്ഷാ സേനകൾ, സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ എന്നിവരുടെ സംഭാവനകൾ അംഗീകരിച്ച്, ഭരണഘടനയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും അവരുടെ അടിസ്ഥാന കടമകൾ നിറവേറ്റാനും അവർ പൗരന്മാരോട് ആഹ്വാനം ചെയ്തു.*

### സ്വാതന്ത്ര്യത്തിന്റെ യഥാർഥ അർഥം

എല്ലാ പൗരന്മാരും സ്വതന്ത്ര ഇന്ത്യയുടെ ഭാഗധേയത്തിന്റെ ശിൽപ്പികളായി മാറണം. നമ്മുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്താനും ഇന്ത്യയെ ഏറ്റവും മികച്ച രാഷ്ട്രമാക്കുക എന്ന ചിന്തയോടെ പ്രവർത്തിക്കാനും 'ഇന്ത്യയിലെ ജനങ്ങളായ നമുക്ക്' സാധിക്കുന്നതിലാണ് സ്വാതന്ത്ര്യത്തിന്റെ യഥാർഥ അർഥം കുടികൊള്ളുന്നത്.

### വികസിത ഇന്ത്യ പടുത്തുയർത്തൽ

നമ്മുടെ സ്വാതന്ത്ര്യത്തിന്റെ ശതാബ്ദി വർഷമായ 2047-ഓടെ വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിലേക്കു നാം മുന്നേറുകയാണ്. അന്ത്യോദയ എന്ന ചിന്തയാൽ നയിക്കപ്പെടുന്ന നാം, വികസനത്തിന്റെ നേട്ടങ്ങൾ ഓരോ വ്യക്തിയിലേക്കും എത്തുന്നുവെന്ന് ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധരാണ്. നമ്മുടെ സമൃദ്ധമായ പാരമ്പര്യവും സ്വാതന്ത്ര്യസമരത്തിന്റെ ദർശനങ്ങളും ഉൾക്കൊണ്ട് നാം ആധുനിക വികസനത്തിന്റെ പാതയിൽ മുന്നേറുന്നു. 'വയം രാഷ്ട്രേ ജാഗൃയാമ' എന്ന വേദസൂക്തം എപ്പോഴും ജാഗരൂകരായിരിക്കാനും രാഷ്ട്രത്തിനായി സ്വയം സമർപ്പിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നു.

### സ്വാതന്ത്ര്യസമര സേനാനികൾക്കു ശ്രദ്ധാഞ്ജലി

നമ്മുടെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത വ്യത്യസ്ത ആശയധാരകൾ വച്ചുപുലർത്തിയിരുന്ന ജനങ്ങൾ പങ്കുവച്ചത് ഒരൊറ്റ ലക്ഷ്യമായിരുന്നു: ഇന്ത്യയുടെ സ്വാതന്ത്ര്യം. 'സ്വദേശി പ്രസ്ഥാന'കാലത്ത് 'വന്ദേമാതരം' ജനങ്ങളുടെ മന്ത്രമായി മാറി. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ അസംഖ്യം പൗരന്മാർ സ്വാതന്ത്ര്യസമരത്തിൽ പങ്കുചേർന്നു. ബാബാസാഹെബ് ഡോ. ഭീംറാവു അംബേദ്കർ സാമൂഹ്യ പരിഷ്കരണത്തിന്റെയും രാഷ്ട്രസേവനത്തിന്റെയും ഉന്നത മാതൃകകൾ കാട്ടിത്തന്നു. നമ്മുടെ രാജ്യത്തെ സ്വാതന്ത്ര്യത്തിലേക്കും പുരോഗതിയിലേക്കും നയിച്ച ആ മഹത്തായ ഭാരതാംബയുടെ എല്ലാ മക്കൾക്കും മുന്നിൽ ഞാൻ ആദരവോടെ ശിരസ്സ് നമിക്കുന്നു.

### വിഭജന ഭീകരതയുടെ ഓർമദിനം

ഓഗസ്റ്റ് 14 നാം 'വിഭജന ഭീകരതയുടെ ഓർമദിനം' ആയി ആചരിക്കുന്നു. വിഭജനവുമായി ബന്ധപ്പെട്ടുണ്ടായ അക്രമങ്ങളിൽ ജീവൻ നഷ്ടപ്പെടുകയോ നിർബന്ധിതമായി ആട്ടിപ്പായിക്കപ്പെടലിന്റെ ദുരന്തം അനുഭവിക്കേണ്ടിവരികയോ ചെയ്ത ദശലക്ഷക്കണക്കിന് സഹോദരങ്ങളെ നാം

ഓർക്കുന്നു. വർഗീയ അക്രമങ്ങൾ കാരണം, ദശലക്ഷക്കണക്കിനുപേർ അഭയാർഥികളാകാനും വിഭജനത്തിന്റെ ഭീകരത അനുഭവിക്കാനും നിർബന്ധിതരായി. എന്നിരുന്നാലും, അവർ സ്വത്വം കൈവിട്ടില്ല.

**പ്രചോദനാത്മകമായ നേട്ടം**

'ഇന്ത്യയിലെ ജനങ്ങൾ' ചേർന്ന് രൂപം നൽകിയ നമ്മുടെ ഭരണഘടന, പൗരന്മാരുടെ പങ്കാളിത്തത്തിലാണ് അധിഷ്ഠിതമായിരിക്കുന്നത്. ജനാധിപത്യത്തിന്റെ മാതാവായ ഇന്ത്യയിലെ ജനങ്ങൾക്കിടയിൽ ജനപങ്കാളിത്തമെന്ന ചിന്ത എപ്പോഴുമുണ്ട്. നമ്മുടെ പൗരന്മാർ നവോന്മേഷത്തോടെ ഈ ചിന്തയെ മുന്നോട്ട് നയിക്കുകയാണ്. ജനപങ്കാളിത്തത്തിലൂടെ ദേശീയ യജ്ഞങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നു.

**വനിതകളുടെ സാമ്പത്തിക സ്വയംപര്യാപ്തത**

വിദ്യാഭ്യാസ രംഗത്ത് നമ്മുടെ പെൺമക്കൾ മികച്ച പ്രകടനമാണ് കാഴ്ചവയ്ക്കുന്നത്. അതോടൊപ്പം, കാർഷിക ഉൽപ്പാദനം വർധിപ്പിക്കുന്നതിന് സംഭാവന നൽകുന്ന 'ഡ്രോൺ ദീദിമാർ' മുതൽ വ്യോമസേനയിലെ ഫൈറ്റർ കോംബാറ്റ് ലീഡർമാരാകുന്ന വനിതകൾ വരെ, വിവിധ മേഖലകളിൽ അവരുടെ പങ്കാളിത്തം വർധിച്ചുവരികയാണ്. ഗ്ലാസ്ഗോയിൽ നടന്ന കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യ നേടിയ ആകെ 13 സ്വർണമെഡലുകളിൽ 8 എണ്ണവും നമ്മുടെ പെൺമക്കളാണ് കരസ്ഥമാക്കിയത്. വനിതകളുടെ സാമ്പത്തിക സ്വയംപര്യാപ്തത വർധിച്ചു വരികയാണ്.

**നാരീശക്തി വന്ദൻ അധിനിയമം**

വിവിധ മേഖലകളിൽ വനിതകൾ നേതൃത്വം നൽകി വരുന്നു. വോട്ടെടുപ്പിൽ വനിതകളുടെ പങ്കാളിത്തം വർധിച്ചുവരുന്നത് നമ്മുടെ റിപ്പബ്ലിക്കിന്റെ ശ്രദ്ധേയമായ വിജയമാണ്. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും വനിതകൾക്ക് 33 ശതമാനം സംവരണം ഏർപ്പെടുത്തുന്നതിനായി 2023-ൽ 'നാരീശക്തി വന്ദൻ അധിനിയമം' പാസാക്കി.

**യുവാക്കൾ: ഏറ്റവും മൂല്യമുള്ള സമ്പത്ത്**

രാജ്യത്തെ ആകെ ജനസംഖ്യയുടെ 65 ശതമാനവും 35 വയസ്സിന് താഴെയുള്ളവരാണ്. ഈ യുവജനസംഖ്യയാണ് നമ്മുടെ ഏറ്റവും മൂല്യമുള്ള സമ്പത്ത്. നമ്മുടെ രാജ്യത്തെ യുവാക്കൾ കഴിവുറ്റവരും പ്രതിജ്ഞാബദ്ധരും നൈപുണ്യമുള്ളവരുമാണ്. ഗ്രാമീണ തലത്തിൽ വിവിധ വിഷയങ്ങൾക്ക് യുവാക്കൾ കണ്ടെത്തുന്ന നൂതനവും പ്രായോഗികവുമായ പരിഹാരങ്ങൾ കാണുന്നത്, സമൂഹത്തോടും രാഷ്ട്രത്തോടുമുള്ള അവരുടെ പ്രതിജ്ഞാബദ്ധതയുടെ നേർക്കാഴ്ച നൽകുന്നു.

**യുവാക്കൾക്കായി പുതിയ അവസരങ്ങളുടെ പെരുമഴ**

ഗവൺമെന്റ് ഉദ്യമങ്ങളും പുതിയ സാമ്പത്തിക പ്രവർത്തനങ്ങളും യുവാക്കൾക്കായി വിപുലമായ പുതിയ അവസരങ്ങളാണ് സൃഷ്ടിക്കുന്നത്. ഈ അവസരങ്ങളെക്കുറിച്ച് കൃത്യമായി മനസ്സിലാക്കുന്നതിലൂടെ നമ്മുടെ ചെറുപ്പക്കാർക്ക് വിജയത്തിലേക്ക് പുതിയ പാതകൾ വെട്ടിത്തെളിക്കാൻ സാധിക്കും. നമ്മുടെ യുവാക്കളുടെ ശാരീരികവും മാനസികവുമായ ക്ഷേമമാണ് രാഷ്ട്രത്തിന്റെ ഭാവിയുടെ അടിത്തറ.



### വിദ്യാർഥികൾ: ഇന്ത്യയുടെ ഭാവിയുടെ ശിൽപ്പികൾ

നമ്മുടെ വിദ്യാർഥികളാണ് ഇന്ത്യയുടെ ഭാവിയുടെ ശിൽപ്പികൾ. ദേശീയ സുരക്ഷയ്ക്കായി ഗവൺമെന്റും സമൂഹവും ഒന്നിച്ചുനിൽക്കേണ്ടത് എത്രത്തോളം അനിവാര്യമാണോ, അതുപോലെ തന്നെ നമ്മുടെ വിദ്യാർഥികളുടെ വർത്തമാനവും ഭാവിയും സുരക്ഷിതമാക്കാൻ കൂട്ടായ പരിശ്രമം അത്യാവശ്യമാണ്. പൊതുപരീക്ഷകൾ വിദ്യാർഥികൾക്ക് അവസരങ്ങളുടെ വാതിലുകൾ തുറന്നുനൽകുന്നു; അതിനാൽ, ഈ പരീക്ഷകളിൽ പരിഷ്കാരങ്ങൾ വരുത്താൻ ഗവൺമെന്റ് സമഗ്ര നടപടികൾ കൈക്കൊള്ളുന്നുണ്ട്. പൊതുപരീക്ഷകളിലെ ക്രമക്കേടുകൾ പൂർണമായി തടയുകയും പരീക്ഷാസമ്പ്രദായം കൂടുതൽ സുതാര്യവും സുരക്ഷിതവും യുവാക്കൾക്ക് വിശ്വാസയോഗ്യവുമാക്കുകയുമാണ് ഈ പരിഷ്കാരങ്ങളുടെ ലക്ഷ്യം.

നമ്മുടെ യുവാക്കൾ ആവേശത്തോടെ മുന്നേറുന്നുവെന്ന് ഉറപ്പാക്കേണ്ടത് കുടുംബങ്ങളുടെയും സമൂഹത്തിന്റെയും ഉത്തരവാദിത്വമാണ്.

**മുതിർന്ന പൗരന്മാർക്കായുള്ള നടപടികൾ**

മുതിർന്ന പൗരന്മാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഗവൺമെന്റ് നിരവധിയായ ഘട്ടങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. 70 വയസ്സും അതിൽ കൂടുതലുമുള്ള ഏകദേശം 6 കോടി മുതിർന്ന പൗരന്മാർക്ക് പ്രതിവർഷം 5 ലക്ഷം രൂപ വരെ വിലമതിക്കുന്ന സൗജന്യ ആരോഗ്യപരിചരണ സൗകര്യങ്ങൾ ലഭ്യമാണ്.

**നക്സൽ ബാധിത മേഖലകളിൽ ആവേശത്തിന്റെ അന്തരീക്ഷം**

ഇന്ത്യയെ നക്സലിസത്തിൽനിന്ന് മുക്തമാക്കുക എന്നത് വലിയ നേട്ടമാണ്. ഒരുകാലത്ത് നക്സലിസം ബാധിച്ചിരുന്ന മേഖലകളിൽ ഇപ്പോൾ ആവേശത്തിന്റെ അന്തരീക്ഷം നിലനിൽക്കുകയും സർവതലസ്പർശിയായ വികസന തരംഗം ഒഴുകുകയും ചെയ്യുന്നു. ബസ്തർ ഒളിമ്പിക്സിൽ കായികതാരങ്ങൾ പങ്കെടുക്കുകയും ബസ്തർ പണ്ഡുമിൽ കലാകാരന്മാർ പ്രകടനം നടത്തുകയും ചെയ്തു. ഈ പരിപാടികൾക്ക് വൻ ജനപങ്കാളിത്തമാണ് ഉണ്ടായത്.

**സർദാർ വല്ലഭ്ഭായ് പട്ടേൽ: ആധുനിക ഇന്ത്യയുടെ ഐക്യത്തിന്റെ ശിൽപ്പി**

നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ, സംയോജിപ്പിക്കൽ.സ്വതന്ത്ര ജനാധിപത്യത്തിൽ നാട്ടുരാജ്യ വ്യവസ്ഥ അവസാനിപ്പിക്കുകയും അവയെ നമ്മുടെ രാജ്യത്തോട്



കൂട്ടിച്ചേർക്കുകയും ചെയ്ത സർദാർ പട്ടേലിന്, ആധുനിക ഭാരതത്തിന്റെ ഐക്യത്തിന്റെ ശില്പിയായ 'ഉരുക്കു മനുഷ്യൻ' സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ പവിത്രമായ സ്മരണയ്ക്ക് മുൻപിൽ, നന്ദിയുള്ള ഒരു രാഷ്ട്രത്തിനുവേണ്ടി ഞാൻ ആദരവോടെ പ്രണാമം അർപ്പിക്കുന്നു.

**വിദ്യാഭ്യാസ രംഗത്ത് പുതിയ നാഴികക്കല്ലുകൾ**

നമ്മുടെ സഹപൗരന്മാർ മഹാത്മാ ജ്യോതിബാ ഫൂലെയുടെ 200-ാം ജന്മവാർഷികം ആഘോഷിക്കുകയാണ്. മഹാത്മാ ഫൂലെയും ക്രാന്തി-ജ്യോതി സാവിത്രിഭായ് ഫൂലെയും സാമൂഹിക നീതി, വിദ്യാഭ്യാസം, സ്ത്രീശാക്തീകരണം, സമത്വം എന്നീ മേഖലകളിൽ ചരിത്രപരമായ സംഭാവനകൾ നൽകിയിട്ടുണ്ട്. അവരുടെ ആശയങ്ങളാൽ നയിക്കപ്പെട്ട്, സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ഉന്നമനത്തിന് അടുത്തകാലത്തായി ദേശീയ മുൻഗണന നൽകിയിട്ടുണ്ട്. സ്ത്രീവിദ്യാഭ്യാസ രംഗത്ത് വിജയത്തിന്റെ പുതിയ നാഴികക്കല്ലുകൾ സ്ഥാപിക്കപ്പെട്ടു.

**നമ്മുടെ വിദേശനയത്തിന്റെ സ്തംഭങ്ങളായി 'വസുധൈവ കുടുംബകം' എന്ന ആശയം**

നമ്മുടെ വിദേശനയം ദേശീയ താൽപ്പര്യങ്ങളിൽ അധിഷ്ഠിതമാണ്. സമാധാനം, സഹകരണം, സംവാദം, വസുധൈവ കുടുംബകം (ലോകം ഒരു കുടുംബമാണ്) എന്നീ ആശയങ്ങൾ നമ്മുടെ വിദേശനയത്തിന്റെ സ്തംഭങ്ങളായി വർത്തിക്കുന്നു. സാമ്പത്തിക സഹകരണം വർദ്ധിപ്പിക്കുന്നതിനും പരസ്പര ബന്ധം ദൃഢമാക്കുന്നതിനുമായി നമ്മൾ നിരവധി രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

**നമ്മുടെ അപാരമായ ശേഷിയുടെ പ്രതീകങ്ങൾ**

ദേശീയ അഭിമാനം സംരക്ഷിക്കുന്നതിനായി നിർമ്മിച്ച മറാത്ത സൈനിക പാരമ്പര്യവുമായി ബന്ധപ്പെട്ട പന്ത്രണ്ട് കോട്ടകൾ കഴിഞ്ഞ വർഷം യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടം നേടി. ഈ വർഷം, ബുദ്ധഭഗവാന്റെ പ്രഥമ പ്രഭാഷണം സ്ഥലമായ സാരനാഥ് യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭാരതം ബുദ്ധഭഗവാനുമായി ബന്ധപ്പെട്ട ആത്മീയ സ്മാരകങ്ങളുടെ മാത്രം ഭൂമിയല്ല, സ്വാഭിമാനത്തിനും മഹത്തായ പാരമ്പര്യങ്ങൾക്കും വേണ്ടി പോരാടാനുള്ള ശേഷിയുടെ പ്രതീകം കൂടിയാണ്.

**പരിസ്ഥിതി സംരക്ഷണത്തിൽ ആഗോളതലത്തിലെ മുൻനിര സംഭാവനകൾ**

ആധുനിക വികസനത്തിന്റെ പാതയിൽ മുന്നേറുമ്പോൾ തന്നെ, പരിസ്ഥിതി സംരക്ഷണത്തിനും ഇന്ത്യ പ്രധാനപ്പെട്ട ആഗോള സംഭാവനകൾ നൽകുന്നുണ്ട്. 2030-ലേക്കുള്ള ചില സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയപരിധിക്കും മുൻപേ നമ്മുടെ രാജ്യം കൈവരിച്ചു. പുനരുപയോഗ ഊർജ്ജത്തിന്റെ വികസനം അടുത്തകാലത്തായി അഭൂതപൂർവ്വമായ വേഗത കൈവരിച്ചിട്ടുണ്ട്.

**പുതിയ തൊഴിലവസരങ്ങളുടെ സൃഷ്ടി**

നമ്മുടെ രാജ്യം ഹൈവേകൾ, ജലപാതകൾ, റെയിൽവേ, വ്യോമപാതകൾ എന്നിവയിലുടനീളം ആധുനിക അടിസ്ഥാന സൗകര്യങ്ങളുടെ അഭൂതപൂർവ്വമായ വിപുലീകരണത്തിന് സാക്ഷ്യം വഹിച്ചു. ഇത് പുതിയ സംരംഭങ്ങൾക്ക് അവസരങ്ങൾ സൃഷ്ടിക്കുകയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും നിക്ഷേപകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

# 2047–ലേക്കുള്ള നിശ്ചയദാർഢ്യം;

## സപ്തധാരയുടെ കരുത്ത്



*ചെങ്കോട്ടയുടെ കൊത്തളങ്ങളിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തെ അഭിസംബോധന ചെയ്തപ്പോൾ, കഴിഞ്ഞ 12 വർഷത്തെ ഭാരതത്തിന്റെ വികസന യാത്രയെക്കുറിച്ചുള്ള സ്വാഭാവികമായ സംതൃപ്തി മാത്രമല്ല, ദിവ്യവും ആധുനികവുമായ ഒരു ഭാരതം കെട്ടിപ്പടുക്കാനുള്ള ദൃഢനിശ്ചയവും അവിടെ പ്രകടമായിരുന്നു. ഒരു രാജ്യത്തിന്റെ നേതൃത്വം ജനങ്ങളോട് സംവേദനക്ഷമതയുള്ളതാകുമ്പോൾ, അതിന്റെ വികസനം വെറും സ്ഥിതിവിവരക്കണക്കുകളിൽ മാത്രം ഒതുങ്ങിനിൽക്കില്ല; മറിച്ച്, രാജ്യത്തെ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കാനുള്ള കൂട്ടായ ഇച്ഛാശക്തിയും അതോടൊപ്പം ഉണ്ടാകുന്ന സംതൃപ്തിയും പൗരന്മാരിൽ നൂതനാശയങ്ങളുടെയും നവീകരണത്തിന്റെയും മനോഭാവം ഉണർത്തുന്നു. 'രാഷ്ട്രം ആദ്യം' എന്ന മന്ത്രത്താൽ നയിക്കപ്പെട്ട് കഴിഞ്ഞ 12 വർഷത്തിനിടയിൽ ഇന്ത്യ രചിച്ച വികസനത്തിന്റെ പുതിയ അധ്യായം, 2047–ഓടെ ഭാരതത്തെ വികസിത രാഷ്ട്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തിന്റെ ആധാരശിലയായി മാറിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ, ഇത്തവണ ഓഗസ്റ്റ് 15–ന് പ്രധാനമന്ത്രി മോദി വികസനത്തിന്റെ പുതിയ 'സപ്തധാര'യ്ക്ക് ആഹ്വാനം ചെയ്തു. ഇതുവഴി, അദ്ദേഹത്തിന്റെ 13–ാമത് അഭിസംബോധന ഭാവിയിലേക്കുള്ള രാഷ്ട്രത്തിന്റെ അനസ്യൂത പ്രയാണത്തിനുള്ള ശക്തമായ ആഹ്വാനമായി മാറി.*





वन्दे मातरम्।
सुजलाम् सुफलाम्
मलयजशीतलाम्,
शस्यशामलाम् मातरम्।
वन्दे मातरम्।।

शुभ्रज्योत्स्ना पुलकितयामिनीम्,
फुल्लकुसुमित
द्रुमदलशोभिनीम्,
सुहासिनीम् सुमधुरभाषिणीम्,
सुखदाम् वरदाम् मातरम्।
वन्दे मातरम्।

ഈ സ്വാതന്ത്ര്യദിനത്തിൽ, ആഘോഷങ്ങൾക്കായി പ്രധാനമന്ത്രി നരേന്ദ്ര മോദി ചുവപ്പുകോട്ടയിൽ എത്തിയപ്പോൾ, 'വന്ദേമാതര'ത്തിന്റെ ആവേശവും കൂട്ടായ നിശ്ചയദാർഢ്യവും നിറഞ്ഞ അന്തരീക്ഷം ഒരു നവോന്മേഷം പ്രസരിപ്പിച്ചു. ചുവപ്പുകോട്ടയുടെ കൊത്തളങ്ങളിൽ നിന്ന് ആദ്യമായി മുഴങ്ങിക്കേട്ട ദേശീയ ഗീതം, നമ്മുടെ മനോഹരമായ പാരമ്പര്യത്തെ ആദരിക്കാനുള്ള അവസരം മാത്രമല്ല, മറിച്ച് സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ദൃശ്യമായ ആവേശത്തിന് സമാനമായി 140 കോടി പൗരന്മാരെ പ്രചോദിപ്പിച്ച ഒരു നിമിഷം കൂടിയായി മാറി. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലും, ഭാരതീയ സ്വത്വത്തെയും ദേശീയതയെയും ഉണർത്തിയ ഗീതമായി 'വന്ദേമാതരം' ഉയർന്നുവന്നിരുന്നു. ഇന്ന്, 21-ാം നൂറ്റാണ്ടിലെ ഇന്ത്യ അതിന്റെ മഹത്തായ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി മുന്നേറുമ്പോൾ, യുവശക്തി അതിന് നിർണ്ണായക നേതൃത്വം നൽകുന്നു. ഈ കാരണം കൊണ്ടാണ്, 'വികസിത ഭാരതം@2047' ലേക്കുള്ള യാത്രയിൽ ചുവപ്പുകോട്ടയിലെ ഈ വർഷത്തെ സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ പ്രമേയം 'വന്ദേമാതരത്തിന്റെ 150 വർഷങ്ങളും' 'യുവശക്തി'യും ആയിരുന്നത്.

ഒരു ചടങ്ങ് യുവാക്കൾക്കായി സമർപ്പിക്കപ്പെടുമ്പോൾ, 'നവ ഭാരതം' പുരോഗതിയുടെ പുതിയൊരു ചരിത്രം രചിക്കാൻ സജ്ജമായിരിക്കുന്നു എന്നാണ് സൂചിപ്പിക്കുന്നത്. ഈ പശ്ചാത്തലത്തിൽ, ചുവപ്പുകോട്ടയുടെ കൊത്തളങ്ങളിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമായ ഒരു സന്ദേശം നൽകി: 'വികസിത ഭാരതം' എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഭാരതത്തിലെ യുവാക്കൾ സജ്ജരാണ്.

### വികസിത ഭാരതത്തിന്റെ ചാലകശക്തിയായി ഉയർന്നു വരുന്ന യുവത്വം

ഇന്ന്, ഇന്ത്യയിലെ യുവാക്കളുടെ അഭിലാഷങ്ങൾ പുതിയ ഉയരങ്ങളിലേക്ക് കുതിക്കുകയാണ്. ലോകത്തിലെ ഏറ്റവും കൂടുതൽ യുവജനസംഖ്യയുള്ള രാജ്യമെന്ന നിലയിൽ, ഭാരതം വികസനത്തിന്റെ ചാലകശക്തിയായി മാറിയിരിക്കുന്നു. ഭാരതീയ യുവാക്കൾ കേവലം തൊഴിൽ അന്വേഷകരിൽ നിന്ന് തൊഴിൽ ദാതാക്കളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യ ഇപ്പോൾ ആഗോളതലത്തിൽ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ സ്ഥാപിച്ചുകഴിഞ്ഞു. ശരിയായ അർത്ഥത്തിൽ, യുവാക്കൾ 'വികസിത ഭാരതത്തിന്റെ' ചാലകങ്ങളായി മാറിയിരിക്കുന്നു. കഴിഞ്ഞ 12 വർഷത്തിനിടയിൽ, കേന്ദ്ര ഗവൺമെന്റ് വിദ്യാഭ്യാസത്തിലും നൈപുണ്യ വികസനത്തിലും സംരംഭകത്വത്തിലും യുവാക്കൾക്കായി അനേകം അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ കാലയളവിൽ, തൊഴിൽ മേളകളിലൂടെ 12 ലക്ഷത്തിലധികം നിയമന ഉത്തരവുകൾ വിതരണം ചെയ്തു. 'വികസിത ഭാരതം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി, സെമികണ്ടക്ടർ നിർമ്മാണം, നിർമ്മിതി ബുദ്ധി, നൂതനാശയം എന്നിവയ്ക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്; അതേസമയം ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഉപയോഗം പ്രധാനമന്ത്രി മോദിയുടെ സദ്ഭരണത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു. ഇന്ന്, ശാസ്ത്രവും സാങ്കേതികവിദ്യയും സദ്ഭരണത്തിന്റെ അവശ്യ ഘടകങ്ങളാണ്.

80-ാമത് സ്വാതന്ത്ര്യദിനാഘോഷങ്ങൾ യുവാക്കളുടെ കഴിവുകളെ അംഗീകരിക്കുന്നതിന് മാത്രമല്ല, അവരെ ആദരിക്കുന്നതിനുമുള്ള പ്രത്യേക അവസരമായി മാറി. ലോകത്തിലെ ഏറ്റവും കൂടുതൽ ചെറുപ്പക്കാരുള്ള രാജ്യമായ ഭാരതം വലിയ പ്രതീക്ഷകൾ പുലർത്തുമ്പോൾ, കഴിഞ്ഞ 12 വർഷത്തിനിടെ എണ്ണമറ്റ പദ്ധതികളിലൂടെ കേന്ദ്ര ഗവൺമെന്റ് ഈ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകി. ഈ ആഘോഷങ്ങൾക്കിടയിൽ ആദ്യമായി, ചുവപ്പുകോട്ടയിൽ വെച്ച് യുവാക്കൾക്ക് പ്രത്യേക അംഗീകാരം നൽകപ്പെട്ടു. ഭൗതിക ശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഗണിതശാസ്ത്രം എന്നിവയ്ക്കുള്ള അന്താരാഷ്ട്ര ഒളിമ്പ്യാഡുകളിൽ (2026) മെഡലുകൾ നേടിയ 19 വിദ്യാർത്ഥികളുടെ നേട്ടങ്ങൾ ശാസ്ത്ര രംഗത്തെ യുവശക്തിയുടെ വിജയത്തിന് തെളിവായി നിലകൊള്ളുന്നു. ഈ വിദ്യാർത്ഥികൾക്ക് ചുവപ്പുകോട്ടയുടെ കൊത്തളങ്ങളിൽ പ്രത്യേക ആദരവ് നൽകി. രാജ്യത്തെ ഉന്നത നേതൃത്വം യുവാക്കളോട് കാണിക്കുന്ന ഈ പ്രത്യേക പരിഗണന, ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിനുള്ള അതുല്യമായ ഉദ്യമത്തിന്റെ ഉദാഹരണമാണ്. ഈ ചടങ്ങിൽ യുവ ഇന്നൊവേറ്റർമാർ, പ്രധാനമന്ത്രിയുടെ ഇന്റേൺഷിപ്പ് പദ്ധതിയിലെ മികച്ച പരിശീലനാർത്ഥികൾ, മാതൃകാപരമായ സ്റ്റാർട്ടപ്പുകൾ, പ്രധാനമന്ത്രി കൗശൽ വികാസ് യോജനയ്ക്ക് കീഴിൽ പരിശീലനം ലഭിച്ച യുവാക്കൾ, 'മൈ ഭാരത്'-ൽ നിന്നുള്ള മികച്ച വോളന്റിയർമാർ, പ്രധാൻ മന്ത്രി നമസ്തെ, പിഎം-അജയ്, സീഡ് തുടങ്ങിയ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കൾ എന്നിവരും പങ്കെടുത്തു. 'നവ ഭാരതം' എങ്ങനെയാണ് തങ്ങളുടെ യുവാക്കളുടെയും സമൂഹത്തിലെ മറ്റ് വിഭാഗങ്ങളുടെയും അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നത് എന്ന് ഇത് തെളിയിക്കുന്നു.





**വന്ദേമാതരം... മഹത്തായ പൈതൃകത്തിൽ നിന്ന് വികസിത ഭാരതത്തിലേക്കുള്ള യാത്ര**

ചുവപ്പുകോട്ട 'വന്ദേമാതര' ആലാപനത്തിന് മാത്രമല്ല സാക്ഷ്യം വഹിച്ചത്; പുഷ്പാലങ്കാരങ്ങൾ മുതൽ കൊത്തളങ്ങൾക്ക് മുന്നിലെ 'ഗ്യാൻപഥിൽ' വോളന്റിയർമാർ അണിനിരന്ന് 'വന്ദേമാതരം' എന്ന് ആലേഖനം ചെയ്ത രൂപരേഖ വരെയുണ്ടായിരുന്ന അന്തരീക്ഷം തികച്ചും മനോഹരമായിരുന്നു. ഭാരതീയ വ്യോമസേനയുടെ Mi-17 ഹെലികോപ്റ്റർ 'വന്ദേമാതരത്തിന്റെ' 150 വർഷങ്ങൾ സ്മരിക്കുന്ന പ്രത്യേക ബാനറുമായി മുകളിലൂടെ പറക്കുകയും ചുവപ്പുകോട്ടയിലെ സദസ്സിന് മേൽ പുഷ്പവൃഷ്ടി നടത്തുകയും ചെയ്തു. ഇത് ഈ ഗാനത്തിന്റെ 150-ാം വാർഷിക ആഘോഷം മാത്രമായിരുന്നില്ല; 'നവ ഭാരതത്തിനുള്ള' വ്യക്തമായ സന്ദേശം കൂടിയാണ് നൽകിയത്. 'വന്ദേമാതരം' ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരത്തിന്റെ പ്രതീകമായി മാറിയതുപോലെ, വികസിത ഭാരതം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിൽ പുതിയ ചിന്തകൾക്കും മുന്നോട്ട് കുതിക്കാനുള്ള പ്രചോദനത്തിനും ഇത് ഇനി വഴികാട്ടിയാകും. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലെ ബൗദ്ധികവും സാഹിത്യപരവുമായ അന്തരീക്ഷത്തിൽ നിന്ന് ഉയർന്നുവന്ന വന്ദേമാതരം, സാഹിത്യത്തിന്റെ അതിർവരമ്പുകൾ ലംഘിച്ച് കൊളോണിയൽ വിരുദ്ധ പ്രതിരോധത്തിന്റെയും കൂട്ടായ അഭിലാഷങ്ങളുടെയും ശക്തമായ പ്രതീകമായി മാറി. ഈ ചടങ്ങ് ബങ്കിം ചന്ദ്ര ചതോപാധ്യായയുടെ കാഴ്ചപ്പാടിന്റെ പ്രസക്തി ആവർത്തിച്ചുറപ്പിക്കുക മാത്രമല്ല, ആധുനിക ഭാരതത്തിൽ ദേശീയത, ഐക്യം, സാംസ്കാരിക അവബോധം എന്നിവ രൂപപ്പെടുത്തുന്നതിൽ ഈ ഗാനത്തിന്റെ പങ്കിനെക്കുറിച്ചുള്ള ചിന്തകൾക്ക് വഴിയൊരുക്കുകയും ചെയ്യുന്നു.

ഈ കാരണം കൊണ്ടാണ്, 80-ാമത് സ്വാതന്ത്ര്യദിനത്തിൽ പ്രധാനമന്ത്രി മോദി ഭാവിയിലേക്ക് ചുവടുവെക്കാൻ മാത്രമല്ല, ഒരു വലിയ കുതിച്ചുചാട്ടത്തിന് രാജ്യം സജ്ജമാണെന്ന് സൂചിപ്പിക്കുന്ന നിരവധി ധീരമായ പ്രഖ്യാപനങ്ങൾ നടത്തിയത്. ചുവപ്പുകോട്ടയുടെ കൊത്തളങ്ങളിൽ നിന്നുള്ള പ്രധാനമന്ത്രി മോദിയുടെ തുടർച്ചയായ 13-ാമത് അഭിസംബോധന രാജ്യത്തിന്റെ വിശ്വാസത്തിന്റെ തെളിവായി നിലകൊള്ളുന്നു-ആ കൊത്തളങ്ങളിൽ നിന്ന് നടത്തുന്ന ഓരോ പ്രഖ്യാപനവും സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുതയിൽ വേരൂന്നിയ ഒരു വിശ്വാസം.

**സമഗ്രവികസനവും ശാശ്വത പരിഹാരങ്ങളും**

വികസനത്തിന്റെ ഈ 12 വർഷത്തെ യാത്രയുടെ ഏറ്റവും പ്രധാനപ്പെട്ട വശം, ഒരിക്കൽ പരിഹരിക്കാനാകാത്തതും പതിറ്റാണ്ടുകളായി വിധിക്ക് വിട്ടുകൊടുത്തതുമായ പ്രശ്നങ്ങൾക്കിപ്പോൾ ശാശ്വത പരിഹാരം കണ്ടെത്തി എന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ "സബ്കാ സാഥ്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ്" എന്ന മാർഗ്ഗദർശക മന്ത്രത്തിന്റെ പിന്തുണയോടെയുള്ള ദൃഢനിശ്ചയവും ഇച്ഛാശക്തിയുമാണ് പ്രധാനമന്ത്രി മോദിയുടെ മുഖമുദ്ര. ജമ്മു കശ്മീരിലെ ആർട്ടിക്കിൾ 370 റദ്ദാക്കലാകട്ടെ, ഗാർഹിക ശൗചാലയങ്ങളുടെ നിർമ്മാണമാകട്ടെ, ഉജ്ജ്വല യോജന വഴി ശുദ്ധമായ പാചകവാതക ലഭ്യതയാകട്ടെ, 'നൽ സേ ജൽ' പദ്ധതിയാകട്ടെ, തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതികളാകട്ടെ, അല്ലെങ്കിൽ 60 കോടിയിലധികം ആളുകൾക്ക് 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ നൽകുന്ന ആയുഷ്മാൻ ഭാരത് ആകട്ടെ-ഭാരതം നിരന്തരം വിജയത്തിന്റെ പുതിയ അധ്യായങ്ങൾ രചിച്ചുകൊണ്ടിരിക്കുകയാണ്.



ഹൈവേകൾ, റെയിൽവേ, വിമാനത്താവളങ്ങൾ, ജലപാതകൾ എന്നിവയുടെ അഭൂതപൂർവ്വമായ വിപുലീകരണത്തിന് രാജ്യം സാക്ഷ്യം വഹിച്ചു. വന്ദേ ഭാരത് എക്സ്പ്രസ് റെയിൽ യാത്രയെ തദ്ദേശീയ സാങ്കേതികവിദ്യയുടെയും വേഗതയുടെയും സൗകര്യത്തിന്റെയും അതുല്യമായ സംയോജനമാക്കി മാറ്റി. പി.എം ഗതിശക്തി മൾട്ടി-മോഡൽ കണക്റ്റിവിറ്റിയുടെ കാഴ്ചപ്പാട് സാക്ഷാത്കരിച്ചു. വിദൂര ഗ്രാമങ്ങളിൽ പോലും ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കിക്കൊണ്ട് 'ഡിജിറ്റൽ ഇന്ത്യ', സാങ്കേതികവിദ്യാധിഷ്ഠിതമായ മാറ്റത്തിന്റെ പുതിയ യുഗത്തിന് തുടക്കം കുറിച്ചു. ഡിജിറ്റൽ ഇടപാടുകളിൽ ഇന്ത്യയെ ആഗോള ശക്തിയായി ഉയർത്താൻ UPI-ക്ക് സാധിച്ചു.

**'സപ്തധാര'യിലൂടെ വികസിത ഭാരതത്തിന് പുതിയ കരുത്ത്**

കഴിഞ്ഞ 12 വർഷത്തിനിടയിൽ, ഇന്ത്യയിലെ പരിഷ്കാരങ്ങൾക്ക് പുതിയ വേഗത കൈവന്നിട്ടുണ്ട്. എന്നിരുന്നാലും, 'വികസിത ഭാരതം'എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്, നിരന്തരവും നൂതനവുമായ പരിഷ്കാരങ്ങളിലൂടെ ഈ പരിശ്രമങ്ങളെ അടുത്ത ഘട്ടത്തിലേക്ക് കൊണ്ടുപോകേണ്ടതുണ്ട്. ഗവണ്മെന്റാകട്ടെ സമൂഹമാകട്ടെ, വ്യവസായങ്ങളാകട്ടെ ഉത്പാദകരാകട്ടെ, കർഷകരാകട്ടെ സാധാരണ പൗരന്മാരാകട്ടെ-എല്ലാവരും തങ്ങളുടെ പരമ്പരാഗത രീതികളിലും ചിന്താഗതികളിലും മാറ്റം വരുത്തേണ്ടതുണ്ട്. ഈ മാർഗ്ഗദർശക മന്ത്രത്തോടെയാണ് പ്രധാനമന്ത്രി മോദി ചുവപ്പുകോട്ടയുടെ കൊത്തളങ്ങളിൽ നിന്ന് 'സപ്തധാര'യ്ക്ക് ആഹ്വാനം ചെയ്തത്.

**ശക്തിയുടെ ഒന്നാമത്തെ ധാര - ഉത്പാദന ശേഷി.**
**ശക്തിയുടെ രണ്ടാമത്തെ ധാര - കൃഷിയും ഭക്ഷ്യോത്പാദനവും.**
**ശക്തിയുടെ മൂന്നാമത്തെ ധാര - സാങ്കേതികവിദ്യയും നൂതനാശയവും.**
**ശക്തിയുടെ നാലാമത്തെ ധാര - ഗതിശക്തി / കണക്റ്റിവിറ്റിയും അടിസ്ഥാനസൗകര്യങ്ങളും.**
**ശക്തിയുടെ അഞ്ചാമത്തെ ധാര - പ്രതിരോധ ശേഷി.**
**ശക്തിയുടെ ആറാമത്തെ ധാര - ഹരിത സമ്പദ്വ്യവസ്ഥയും സമുദ്ര സമ്പദ്വ്യവസ്ഥയും.**
**ശക്തിയുടെ ഏഴാമത്തെ ധാര - ഭാരതത്തിന്റെ സോഫ്റ്റ് പവർ.**

ഈ 'സപ്തധാര'യിലൂടെ, കഴിഞ്ഞ 5 മുതൽ 7 വരെയുള്ള പതിറ്റാണ്ടുകളിൽ പൂർത്തിയാകാത്ത ദൗത്യങ്ങൾ അടുത്ത 5 മുതൽ 7 വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ ഭാരതം ദൃഢനിശ്ചയം ചെയ്തിട്ടുണ്ട്. 80-ാമത് സ്വാതന്ത്ര്യദിനവും ചുവപ്പുകോട്ടയിൽ നിന്നുള്ള പ്രധാനമന്ത്രി മോദിയുടെ തുടർച്ചയായ 13-ാമത് അഭിസംബോധനയും വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള കഴിഞ്ഞ 12 വർഷത്തെ പുരോഗതിയുടെ സാക്ഷ്യപത്രമായി നിൽക്കുന്നു; ഈ മാറ്റത്തിന് സാക്ഷ്യം വഹിക്കുന്ന വർത്തമാനകാലം ഒരു സുവർണ്ണ ചരിത്രം രചിക്കും.

***വികസിത ഭാരതത്തിലേക്ക് കുതിക്കുന്ന രാഷ്ട്രത്തിന് പുതിയ ദിശാബോധം നൽകിയ പ്രധാനമന്ത്രി മോദിയുടെ പ്രസംഗത്തിന്റെ സാരാംശം 13 അധ്യായങ്ങളിലൂടെ നമുക്ക് വിശദമായി പരിശോധിക്കാം...***

അന്നദാതാക്കളായ കർഷകർ 'വികസിത ഭാരത'ത്തിന്റെ ആധാരശിലയായി ഉയർന്നുവരികയാണ്. പി.എം കിസാൻ സമ്മാൻ നിധി, പ്രധാൻ മന്ത്രി ഫസൽ ബീമാ യോജന, പ്രധാൻ മന്ത്രി കൃഷി സിഞ്ചായീ യോജന, വിളകളുടെ കുറഞ്ഞ താങ്ങുവിലയിലെ വർദ്ധന തുടങ്ങി ഡസൻ കണക്കിന് പദ്ധതികൾ കർഷകക്ഷേമത്തിനും ശാക്തീകരണത്തിനുമുള്ള അടിത്തറ പാകി.

വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ 'നാരീശക്തി'യുടെ (സ്ത്രീശക്തി) പങ്കാളിത്തം നിർണ്ണായകമാണ്; ഇതിന്റെ ഫലമായി, 'സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനം' ഒരു പുതിയ മാതൃകയായി ഉയർന്നുവന്നിട്ടുണ്ട്. സുകന്യ സമൃദ്ധി യോജന, 'ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ' പ്രചാരണം, 26 ആഴ്ചത്തെ പ്രസവാവധി, തൊഴിലിലും സ്വയംതൊഴിലിലും തുല്യ അവസരങ്ങൾ തുടങ്ങിയ സംരംഭങ്ങളിലൂടെ സ്ത്രീകൾ രാഷ്ട്രനിർമ്മാണത്തിൽ സജീവ പങ്കാളികളായി മാറുകയാണ്. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33% സംവരണം എന്നത് ഇപ്പോൾ ഒരു യാഥാർത്ഥ്യമായി മാറിയിരിക്കുന്നു, ഇത് എത്രയും വേഗം യാഥാർത്ഥ്യമാക്കുമെന്ന പ്രതിബദ്ധത ചുവപ്പുകോട്ടയുടെ കൊത്തളങ്ങളിൽ നിന്ന് ആവർത്തിച്ചു.

# വന്ദേമാതരത്തിന്റെ 150 വർഷങ്ങൾ
# 80-ാം സ്വാതന്ത്ര്യദിനം

*സ്വാതന്ത്ര്യത്തിനു ശേഷം ആദ്യമായി ചുവപ്പുകോട്ടയിൽ നിന്ന് വന്ദേമാതരം പ്രതിധ്വനിച്ചു.. വന്ദേമാതരത്തിന്റെ 150 വർഷങ്ങൾ പൂർത്തിയാകുന്ന ചരിത്രമുഹൂർത്തവുമായി പ്രധാനമന്ത്രി മോദി ഇതിനെ ബന്ധിപ്പിച്ചു...*

- ഇന്ന്, നമ്മൾ 80-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുകയാണ്. ഇന്ന്, ഓരോ സ്പന്ദനവും വന്ദേമാതരത്തിന്റെ ധ്വനിയാൽ മുഖരിതമാകുന്നു.
- ഇന്ന്, 'ഹർ ഘർ തിരംഗ ഹൈ, ഹർ മൻ തിരംഗ ഹൈ' (എല്ലാ വീടുകളിലും ത്രിവർണ്ണ പതാക, എല്ലാ മനസ്സുകളിലും ത്രിവർണ്ണ പതാക) എന്ന ആവേശം അലതല്ലുന്നു; പുതിയ ദൃഢനിശ്ചയങ്ങളുമായി രാജ്യം ആവേശത്തോടും നവോന്മേഷത്തോടും കൂടി മുന്നോട്ട് കുതിക്കുകയാണ്.
- നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി പരമോന്നത ത്യാഗം സഹിച്ച മഹാരഥന്മാരായ ആ പുത്രന്മാരെയും പുത്രിമാരെയും ഇന്ന് രാജ്യം ആദരവോടെ സ്മരിക്കുന്നു.
- സ്വാതന്ത്ര്യത്തിനു ശേഷം ആദ്യമായാണ് ഓഗസ്റ്റ് 15-ന് ചുവപ്പുകോട്ടയിൽ നിന്ന് വന്ദേമാതരം പ്രതിധ്വനിക്കുന്നത്. ഇന്ന് നമ്മൾ വന്ദേമാതരത്തിന്റെ 150-ാം വാർഷികം ആഘോഷിക്കുമ്പോൾ, ഇതിനേക്കാൾ മനോഹരമായ ഒരു അവസരം വേറെ എന്താണുള്ളത്?
- അടുത്തിടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കനത്ത പ്രളയവും ഉരുൾപൊട്ടലുമുണ്ടാവുകയും അത് നിരവധി കുടുംബങ്ങളെ ബാധിക്കുകയും ചെയ്തു. അവരുടെ ദുരിതവും വേദനയും നമ്മൾ പൂർണ്ണമായും മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. ദുരിതബാധിതരായ കുടുംബങ്ങളോട് ഞാനും രാജ്യം മുഴുവനുമുണ്ട് എന്ന് ഉറപ്പുനൽകാൻ ഞാൻ ആഗ്രഹിക്കുന്നു.



'ഇന്ന് നമ്മൾ നമ്മുടെ 80-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുകയാണ്. 'വന്ദേമാതര'ത്തിന്റെ ധ്വനി ഓരോ ഹൃദയത്തിലും പ്രതിധ്വനിക്കുന്നു. ത്രിവർണ്ണ പതാക ഓരോ വീട്ടിലും പാറിക്കളിക്കുകയും ഓരോ മനസ്സിലും കൊടികൊള്ളുകയും ചെയ്യുന്നു; പുതിയ ദൃഢനിശ്ചയങ്ങൾ ഏറ്റെടുത്തുകൊണ്ട് രാജ്യം ആവേശത്തോടും ഉന്മേഷത്തോടും കൂടി മുന്നോട്ട് കുതിക്കുകയാണ്.'

*(2026 സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയുടെ കൊത്തളങ്ങളിൽ നിന്ന് നടത്തിയ പ്രസംഗത്തിൽ നിന്ന്)*

*2026 ലെ സ്വാതന്ത്ര്യദിനത്തിൽ നിന്നുള്ള ചിത്രം*

# വികസിത ഭാരതം @2047

## എന്ന ലക്ഷ്യത്തിലേക്കുള്ള ദൃഢനിശ്ചയം

*2047-ൽ ഭാരതം സ്വാതന്ത്ര്യത്തിന്റെ 100 വർഷം പൂർത്തിയാക്കുമ്പോൾ, വികസിത ഭാരതം കെട്ടിപ്പടുക്കുക എന്ന ദൃഢനിശ്ചയത്തെ 140 കോടി പൗരന്മാരുടെ കഠിനാധ്വാനവുമായി പ്രധാനമന്ത്രി മോദി കൂട്ടിച്ചേർത്തു...*

- സ്വപ്നങ്ങളുടെയും ദൃഢനിശ്ചയങ്ങളുടെയും ശേഷിയുടെയും കരുത്തിൽ മുന്നേറുമ്പോഴാണ് ഒരു രാഷ്ട്രം മഹത്തായതായി മാറുന്നതും ലക്ഷ്യങ്ങൾ കൈവരിക്കുന്നതും.
- ചെറിയ സ്വപ്നങ്ങളുമായി ഇനി നമുക്ക് മുന്നോട്ട് പോകാനാകില്ല. വലിയ സ്വപ്നങ്ങൾ നമ്മുടെ ചിന്തകളെ വികസിപ്പിക്കുകയും കാഴ്ചപ്പാടുകളുടെ ചക്രവാളം വിശാലമാക്കുകയും ചെയ്യുന്നു. നമ്മുടെ ദൃഢനിശ്ചയം ശക്തമായിരിക്കുമ്പോൾ, ബുദ്ധിമുട്ടുകൾക്കിടയിൽപോലും ഒരു വഴി കണ്ടെത്താനുള്ള ശേഷി സ്വയം ഉയർന്നുവരുന്നു.
- നമ്മുടെ ദൃഢനിശ്ചയങ്ങളും ഉയർന്നതായിരിക്കണം; കാരണം നമ്മുടെ സ്വപ്നങ്ങളും ദൃഢനിശ്ചയങ്ങളും ഉയരുമ്പോൾ, നമ്മുടെ കഴിവുകളുടെ ഉയരവും വർദ്ധിക്കുന്നു, അപ്പോൾ മാത്രമേ സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കാൻ നമുക്ക് സാധിക്കൂ.
- നിരവധി സ്വപ്നങ്ങളോടെയാണ് രാജ്യം സ്വതന്ത്രമായത്, എന്നാൽ വേഗത വർധിപ്പിക്കാൻ നമുക്കായില്ല; 'കാര്യങ്ങൾ നടക്കും, കാര്യങ്ങൾ അങ്ങനെ മുന്നോട്ട് പോകും, എന്താണ് സംഭവിക്കുകയെന്ന് നോക്കാം' എന്ന മനോഭാവത്തിൽ നമ്മൾ കുടുങ്ങിക്കിടന്നു. 2014 വരെ, ലോകം മുഴുവൻ നമ്മളെ 'ഫ്രജൈൽ ഫൈവ്' ഗണത്തിൽ തള്ളിയിട്ടു.
- 2047-ൽ നമ്മൾ സ്വാതന്ത്ര്യത്തിന്റെ 100 വർഷം പൂർത്തിയാക്കുമ്പോൾ, 140 കോടി പൗരന്മാരുടെ പരിശ്രമത്തിലൂടെയും കഠിനാധ്വാനത്തിലൂടെയും നമ്മൾ'വികസിത ഭാരതം' കെട്ടിപ്പടുത്തിരിക്കും.
- കഴിഞ്ഞ 12 വർഷത്തിനിടയിൽ, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുംപെട്ട കോടിക്കണക്കിന് പൗരന്മാർ രാഷ്ട്രത്തെ പുതിയ ഉയരങ്ങളിലെത്തിക്കാൻ ദൃഢനിശ്ചയത്തോടും അർപ്പണ മനോഭാവത്തോടും കൂടി സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തി. ഇത്രയും കുറഞ്ഞ സമയത്തിനുള്ളിൽ 25 കോടി പൗരന്മാരാണ് ദാരിദ്ര്യത്തെ അതിജീവിച്ച് അതിൽ നിന്ന് കരകയറിയത്.
- ഒരുകാലത്ത് 'ഫ്രജൈൽ ഫൈവ്' ഗണത്തിൽ കണക്കാക്കപ്പെട്ടിരുന്ന നമ്മൾ, 12 വർഷത്തിനുള്ളിൽ ലോകത്തിലെ സുപ്രധാനവും ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയായും മാറി.

**'തീവ്രവാദികളെയും അവർക്ക് അഭയം നൽകുന്നവരെയും പോഷിപ്പിക്കുന്നവരെയും ശാക്തീകരിക്കുന്നവരെയും തമ്മിൽ ഇനി നമ്മൾ വേർതിരിച്ചു കാണില്ല എന്നൊരു 'പുതിയ സാധാരണത്വം' നമ്മൾ ഇപ്പോൾ ആവിഷ്കരിച്ചിരിക്കുന്നു.'**

*(2025ലെ സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയുടെ കൊത്തളങ്ങളിൽ നിന്ന് നടത്തിയ പ്രസംഗത്തിൽ നിന്ന്)*



2025 ലെ സ്വാതന്ത്ര്യദിനത്തിൽ നിന്നുള്ള ചിത്രം

## 12 വർഷത്തെ ഉൾച്ചേർന്ന വികസനം

# വേഗതയും വ്യാപ്തിയും നിർവ്വചിക്കുന്നു

*കഴിഞ്ഞ 12 വർഷത്തിനിടയിൽ നിർമ്മാണ മേഖലയിലും ഡിജിറ്റൽ വളർച്ചയിലും സാധാരണക്കാരുടെ ദൈനം ദിന സൗകര്യങ്ങളിലുമുണ്ടായ പുരോഗതിയുടെ കണക്കുകൾ പ്രധാനമന്ത്രി മോദി അക്കമിട്ടു നിരത്തി; ഇവയാണ് നവ ഭാരതത്തിന്റെ വേഗതയുടെയും മുന്നേറ്റത്തിന്റെയും അടിത്തറയായി മാറിയത്...*

- കഴിഞ്ഞ 12 വർഷത്തിനിടയിൽ പ്രതിരോധ ഉൽപ്പാദനം ഏകദേശം നാല് മടങ്ങ് വർദ്ധിച്ചു.
- ഖാദി, ഗ്രാമവ്യവസായ മേഖലയിലെ ഉൽപ്പാദനം അഞ്ച് മടങ്ങോളവും ഇലക്ട്രോണിക്സ് നിർമ്മാണം ഏഴ് മടങ്ങോളവും വർദ്ധിച്ചു.
- ആധുനിക റെയിൽവേ കോച്ചുകളുടെ ഉൽപ്പാദനം 21 മടങ്ങും മൊബൈൽ ഫോൺ ഉൽപ്പാദനം 35 മടങ്ങും വർദ്ധിച്ചു.
- ഇന്റർനെറ്റ് ഉപയോക്താക്കളുടെ എണ്ണവും അനുവദിച്ച പേറ്റന്റുകളുടെ എണ്ണവും നാല് മടങ്ങും ഡിജിറ്റൽ ഇടപാടുകൾ 100 മടങ്ങും വർദ്ധിച്ചു.
- എല്ലാ വർഷവും, മുമ്പത്തേക്കാൾ ശരാശരി 15 മടങ്ങ് വേഗതയിൽ ഞങ്ങൾ പൈപ്പുവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.
- ഗ്യാസ് കണക്ഷനുകൾ പ്രതിവർഷം ആറ് മടങ്ങ് വേഗത്തിൽ നൽകി; പാവപ്പെട്ടവർക്കുള്ള ശൗച്യാലയങ്ങളുടെ നിർമ്മാണം വാർഷികാടിസ്ഥാനത്തിൽ നാല് മടങ്ങ് വേഗതയിലും, പാവപ്പെട്ടവർക്ക് വീടുകൾ നൽകുന്നതിന്റെ വേഗത പ്രതിവർഷം മൂന്ന് മടങ്ങായും വർദ്ധിച്ചു.
- ആയിരക്കണക്കിന് അനുവർത്തന നിയമങ്ങൾ ഒഴിവാക്കുകയും നൂറുകണക്കിന് കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുകയും ചെയ്തു.
- കഴിഞ്ഞ നൂറ്റാണ്ടിലെ നിയമങ്ങൾ ഉപയോഗിച്ച് 21-ാം നൂറ്റാണ്ടിന്റെ മുന്നേറ്റം സാധ്യമല്ല.
- ആധുനിക അടിസ്ഥാനസൗകര്യങ്ങൾക്കായി നമ്മൾ മെട്രോ ശൃംഖലകൾ വികസിപ്പിക്കുകയും പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്തു.
- പ്രവൃത്തികൾ പൂർത്തിയാക്കിയ വേഗതയും അത് ഏറ്റെടുത്ത വ്യാപ്തിയും - ഈ വേഗതയും വികസനവും നേട്ടങ്ങളും സ്വാതന്ത്ര്യത്തിനു ശേഷമുള്ള കഴിഞ്ഞ പതിറ്റാണ്ടിൽ രാജ്യം ആദ്യമായാണ് ദർശിക്കുന്നത്.



'നമുക്ക് ഒരേയൊരു ദൃഢനിശ്ചയം മാത്രമേയുള്ളൂ: 'രാഷ്ട്രം ആദ്യം' ദേശീയ താല്പര്യത്തിനാണ് പരമോന്നത സ്ഥാനം. നമ്മളെടുക്കുന്ന ഓരോ ചുവടും എന്റെ ഇന്ത്യയെ യഥാർത്ഥത്തിൽ മഹത്തരമാക്കുക എന്ന നിശ്ചയദാർഢ്യത്താൽ നയിക്കപ്പെടുന്നതാണ്.'

*(2024 ലെ സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയുടെ കൊത്തളത്തിൽ നിന്നുള്ള പ്രസംഗത്തിൽ നിന്ന്)*

*2024 ലെ സ്വാതന്ത്ര്യദിനത്തിൽ നിന്നുള്ള ചിത്രം*

# ആത്മനിർഭർ ഭാരത്: സെമികണ്ടക്ടറുകളും നിർണായക ധാതുക്കളും

*സ്വയംപര്യാപ്തത ഒരു ദൃഢനിശ്ചയമെന്ന് വിശേഷിപ്പിച്ചുകൊണ്ട്, പ്രധാനമന്ത്രി മോദി, സെമികണ്ടക്ടറുകളിലും നിർണായക ധാതുക്കളുടെയും മേഖലയിൽ ഇന്ത്യ കൈവരിച്ച പുതിയ കരുത്തിനെ കുറിച്ച് പ്രധാനമന്ത്രി മോദി അടിവരയിട്ടു പറഞ്ഞു......*

- ലോകത്തിൽ വിലകുറഞ്ഞതും എളുപ്പത്തിൽ ലഭ്യമാകുന്നതുമായ ഒട്ടനവധി കാര്യങ്ങൾ ഉണ്ടായേക്കാം. എന്നാൽ അവയെ ആശ്രയിക്കുന്നത് നമ്മുടെ സ്വന്തം കഴിവുകളെ വളർത്തുകയോ നമ്മുടെ കഴിവുകളുടെ കരുത്ത് പരീക്ഷിക്കപ്പെടുകയോ ഇല്ല. അതിനാൽ, നമ്മൾ നമ്മുടെ സ്വന്തം ശേഷി വർദ്ധിപ്പിക്കുകയും നമ്മുടെ താല്പര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യണം.
- ആത്മനിർഭർ ഭാരതത്തിനായുള്ള ദൃഢനിശ്ചയവുമായി നമ്മൾ മുന്നോട്ട് പോവുകയാണ്, ഒപ്പം മേയ്ക്ക് ഇൻ ഇന്ത്യ, സ്വദേശി, വോക്കൽ ഫോർ ലോക്കൽ തുടങ്ങിയ പദ്ധതികളുമായി ഭാരതീയരുടെ ഹൃദയങ്ങൾ ഒന്നിക്കുകയുമാണ്.
- ഇലക്ട്രോണിക് സാധനങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, ഗതാഗത സംവിധാനങ്ങൾ-എന്തുതന്നെയാകട്ടെ, ചിപ്പുകൾ ഒരിടത്തും ഒഴിച്ചുകൂടാനാവാത്തതാണ്.
- ഇന്നത്തെ ഡിജിറ്റൽ ലോകത്ത് ചിപ്പുകളുടെ പ്രാധാന്യം നമ്മൾ മനസ്സിലാക്കുന്നുണ്ട്; ചിപ്പുകൾ ഇല്ലെങ്കിൽ വ്യവസ്ഥിതി മുഴുവൻ നിശ്ചലമാകുന്ന ഒരു ഘട്ടത്തിലാണ് ലോകം ഇന്ന് എത്തിനിൽക്കുന്നത്. എന്നാൽ സ്വാതന്ത്ര്യാനന്തരം, ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഒരു വലിയ പദ്ധതി ആരംഭിക്കുവാനോ മുന്നോട്ട് കൊണ്ടുപോകാനോ നമുക്ക് സാധിച്ചിട്ടില്ല.
- മൂന്ന് വലിയ സെമികണ്ടക്ടർ പ്ലാന്റുകൾ ആരംഭിച്ചുകഴിഞ്ഞു, കൂടാതെ ഈ പ്ലാന്റുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ ഇതിനകം തന്നെ കയറ്റുമതി ചെയ്യുവാനും തുടങ്ങിയിട്ടുണ്ട്.
- വരുന്ന ഏഴോ എട്ടോ വർഷത്തിനുള്ളിൽ, ഇനിയും ആറോ ഏഴോ എട്ടോ സെമികണ്ടക്ടർ പ്ലാന്റുകൾ കൂടി പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ രീതിയിൽവളരുന്ന ആത്മനിർഭർ ഭാരത്, വികസിത ഭാരതമാകാനുള്ള മികച്ച ഒരു പാതയാണ് നമുക്ക് സമ്മാനിക്കുന്നത്.
- നാഷണൽ ക്രിട്ടിക്കൽ മിനറൽസ് മിഷൻ ആരംഭിക്കുകയും ബജറ്റിൽ ക്രിട്ടിക്കൽ മിനറൽസ് കോറിഡോർ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. നിരവധി രാജ്യങ്ങളുമായി ഇതുമായി ബന്ധപ്പെട്ട വിവിധ കരാറുകളിൽ ഒപ്പുവെച്ചു കഴിഞ്ഞു. കൂടാതെ ലോകമെമ്പാടുമുള്ള നിരവധി രാജ്യങ്ങൾ ഇപ്പോൾ നിർണായക ധാതുക്കളുടെ മേഖലയിൽ ഭാരതത്തിൽ വിശ്വാസമർപ്പിച്ചു തുടങ്ങിയിരിക്കുന്നു.

> 'അടിമത്ത മനോഭാവം വെടിഞ്ഞ്, 'പഞ്ച പ്രാൺ' എന്ന ലക്ഷ്യത്തിനായി സ്വയം സമർപ്പിച്ചുകൊണ്ട് രാജ്യം ഇന്ന് ഒരു പുതിയ ആത്മവിശ്വാസത്തോടെ മുന്നേറുകയാണ്. ഈ പുതിയ തീരുമാനങ്ങൾ യാഥാർത്ഥ്യമാക്കാൻ രാജ്യം പൂർണ്ണഹൃദയത്തോടെ പരിശ്രമിക്കുന്നുമുണ്ട്.'
>
> *(2023 ലെ സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയിൽ നടത്തിയ പ്രസംഗത്തിൽ നിന്നുള്ള ഭാഗം.)*



*2023 ലെ സ്വാതന്ത്ര്യദിനത്തിൽ നിന്നുള്ള ചിത്രം*

# ഊർജ്ജ സുരക്ഷ: ആണവോർജ്ജം മുതൽ സൗരോർജ്ജ വിപ്ലവം വരെ

*ഊർജ്ജ സുരക്ഷ എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് വിശേഷിപ്പിച്ച പ്രധാനമന്ത്രി മോദി, ആണവ, സൗരോർജ്ജ, വാതക, ഹൈഡ്രജൻ ഊർജ്ജ മേഖലകളിൽ ഇന്ത്യ കൈവരിച്ച നേട്ടങ്ങളെയും ഭാവിയിലേക്കുള്ള ദൃഢനിശ്ചയത്തെ പറ്റിയും ആവർത്തിച്ചു...*

- ഭാവി സാങ്കേതികവിദ്യകളിലേക്ക് നമ്മൾ മുന്നേറുമ്പോൾ, ഊർജ്ജത്തിന്റെ പ്രാധാന്യം വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ്; ഊർജ്ജമില്ലാതെ പുതിയ ലോകത്തെ മുന്നോട്ട് നയിക്കുക എന്നത് ഇപ്പോൾ അസാധ്യമാണ്.
- ചിപ്പുകളോ, നിർമ്മിത ബുദ്ധിയോ, ഡാറ്റാ സെന്ററുകളോ എന്തുമാകട്ടെ, നമ്മുടെ ഊർജ്ജ ആവശ്യകത വളരെ വലുതാണ്. ഈ ദിശയിൽ നമ്മൾ ഇതിനകം തന്നെ നിരവധി ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- പാർലമെന്റിൽ SHANTI നിയമം പാസാക്കിയതിലൂടെ, 2047-ഓടെ 100 ഗിഗാവാട്ട് ആണവോർജ്ജം എന്ന ലക്ഷ്യത്തിലേക്കുള്ള വഴി നമ്മൾ തുറന്നിരിക്കുകയാണ്.
- ഈ പതിറ്റാണ്ടിനുള്ളിൽ അഞ്ച് പുതിയ ആണവ റിയാക്ടറുകൾ ആരംഭിക്കുവാൻ നമ്മൾ ലക്ഷ്യമിട്ടിട്ടുണ്ട്. ഈ വർഷം, ഭാരതം ഫാസ്റ്റ് ബ്രീഡർ ആണവ സാങ്കേതികവിദ്യയിൽ പൂർണ്ണ വൈദഗ്ധ്യം നേടി.
- നമ്മൾ ഇപ്പോൾ 'നോ-ഗോ' (No-Go) തീരദേശ മേഖലകളെ 'ഗോ-എഹെഡ്' മേഖലകളാക്കി മാറ്റുകയും, പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ 'സമുദ്ര മന്ഥൻ' പദ്ധതിക്കായി 85,000 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.
- 2014-ന് മുമ്പ്, വെറും 70 നഗരങ്ങളിൽ മാത്രമായിരുന്നു പൈപ്പ് ലൈൻ ഗ്യാസ് ശൃംഖല ഉണ്ടായിരുന്നത്. നമ്മൾ അത് 700 നഗരങ്ങളിലേക്ക് വ്യാപിപ്പിച്ചിരിക്കുന്നു.
- 2014-ന് മുമ്പ്, വെറും 20-22 ലക്ഷം വീടുകളിലേക്ക് മാത്രമായിരുന്നു പൈപ്പ് ലൈൻ ഗ്യാസ് എത്തിയിരുന്നത്; എന്നാൽ ഇന്ന്, ഏകദേശം 1.75 കോടി വീടുകളിലേക്ക് പൈപ്പ് ലൈൻ ഗ്യാസ് എത്തിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.
- പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പ് നമ്മുടെ സൗരോർജ്ജ ശേഷി വെറും 2 ഗിഗാവാട്ട് മാത്രമായിരുന്നു; ഇന്ന് അത് 160 ഗിഗാവാട്ട് ആയി വർദ്ധിച്ചിരിക്കുകയാണ്.
- പിഎം സൂര്യഘർ സൗജന്യ വൈദ്യുതി പദ്ധതിയുടെ പ്രയോജനം 50 ലക്ഷം വീടുകൾക്ക് ലഭിച്ചു. പതിനായിരക്കണക്കിന് ആളുകൾക്ക് വൈദ്യുതി ഉപഭോഗത്തിന് ഇപ്പോൾ പൂജ്യം ബില്ലാണ് വരുന്നത്. ചിലർ അധികമുള്ള വൈദ്യുതി വിറ്റ് വരുമാനം ഉണ്ടാക്കുന്നുമുണ്ട്. ഇതിനായി ഒരു കുടുംബത്തിന് 80,000 രൂപ വീതം സഹായധനവും ലഭിക്കുന്നു.
- 90 വർഷത്തിനിടെ റെയിൽവേ വൈദ്യുതീകരണം വെറും 30 ശതമാനം മാത്രമാണ് പൂർത്തീകരിച്ചിരുന്നത്; എന്നാൽ കഴിഞ്ഞ 10 വർഷം കൊണ്ട് ബാക്കി 70 ശതമാനവും പൂർത്തിയാക്കി പൂർണ്ണ വിജയത്തിലെത്തിച്ചു. യഥാർത്ഥ പദ്ധതി നിർവ്വഹണമെന്നാൽ ഇതാണ്.
- ഹൈഡ്രജൻ ഇന്ധനത്തിൽ പ്രവർത്തിക്കുന്ന രാജ്യത്തെ ആദ്യ ട്രെയിൻ സർവീസ് ആരംഭിച്ചുകഴിഞ്ഞു, ഇത്തരം ട്രെയിനുകൾ ഏറ്റവും നീളമേറിയതും കരുത്തുറ്റതുമാണ്. ഇതോടെ ഹൈഡ്രജൻ ഇന്ധന ട്രെയിനുകളുടെ മേഖലയിൽ ഭാരതം ലോകത്തിൽ സ്വന്തം മുദ്ര പതിപ്പിച്ചു കഴിഞ്ഞു.



**'ഏതൊരു ദൃഢനിശ്ചയത്തോടെയാണോ നമ്മൾ മുന്നോട്ടുള്ള ഈ യാത്ര ആരംഭിച്ചത്, അത് ഇന്ന് ലോകം സാക്ഷ്യം വഹിക്കുന്നു. വലിയ പ്രത്യാശയോടെയാണ് ലോകം നമ്മളെ നോക്കിക്കാണുന്നത്. ഈ അഭിലാഷങ്ങൾ നിറവേറ്റാനുള്ള യഥാർത്ഥ കഴിവ് എവിടെയാണ് ഉള്ളതെന്ന് ലോകം ഇപ്പോൾ തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു.'**

*(2022 ലെ സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയിൽ നടത്തിയ പ്രസംഗത്തിൽ നിന്നുള്ള ഭാഗം)*

*2022 ലെ സ്വാതന്ത്ര്യദിനത്തിൽ നിന്നുള്ള ചിത്രം*

## നാഗ്‌രിക് ദേവോ ഭവ: ആഗോള പ്രതിസന്ധികൾക്കിടയിൽ

# കരുത്തുള്ള ഭാരതം

*കോവിഡ് മഹാമാരി മുതൽ പശ്ചിമേഷ്യയിലെ പ്രതിസന്ധി വരെ നിലനിൽക്കുമ്പോഴും, കഴിഞ്ഞ 12 വർഷത്തെ കൃത്യമായ ആസൂത്രണങ്ങൾ ഭാരതത്തെ എങ്ങനെ കാര്യക്ഷമവും സ്വയംപര്യാപ്തവുമായി നിലനിർത്തിയെന്ന് പ്രധാനമന്ത്രി മോദി വിശദീകരിച്ചു............*

- കോവിഡ് -19 പോലുള്ള ഒരു മഹാമാരി ലോകത്തെ മുഴുവൻ അനിശ്ചിതത്വത്തിലാഴ്ത്തുകയും എല്ലാ സംവിധാനങ്ങളെയും തകിടം മറിക്കുകയും ചെയ്തു, പിന്നീട് കോവിഡിന്റെ നിഴലിൽ നിന്ന് നാം പുറത്തുകടന്നപ്പോഴേക്കും യുദ്ധത്തിന്റെ ഭീകരതകൾ വാർത്തകളിൽ നിറയാൻ തുടങ്ങി.
- യുക്രെയ്നിലും പശ്ചിമേഷ്യയിലും ഉൾപ്പെടെ ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ സംഘർഷാവസ്ഥ നിലനിൽക്കുന്നു. കൂടാതെ പ്രവാചകർ എന്ന് സ്വയം അവകാശപ്പെടുന്നവർ എന്തെല്ലാം പ്രവചിച്ചു കൂട്ടിയെന്നും നമുക്കറിയാം. രാജ്യത്തെ ഭയപ്പെടുത്തുന്നതിലും ഭീതിയുടെ നിഴലിൽ നിർത്തുന്നതിലും ചിലർ സംതൃപ്തി കണ്ടെത്തുന്നു. വാക്സിനുകൾ ലഭ്യമാകില്ലെന്നും, പെട്രോൾ, ഡീസൽ, വളങ്ങൾ എന്നിവ ലഭിക്കില്ലെന്നും കിംവദന്തികൾ പ്രചരിപ്പിച്ചു.
- കഴിഞ്ഞ 10-12 വർഷങ്ങളിലായി കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഫലം കാണ്ടുതുടങ്ങിയിരിക്കുന്നു; ഇന്ന് രാജ്യത്ത് ഗ്യാസും പെട്രോളും യൂറിയയും യഥേഷ്ടം ലഭ്യമാണ്.
- ഇത്രയും വലിയ പ്രതിസന്ധികൾ ഉണ്ടായിട്ടും, 'നാഗരിക് ദേവോ ഭവ' എന്ന തത്വത്തിൽ അധിഷ്ഠിതമായാണ് ഭാരതം മുന്നോട്ട് നയിക്കപ്പെട്ടത്.
- ഈ പ്രതിസന്ധികൾ നമ്മേയും ബാധിച്ചിട്ടുണ്ട് - ഒരു ചാക്ക് യൂറിയയുടെ അന്താരാഷ്ട്ര വില 3,000 രൂപയിലെത്തിയിരുന്നു; എന്നിട്ടും, നമ്മുടെ കർഷകർക്ക് അത് വെറും 300 രൂപയ്ക്കാണ് നൽകുന്നത്.
- ഡിഎപി യുടെ(ഡയാമോണിയം ഫോസ്ഫേറ്റ്) അന്താരാഷ്ട്ര വിപണി വില 5,000 രൂപയിലെത്തിയപ്പോൾ പോലും അത് 1,350 രൂപയ്ക്കാണ് ഇന്ത്യയിൽ തുടർന്നും നൽകുന്നത്.
- ചില ആളുകൾ വിഭവങ്ങളെയും - പെട്രോൾ, ഡീസൽ, വളങ്ങൾ, മരുന്നുകൾ, ചിപ്പുകൾ എന്നിവയെയും, ഭൂപ്രദേശങ്ങളെപ്പോലും - ആയുധമാക്കുന്ന പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുകയാണ്.
- കഴിഞ്ഞ ഒരു ദശാബ്ദക്കാലം സ്വയംപര്യാപ്തത എന്ന മന്ത്രത്താൽ നയിക്കപ്പെട്ട്, നാം ശരിയായ ദിശയിൽ സഞ്ചരിച്ചില്ലായിരുന്നുവെങ്കിൽ, ഇത്തരം വെല്ലുവിളികളെ നമുക്കെങ്ങനെ അതിജീവിക്കാൻ കഴിയുമായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ.
- ഞാൻ സ്വയംപര്യാപ്തതയെക്കുറിച്ച് സംസാരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു, അന്ന് എയർകണ്ടീഷൻ ചെയ്ത മുറികളിലിരുന്ന ആളുകൾ ആഗോളവൽക്കരണത്തിന് എന്ത് സംഭവിക്കുമെന്ന് ചോദിക്കുകയായിരുന്നു.
- എന്നാൽ കഴിഞ്ഞ ദശകത്തിൽ ലോകം ആഗോളവൽക്കരണത്തെക്കുറിച്ച് സംസാരിക്കുന്നത് നിർത്തിയതായി തോന്നുന്നു - മുൻപ് ഉയർന്നിരുന്ന ആഗോളവൽക്കരണത്തിന്റെ ശബ്ദങ്ങൾ ഇപ്പോൾ നിലച്ചിരിക്കുന്നു, അവ ഇപ്പോൾ കേൾക്കാനില്ല.

**"നാം ആർക്കും പിന്നിലാകരുത്. ഇത് കോടിക്കണക്കിനായ ഇന്ത്യാക്കാരുടെ ദൃഢനിശ്ചയമാണ്. എന്നാൽ, കഠിനാധ്വാനത്തിന്റെയും അസാധാരണമായ വീര്യത്തിന്റെയും പിൻബലമില്ലെങ്കിൽ ഏത് ദൃഢനിശ്ചയവും അപൂർണ്ണമായിത്തന്നെ തുടരും."**

*(2021 ലെ സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയിൽ നടത്തിയ പ്രസംഗത്തിൽ നിന്നുള്ള ഭാഗം)*



*2021 ലെ സ്വാതന്ത്ര്യദിനത്തിൽ നിന്നുള്ള ചിത്രം*

# സപ്തധാര പുതിയ വേഗതയും ഉന്മേഷവും പകരുന്നു

***ചെങ്കോട്ടയിൽ നിന്ന്, പ്രധാനമന്ത്രി മോദി രാജ്യത്തിന് മുന്നിൽ പുതിയൊരു 'സപ്തധാര' ശക്തി അവതരിപ്പിച്ചു, ഇത് വരുന്ന 5 മുതൽ 7 വർഷങ്ങൾക്കുള്ളിൽ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ നമുക്ക് കരുത്ത് പകരും...***

- ഈ നൂറ്റാണ്ടിന്റെ നാലിലൊന്ന് ഭാഗം കടന്നുപോയിരിക്കുന്നു, അടുത്ത പാദം നമുക്ക് അതീവ പ്രാധാന്യമുള്ളതാണ്, നമ്മുടെ വേഗത കുറയാൻ പാടില്ല. നമ്മുടെ ദിശ നിർണ്ണയിക്കപ്പെട്ടു കഴിഞ്ഞു, അത് നമ്മൾ കൈവരിക്കുക തന്നെ വേണം.
- നമ്മുടെ തൊഴിൽ സംസ്കാരം മാറ്റേണ്ടതുണ്ട്, നമ്മുടെ ചിന്താഗതിയിലും മാറ്റം വരുത്തേണ്ടതുണ്ട്, അതോടൊപ്പം നമ്മുടെ ജോലിയുടെ വേഗതയും നമ്മൾ മാറ്റേണ്ടതുണ്ട്.
- കഴിഞ്ഞ 5 മുതൽ 7 പതിറ്റാണ്ടുകളായി ചെയ്യാത്ത കാര്യങ്ങൾ, വരുന്ന 5 മുതൽ 7 വർഷങ്ങൾക്കുള്ളിൽ നമ്മൾ ചെയ്യേണ്ടതുണ്ട്.
- പരിഷ്കരണവും നവീകരണവും നമുക്ക് ഒരു നിർബന്ധിതാവസ്ഥയോ അല്ലെങ്കിൽ വെറുമൊരു അർത്ഥശൂന്യമായ ആഹ്വാനമോ അല്ല - ഈ പരിഷ്കരണം ഞങ്ങളുടെ ദൃഢമായ വിശ്വാസമാണ്; നമ്മൾ പരിഷ്കരണത്തിന്റെ എക്സ്പ്രസ്സിൽ കയറിക്കഴിഞ്ഞു.
- ഇന്ത്യയുടെ ശക്തി 'സപ്തസിന്ധു' എന്ന് അറിയപ്പെട്ടിരുന്ന ആ കാലഘട്ടത്തെ ഓർക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ ഇന്ത്യയെ വികസിതമാക്കാൻ നമുക്ക് 'സപ്തധാര' ആവശ്യമാണ്.
- സപ്തധാരയുടെ ഈ ഏഴ് ശക്തികൾ ഏതെങ്കിലും ഒരു പ്രത്യേക മേഖലയുടെ മാത്രം പുരോഗതി കൈവരിക്കുന്നതിനല്ല ലക്ഷ്യമിടുന്നത് - മറിച്ച്, സമഗ്രമായ ഒരു സമീപനത്തിലൂടെ, രാജ്യത്തിനായി നാം നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങളുടെയും അഭിലാഷങ്ങളുടെയും വ്യാപ്തിക്കുമപ്പുറം വളരുവാൻ നാം പ്രവർത്തിക്കേണ്ടതുണ്ട്
- ഒരു രാഷ്ട്രം എന്നത് കേവലം ഒരു ഗവൺമെന്റ് മാത്രമല്ല, ഓരോ പൗരനും ചേർന്നാണ് ഒരു രാജ്യം - എന്തുകൊണ്ട് അടുത്ത ദശകത്തിനുള്ളിൽ ഫോർച്യൂൺ 500 കമ്പനികളിൽ 50 എണ്ണം ഇന്ത്യയിൽ നിന്നുള്ളവയായിക്കൂടാ.
- ലോകത്തിലെ ഏറ്റവും മികച്ച അഞ്ച് ബാങ്കുകളിൽ ഒന്ന് ഒരു ഇന്ത്യൻ ബാങ്ക് ആയിരിക്കണം, കൂടാതെ ലോകത്തെ മികച്ച അഞ്ച് ഫാർമസ്യൂട്ടിക്കൽ കമ്പനികളുടെ പേര് പറയുമ്പോൾ അതിൽ ഒന്നോ രണ്ടോ ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ കമ്പനികളുടെ പേരും മുഴങ്ങിക്കേൾക്കണം.
- നിയമ സ്ഥാപനങ്ങൾ, റേറ്റിംഗ് ഏജൻസികൾ, കൺസൾട്ടിംഗ് – അക്കൗണ്ടിംഗ് സ്ഥാപനങ്ങൾ, സാങ്കേതികവിദ്യാ കമ്പനികൾ - എന്നിവയിലെല്ലാം ഭാരതത്തിന് ആഗോള നേതൃത്വം ഉണ്ടായിരിക്കണം, കൂടാതെ ലോകത്തെ ആകർഷിക്കുന്ന തരത്തിലുള്ള ബ്രാൻഡുകൾ നമ്മൾ കെട്ടിപ്പടുക്കുകയും വേണം.


2020 ലെ സ്വാതന്ത്ര്യദിനത്തിൽ നിന്നുള്ള ചിത്രം

"സപ്തധാരയുടെ ഈ ഏഴ് ശക്തികൾ ഏതെങ്കിലും ഒരു പ്രത്യേക മേഖലയുടെ മാത്രം പുരോഗതി കൈവരിക്കുന്നതിനല്ല ലക്ഷ്യമിടുന്നത്. മറിച്ച്, സമഗ്രമായ ഒരു സമീപനത്തോടെ, രാജ്യത്തിനായി നാം നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങളുടെയും അഭിലാഷങ്ങളുടെയും വ്യാപ്തിക്കുമപ്പുറം വളരുവാൻ നാം പ്രവർത്തിക്കേണ്ടതുണ്ട്."

*(2020 ലെ സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയിൽ നിന്നും നടത്തിയ പ്രസംഗത്തിൽ നിന്നുള്ള ഭാഗം)*

# സപ്ത ധാര



## പ്രഥമ ശക്തി

**ഉൽപ്പാദന ക്ഷമത:** ഉൽപ്പാദനച്ചെലവ്, ഗുണനിലവാരം, വളർച്ചാ തോത് എന്നിവയിൽ നാം അന്താരാഷ്ട്ര മാനദണ്ഡങ്ങൾ കൈവരിക്കേണ്ടതുണ്ട്; ഗുണമേന്മ, ഗുണമേന്മ, ഗുണമേന്മ എന്നതായിരിക്കണം നമ്മുടെ മന്ത്രം. പിഴവുകളില്ലാത്ത കൃത്യതയാർന്ന ഉൽപ്പാദന ശൈലി നമ്മുടെ മുഖമുദ്രയായി മാറണം.

## രണ്ടാമത്തെ ശക്തി

**കൃഷിയും ഭക്ഷ്യോത്പാദനവും:** കൃഷിയിടം മുതൽ കയറ്റുമതി വിപണി വരെ നമ്മുടെ ചെറുധാന്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പഴങ്ങൾ, പൂക്കൾ,തുടങ്ങിയവ ആഗോള ബ്രാൻഡുകളായി മാറണം.

## മൂന്നാമത്തെ ശക്തി

**സാങ്കേതികവിദ്യയും നവീകരണവും:** നാം നവീകരണത്തിന്റെയും നൂതനത്വത്തിന്റെയും ഒരു കേന്ദ്രമായി മാറണം, അടുത്ത തലമുറയിലെ ആശയവിനിമയ സാങ്കേതികവിദ്യകളിൽ ഭാരതം നേതൃത്വം നൽകണം, കൂടാതെ 'മേഡ്-ഇൻ-ഇന്ത്യ- 6ജി എന്നിവ രാജ്യത്തിന്റെ എല്ലാ കോണുകളിലും എത്തണം.

## നാലാമത്തെ ശക്തി

**ഗതിശക്തി:** രാജ്യത്തിനകത്ത് സുഗമവും വേഗതയേറിയതുമായ ഗതാഗത സംവിധാനത്തിന് നാം ശ്രദ്ധ കേന്ദ്രീകരിക്കണം - അതിവേഗ റെയിൽവേ, ആധുനിക ദേശീയപാതകൾ, ഉൾനാടൻ ജലപാതകൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ – എന്നിവയിലൂടെയുള്ള വളർച്ചയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്

## അഞ്ചാമത്തെ ശക്തി

**രക്ഷാശക്തി – പ്രതിരോധ ശക്തി:** പ്രതിരോധ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മറ്റ് ബദലുകളില്ലെന്ന് ഇന്ത്യയും ഇപ്പോൾ ലോകവും അനുഭവിച്ചറിഞ്ഞിട്ടുണ്ട്; ഇതിനായി അടുത്ത തലമുറ പ്രതിരോധ സാങ്കേതികവിദ്യ, ഡ്രോണുകൾ, കൗണ്ടർ ഡ്രോണുകൾ, ഹൈപ്പർസോണിക് പ്രതിരോധം എന്നിവയിൽ നാം നേതൃത്വം ഏറ്റെടുക്കണം.

## ആറാമത്തെ ശക്തി

**ഹരിത സമ്പദ്‌വ്യവസ്ഥയും നീല സമ്പദ്‌വ്യവസ്ഥയും:** ഹരിത ഹൈഡ്രജൻ, പുനരുപയോഗ ഊർജ്ജം, മൽസ്യബന്ധനം, തീരദേശ വിനോദസഞ്ചാരം. ആഗോളതലത്തിൽ ഹരിത ഹൈഡ്രജൻ, പുനരുപയോഗ ഊർജ്ജം, ഊർജ്ജ സംഭരണം, ഹരിത ഗതാഗതം, ഹരിത ഉൽപ്പാദനം എന്നിവ നാം കൈവരിക്കേണ്ടതുണ്ട്. നമുടെ വളരെ നീളമേറിയ തീരദേശം നമുക്ക് നീല സമ്പദ്‌വ്യവസ്ഥയിലും വലിയ അവസരങ്ങൾ നൽകുന്നുണ്ട്.

## ഏഴാമത്തെ ശക്തി

**പാരമ്പര്യ സാംസ്കാരിക മേഖലയിലെ സോഫ്റ്റ് പവർ:** യോഗ, ആയുർവേദം, ഹീൽ ഇൻ ഇന്ത്യ, സിനിമകൾ, ആനിമേഷൻ, ഗെയിമിംഗ്, വേവ്സ് സമ്മിറ്റ്. പാരമ്പര്യ സാംസ്കാരിക മേഖലയിലെ ഭാരതത്തിന്റെ സോഫ്റ്റ് പവറിന്റെ കരുത്ത് അളക്കാനാവാത്തതാണ്; ഇന്ന് യോഗ ലോകത്തെ മുഴുവൻ ഭാരതവുമായി ബന്ധിപ്പിച്ചിരിക്കുന്നു.

# ആഗോള വ്യാപാരവും
# ഇന്ത്യയുടെ വർദ്ധിക്കുന്ന വിശ്വാസ്യതയും

*സ്ഥിരതയുള്ള ഗവണ്മെന്റും ഊർജ്ജസ്വലമായ ജനാധിപത്യവുമുള്ള രാജ്യമായി ഇന്ത്യയെ ലോകം ഇന്ന് അംഗീകരിക്കുന്നു; സ്വതന്ത്ര വ്യാപാര കരാറുകളിലൂടെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും കയറ്റുമതികൾക്കും പുതിയ അവസരങ്ങൾ തുറന്നുകിട്ടുന്നതായി പ്രധാനമന്ത്രി മോദി ചൂണ്ടിക്കാട്ടി...*

- ഇന്ന് ഇന്ത്യയുടെ ആഗോള പ്രാധാന്യം ഗണ്യമായി വർദ്ധിച്ചുവരികയാണ്. ലോകം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന രാജ്യമായി ഇന്ത്യ മാറുകയാണ്.
- 2014-ന് ശേഷം, ഏകദേശം 40 രാജ്യങ്ങളുമായി ഇന്ത്യ സ്വതന്ത്ര വ്യാപാര കരാറുകളിൽ ഏർപ്പെട്ടുവരികയാണ്. ഇതൊരു വലിയ അവസരമാണ്.
- എം.എസ്.എം.ഇകൾ ഈ അവസരം നഷ്ടപ്പെടുത്തരുത് - നമ്മുടെ തുണിത്തരങ്ങൾ, യന്ത്രസാമഗ്രികൾ, ഔഷധങ്ങൾ എന്നിവയുമായി നമുക്ക് ലോക വിപണിയിൽ എത്തേണ്ടതുണ്ട്; ആഗോള നിലവാരങ്ങൾക്കൊത്ത് ഉയരേണ്ടതുണ്ട്, നിലവിൽ ലോകമെമ്പാടും ലഭ്യമായതിനേക്കാൾ മികച്ച ഉൽപ്പന്നങ്ങൾ വാഗ്ദാനം ചെയ്യുകയും വേണം.
- നമ്മുടെ സമുദ്രോത്പന്നങ്ങൾക്ക് ലോക വിപണിയിലെത്താൻ കൂടുതൽ സാധ്യതയുണ്ട്, മുന്നോട്ടുപോകുമ്പോൾ ഈ സാഹചര്യം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.
- തുണിത്തരങ്ങളായാലും യന്ത്രസാമഗ്രികളായാലും ഔഷധങ്ങളായാലും, ഇന്ത്യയുടെ എല്ലാ ഉൽപ്പന്നങ്ങളും ആഗോള വിപണിയിലെത്തണം, ഒരവസരവും നാം പാഴാക്കരുത്.
- ലോകമെമ്പാടും ലഭ്യമായതിനേക്കാൾ മികച്ച ഗുണനിലവാരമുള്ളതും താങ്ങാനാവുന്ന വിലയിലുള്ളതുമായ ഉൽപ്പന്നങ്ങൾ നാം വാഗ്ദാനം ചെയ്യണം. പഞ്ചാബിലെ ലുധിയാന മുതൽ തമിഴ്നാട്ടിലെ തിരുപ്പൂർ വരെയുള്ള നമ്മുടെ ടെക്സ്റ്റൈൽ മേഖലയ്ക്ക് ആഗോള വിപണിയിലെത്താനുള്ള വലിയ സാധ്യതയുണ്ട്.
- കേരളം മുതൽ ഗുജറാത്ത് വരെയും, തമിഴ്നാട് മുതൽ ബംഗാൾ വരെയുമുള്ള നമ്മുടെ മത്സ്യത്തൊഴിലാളി സഹോദരീസഹോദരന്മാർക്ക് ഈ സ്വതന്ത്ര വ്യാപാര കരാർ മൂലം ചെമ്മീൻ കയറ്റുമതി ചെയ്യാനുള്ള സാധ്യത ഇപ്പോൾ വളരെ കൂടുതലാണ്.
- ഇന്ത്യയ്ക്ക് സ്ഥിരതയുള്ള ഒരു ഗവണ്മെന്റും, ഊർജ്ജസ്വലമായ ജനാധിപത്യവും, ശക്തമായ ഒരു നീതിന്യായ വ്യവസ്ഥയുമുണ്ട്. ഇന്ത്യയുടെ ഭരണഘടന നമുക്കെല്ലാവർക്കും ദിശാബോധം നൽകുന്നു, നമ്മുടെ ഈ കരുത്ത് ലോകം ഇപ്പോൾ തിരിച്ചറിഞ്ഞുതുടങ്ങിയിരിക്കുന്നു.



**'ഞാൻ ഇത് അഭിമാനത്തോടെ പറയുന്നു: ഇന്ന്, ഓരോ ഇന്ത്യക്കാരനും 'ഒരു രാഷ്ട്രം, ഒരു ഭരണഘടന' എന്നതിനെക്കുറിച്ച് സംസാരിക്കാൻ കഴിയും, കൂടാതെ സർദാർ പട്ടേലിന്റെ 'ഏക ഭാരതം – ശ്രേഷ്ഠ ഭാരതം' എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്.'**

*(2019ലെ സ്വാതന്ത്ര്യദിനത്തിൽ ചുവപ്പുകോട്ടയുടെ കൊത്തളത്തിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ പ്രസംഗത്തിൽ നിന്നുള്ള പ്രസക്തഭാഗം)*

*2019 ലെ സ്വാതന്ത്ര്യദിനത്തിൽ നിന്നുള്ള ചിത്രം*

# യുവശക്തിയും ഡിജിറ്റൽ വിപ്ലവവും

*സ്റ്റാർട്ടപ്പ് ഇന്ത്യ മുതൽ എഐ നൈപുണ്യ വികസനം വരെ, വികസിത ഇന്ത്യയിലേക്കുള്ള യാത്രയിലെ ഏറ്റവും വലിയ ശക്തിയും ഏറ്റവും വലിയ ഗുണഭോക്താക്കളും രാജ്യത്തെ യുവജനങ്ങളാണെന്ന് ചുവപ്പുകോട്ടയുടെ കൊത്തളത്തിൽ നിന്ന് പ്രധാനമന്ത്രി മോദി ആഹ്വാനം ചെയ്തു...*

- വികസിത ഇന്ത്യയിലേക്കുള്ള പ്രയാണത്തിൽ യുവജനങ്ങൾക്ക് വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കാനുണ്ട്; വികസിത ഇന്ത്യയുടെ ഏറ്റവും വലിയ ഗുണഭോക്താക്കളും യുവജനങ്ങളായിരിക്കും.
- സ്റ്റാർട്ടപ്പ് ഇന്ത്യ സംരംഭത്തിന് കീഴിൽ, രാജ്യത്തുടനീളം ഇപ്പോൾ 2.5 ലക്ഷത്തിലധികം രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളുണ്ട്. ഒരു ലക്ഷം കോടി രൂപയുടെ ഇന്നൊവേഷൻ ഫണ്ട് ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്.
- ശരാശരി 28 വയസ്സ് പ്രായമുള്ള യുവജനങ്ങളുടെ നേതൃത്വത്തിലുള്ള ഭാരതത്തിലെ സ്വകാര്യ സ്റ്റാർട്ടപ്പുകൾ അവരുടെ ഉപഗ്രഹങ്ങളും റോക്കറ്റുകളും വിക്ഷേപിക്കുകയും ആദ്യ ശ്രമത്തിൽ തന്നെ വിജയം കൈവരിക്കുകയും ചെയ്തു.
- അടുത്ത ഒരു വർഷത്തിനുള്ളിൽ ഒരു കോടി യുവജനങ്ങൾക്ക് എഐ നൈപുണ്യ പരിശീലനം നൽകും. ഇതിലൂടെ ആഗോള എഐ യുഗത്തിന് നേതൃത്വം നൽകാൻ അവർക്ക് കഴിയും.
- 2004 മുതൽ 2014 വരെ 350-ൽ താഴെ സർവകലാശാലകൾ മാത്രമാണുണ്ടായിരുന്നത്; ഇന്ന് പുതുതായി 650 സർവകലാശാലകൾ കൂടി കൂട്ടിച്ചേർക്കപ്പെട്ടതോടെ എണ്ണം 1,000 എന്ന സംഖ്യയിലേക്ക് അടുക്കുകയാണ്.
- 2014-ന് മുൻപ് ഏകദേശം 400 മെഡിക്കൽ സീറ്റുകൾ മാത്രമാണുണ്ടായിരുന്നത്; ഇന്ന് ഏകദേശം 850 സീറ്റുകളുണ്ട്. വിദേശ സർവകലാശാലകളും ഇപ്പോൾ ഭാരതത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നു.
- 10,000-ത്തിലധികം അടൽ ടിങ്കറിംഗ് ലാബുകൾ യുവ വിദ്യാർഥികൾക്കായി നാം കൈമാറിയിട്ടുണ്ട്.
- 2014-ന് മുൻപ് ജൈവ സമ്പദ് വ്യവസ്ഥയുടെ വിറ്റുവരവ് 60,000 കോടി രൂപയായിരുന്നു; ഇന്ന് അത് 20 ലക്ഷം കോടി രൂപയിലെത്തി.
- 2009-10 കാലഘട്ടത്തിൽ 1.5 ലക്ഷം ഇലക്ട്രിക് വാഹനങ്ങൾ മാത്രമാണ് വിറ്റഴിച്ചത്; എന്നാൽ 2025-26 കാലഘട്ടത്തിൽ 25 ലക്ഷം ഇലക്ട്രിക് വാഹനങ്ങളാണ് വിറ്റഴിക്കപ്പെട്ടത്.
- ഇന്ത്യയിൽ തദ്ദേശീയമായി വിമാനങ്ങൾ നിർമ്മിക്കുന്നതിലേക്ക് മുന്നേറുന്നതിൽ നാം വിജയം കൈവരിച്ചിട്ടുണ്ട്; ഇന്ത്യയിൽ നിർമ്മിച്ച പ്രതിരോധ ഗതാഗത വിമാനമായ C295 ഇതിനകം വിജയകരമായ പരീക്ഷണപ്പറക്കൽ പൂർത്തിയാക്കിയിട്ടുണ്ട്.
- ഡ്രോണുകൾ ഉപയോഗിച്ചുള്ള സ്വാമിത്വ പദ്ധതി ഗ്രാമങ്ങളിൽ വിജയകരമായി നടപ്പാക്കിവരികയാണ്; ഏകദേശം 3.25 കോടി കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.
- മധ്യവർഗ കുടുംബങ്ങളുടെ സാമ്പത്തികഭാരം ലഘൂകരിക്കുന്നതിനായി, വിവിധ പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന യുവജനങ്ങൾക്ക് സൗജന്യ ഓൺലൈൻ പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

'ലോകം ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയെ ഉയർന്ന അപകടസാധ്യതയുള്ളതായി വീക്ഷിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന്, അതേ ആളുകളും സ്ഥാപനങ്ങളും വളരെ ആത്മവിശ്വാസത്തോടെ പ്രസ്താവിക്കുന്നു, പരിഷ്കരണങ്ങളുടെ ഈ കുതിപ്പ് നമ്മുടെ സാമ്പത്തിക അടിത്തറയെ കൂടുതൽ ശക്തിപ്പെടുത്തുന്നു എന്ന്.'

*(2018ലെ സ്വാതന്ത്ര്യദിനത്തിൽ ചുവപ്പുകോട്ടയുടെ കൊത്തളത്തിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ പ്രസംഗത്തിൽ നിന്നുള്ള പ്രസക്തഭാഗം)*



*2018 ലെ സ്വാതന്ത്ര്യദിനത്തിൽ നിന്നുള്ള ചിത്രം*

# വിരിയുന്നു, ഒരു കായിക ഭാരതം
# ഒരു ലഹരിമുക്ത ഭാരതം

*2036-ലെ ഒളിമ്പിക്സിനും 2030-ലെ കോമൺവെൽത്ത് ഗെയിംസിനുമുള്ള തയ്യാറെടുപ്പുകൾക്ക് പ്രധാനമന്ത്രി മോദി ആഹ്വാനം ചെയ്തു. ഒപ്പം യുവജനങ്ങളെ ലഹരി ദുരുപയോഗത്തിൽ നിന്ന് അകറ്റിനിർത്തണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു...*

- കളിക്കുന്നവർ ശോഭിക്കും - ഭാരതത്തിന്റെ ദേശീയഗാനം ഇപ്പോൾ കായിക വിജയവേദികളിൽ മുഴങ്ങിക്കേൾക്കുന്നു, അവിടെ ത്രിവർണ്ണ പതാക അഭിമാനത്തോടെ പാറുന്നതും കാണാം.
- ടോപ്സ് പദ്ധതി, ഖേലോ ഇന്ത്യ ഗെയിംസ്, യൂണിവേഴ്സിറ്റി ഗെയിംസ്, വിന്റർ ഗെയിംസ്, ബീച്ച് ഗെയിംസ്, കായിക അടിസ്ഥാനസൗകര്യങ്ങൾ, കായിക പരിശീലനം, സ്പോർട്സ് മെഡിസിൻ, സ്പോർട്സ് ന്യൂട്രീഷൻ - ഈ മേഖലകളിലെല്ലാം മികവ് കൈവരിക്കുന്നതിലേക്ക് ഭാരതം മുന്നേറുകയാണ്.
- 2036-ലെ ഒളിമ്പിക്സിന് ആതിഥേയത്വം വഹിക്കുന്നതിനുള്ള ശക്തമായ മത്സരാർത്ഥിയായി നമ്മൾ മുന്നേറുകയാണ്, കൂടാതെ 2030-ലെ കോമൺവെൽത്ത് ഗെയിംസിനും ആതിഥേയത്വം വഹിക്കാൻ ഭാരതം ഒരുങ്ങുകയാണ്.
- ഒളിമ്പിക്സിലെ 325-350 ഇനങ്ങളിൽ ഏകദേശം മൂന്നിൽ രണ്ട് ഇനങ്ങളിലും ഭാരതം പങ്കെടുക്കുന്നുപോലുമില്ല; ഈ മേഖലകളിൽ ഭാരതം ശ്രദ്ധ കേന്ദ്രീകരിക്കണം, ഇതിനായി പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള ഒരു പ്രചാരണ പരിപാടി ആരംഭിക്കാനും ആഗ്രഹിക്കുന്നു.
- 2036-നായി കായികതാരങ്ങളെ ആവശ്യമുണ്ടെങ്കിൽ, 5 മുതൽ 15 വയസ്സ് വരെയുള്ള കുട്ടികളിലെ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനായി രാജ്യത്തുടനീളമുള്ള ഗ്രാമങ്ങളിലും നഗരങ്ങളിലും സ്കൂളുകളിലും പ്രതിഭാ പര്യവേക്ഷണ പ്രചാരണ പരിപാടി സംഘടിപ്പിക്കും.
- ലഹരി ദുരുപയോഗം ഒരു വലിയ പ്രതിസന്ധിയായി മാറുകയാണ്; ലഹരിമുക്ത ഭാരതം എന്നത് നമ്മുടെയെല്ലാവരുടെയും കൂട്ടായ ഉത്തരവാദിത്തമായിരിക്കണം.
- ലഹരിമുക്ത ഭാരതത്തിനായി 100 ആഴ്ച നീണ്ടുനിൽക്കുന്ന ഒരു പരിപാടി ആരംഭിക്കാൻ രാജ്യത്തെ സാമൂഹിക-സാംസ്കാരിക സംഘടനകളും ആത്മീയ നേതാക്കളും ഒത്തുചേർന്നിരിക്കുകയാണ്. എല്ലാ കുടുംബങ്ങളും ഈ പ്രചാരണത്തിന്റെ ഭാഗമാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.



2017 ലെ സ്വാതന്ത്ര്യദിനത്തിൽ നിന്നുള്ള ചിത്രം

**'കുരുക്ഷേത്ര യുദ്ധത്തിനിടെ, യുദ്ധഭൂമിയിൽ വെച്ച് അർജ്ജുനൻ ശ്രീകൃഷ്ണനോട് നിരവധി ചോദ്യങ്ങൾ ചോദിച്ചപ്പോൾ, ഒരു പ്രവൃത്തിയുടെ ഫലം എന്നത് ഒരാളുടെ മനസ്സിന്റെ അവസ്ഥയ്ക്ക് അനുസൃതമായിരിക്കും എന്നാണ് ശ്രീകൃഷ്ണൻ അദ്ദേഹത്തോട് പറഞ്ഞത്.'**

*(2015ലെ സ്വാതന്ത്ര്യദിനത്തിൽ ചുവപ്പുകോട്ടയുടെ കൊത്തളത്തിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ പ്രസംഗത്തിൽ നിന്നുള്ള പ്രസക്തഭാഗം)*

# നക്സലിസത്തിന് അന്ത്യം, പുതിയ വെല്ലുവിളിയായി 'മാനസിക നക്സലുകൾ'

*നാല് പതിറ്റാണ്ട് നീണ്ടുനിന്ന നക്സലിസത്തിന് അറുതി വരുത്തിയതിൽ കൈവരിച്ച വിജയത്തെക്കുറിച്ച് സംസാരിച്ച പ്രധാനമന്ത്രി മോദി, 'മാനസിക നക്സലുകളെ' തിരിച്ചറിഞ്ഞ് അവരെ ഒറ്റപ്പെടുത്തണമെന്നും ആഹ്വാനം ചെയ്തു...*

- നക്സലിസവും മാവോയിസവും ലക്ഷക്കണക്കിന് യുവജനങ്ങളുടെ ഭാവി നശിപ്പിച്ചു; നാല് പതിറ്റാണ്ടിലേറെയായി സാധാരണ പൗരന്മാരെ സംരക്ഷിക്കുന്നതിനിടെ പോലീസുകാരും സുരക്ഷാ ഉദ്യോഗസ്ഥരുമടക്കം 3,500-ലധികം പേരാണ് വീരമൃത്യു വരിച്ചത്.

- 2014-ൽ ജനസേവനത്തിനായുള്ള അവസരം ലഭിച്ചപ്പോൾ തന്നെ രാജ്യത്തെ നക്സലിസത്തിൽ നിന്ന് മുക്തമാക്കുമെന്ന് ഞങ്ങൾ ദൃഢനിശ്ചയം ചെയ്തിരുന്നു; ഇന്ന് നക്സലൈറ്റ്-മാവോയിസ്റ്റ് അക്രമങ്ങൾക്ക് അതിന്റെ അവസാന ശ്വാസമെടുക്കാനുള്ള ശേഷി പോലും ഒരുപക്ഷേ അവശേഷിച്ചിട്ടില്ല.

- ഒരുകാലത്ത് നക്സലൈറ്റുകൾ വെടിയുതിർക്കുകയും, ഭൂമി രക്തത്താൽ കറപിടിക്കുകയും ചെയ്തിരുന്ന നക്സൽ ബാധിത പ്രദേശങ്ങളിൽ, ഇന്ന് വികസനത്തിന്റെയും വിശ്വാസത്തിന്റെയും പരിശ്രമത്തിന്റെയും ത്രിവർണ്ണ പതാക ഉയർന്നുപാറുകയാണ്. കാരണം അവ നക്സലിസത്തിൽ നിന്ന് മുക്തമാക്കപ്പെട്ടിരിക്കുന്നു.

- വനങ്ങളിൽ നിന്ന് സായുധ നക്സലുകളെ ഉന്മൂലനം ചെയ്യുന്നതിലും ആ ഭീഷണിയിൽ നിന്ന് രാജ്യത്തെ മോചിപ്പിക്കുന്നതിലും നാം വിജയിച്ചു. എന്നാൽ സായുധ നക്സലുകൾ ഇല്ലാതായെങ്കിലും, മാനസിക നക്സലുകൾ ഇപ്പോഴും അവശേഷിക്കുന്നു, അവർ ഒരു അവസരത്തിനായി കാത്തിരിക്കുകയാണ്.

- അക്രമത്തിന്റെയും അരാജകത്വത്തിന്റെയും മാർഗങ്ങൾ തേടുന്ന അവർ, സമൂഹത്തെ തെറ്റായ പാതയിലേക്ക് വലിച്ചിഴയ്ക്കാൻ വിവിധ തന്ത്രങ്ങൾ മെനയുന്നു. ഈ മാനസിക നക്സലുകളെ നാം തിരിച്ചറിയുകയും ഒറ്റപ്പെടുത്തുകയും വേണം. വികസിത രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനുള്ള മുഖ്യധാരാ ശ്രമങ്ങളുമായി രാജ്യത്തെ യുവജനങ്ങൾ ഒന്നിച്ചുചേരേണ്ടതുണ്ട്.

- ഈ വെല്ലുവിളിയെ നാം കുറച്ചുകാണരുത്; നമ്മൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. വർഷങ്ങളോളം മാവോയിസ്റ്റ് ആശയങ്ങൾ വെച്ചുപുലർത്തിയ വ്യക്തികൾ അധികാര കേന്ദ്രങ്ങളിൽ തങ്ങളുടെ സ്ഥാനം ഉറപ്പിക്കുകയും നയങ്ങളെപ്പോലും സ്വാധീനിക്കുകയും ചെയ്തിരുന്നു.

**'രാജ്യം നിരവധി വെല്ലുവിളികൾ അഭിമുഖീകരിക്കുന്നുവെന്നത് സത്യമാണ്, എന്നാൽ ഈ വെല്ലുവിളികൾക്കൊപ്പം തന്നെ രാജ്യത്തിന് അപാരമായ ശേഷിയുണ്ടെന്ന കാര്യം നാം മറക്കരുത്. ആ കരുത്ത് പ്രയോജനപ്പെടുത്തുമ്പോൾ പരിഹാരങ്ങളിലേക്കുള്ള വഴികൾ നാം കണ്ടെത്തുക തന്നെ ചെയ്യും'**

*(2016ലെ സ്വാതന്ത്ര്യദിനത്തിൽ ചുവപ്പുകോട്ടയുടെ കൊത്തളത്തിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ പ്രസംഗത്തിൽ നിന്നുള്ള പ്രസക്തഭാഗം)*



*2016 ലെ സ്വാതന്ത്ര്യദിനത്തിൽ നിന്നുള്ള ചിത്രം*

# സുരക്ഷിതവും പ്രാപ്തവുമായ ഭാരതത്തിന്റെ പ്രതിരോധ വിപ്ലവം

*യുദ്ധങ്ങളുടെ സ്വഭാവം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, സിവിൽ പ്രതിരോധ സംവിധാനങ്ങൾ ആധുനികവൽക്കരിക്കുമെന്ന് പ്രധാനമന്ത്രി മോദി പ്രഖ്യാപിച്ചു. അതോടൊപ്പം, മിഷൻ സുദർശൻ ചക്രയുടെ പുരോഗതിയെക്കുറിച്ചും പ്രതിരോധ കയറ്റുമതിയിലെ മുന്നേറ്റത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു...*

- യുദ്ധങ്ങളുടെ സ്വഭാവം ഇന്ന് മാറുകയാണ്; പോരാട്ടങ്ങൾ അതിർത്തികളിൽ മാത്രം ഒതുങ്ങിനിൽക്കുമെന്നതിന് ഇനി യാതൊരു ഉറപ്പുമില്ല. ആധുനിക യുദ്ധമുറകൾ എണ്ണ ശുദ്ധീകരണശാലകൾ, ബാങ്കിംഗ് മേഖല, ഡാറ്റാ സെന്ററുകൾ എന്നിവയെ ലക്ഷ്യമിട്ടേക്കാം - ഒരർത്ഥത്തിൽ അടിസ്ഥാന സൗകര്യങ്ങളും ഫാക്ടറികളും നശിപ്പിക്കപ്പെടുകയാണ്.

- വരും ദിവസങ്ങളിൽ ശക്തമായ ഒരു സിവിൽ പ്രതിരോധ ശൃംഖല രൂപീകരിക്കുമെന്നും ആധുനിക സംവിധാനങ്ങൾ പൗരന്മാർക്ക് പരിചയപ്പെടുത്തുമെന്നും ഇന്ന് ചുവപ്പുകോട്ടയിൽ നിന്ന് ഞാൻ പ്രഖ്യാപിക്കുകയാണ്.

- ആധുനിക പ്രതിസന്ധികളിൽ നിന്ന് പൗരന്മാരെ സംരക്ഷിക്കുന്നതിനും ആധുനിക വെല്ലുവിളികളെ അതിജീവിക്കുന്നതിനുമായി സിവിൽ പ്രതിരോധത്തിന്റെ വലിയൊരു സന്നദ്ധ സേന രൂപീകരിക്കാൻ പോകുന്നു.

- പ്രതിരോധ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുകയല്ലാതെ മറ്റൊരു പോംവഴിയില്ല; അടുത്ത തലമുറയിലെ പ്രതിരോധ സാങ്കേതികവിദ്യകൾ വികസിപ്പിക്കുകയും ഒരു ആഗോള വിതരണക്കാരായി മാറുകയും വേണം.

- ഡ്രോണുകളും ഡ്രോൺ പ്രതിരോധ സംവിധാനങ്ങളും വികസിപ്പിക്കുകയും ഹൈപ്പർസോണിക് പ്രതിരോധ സാങ്കേതികവിദ്യകളിൽ നേതൃത്വം ഏറ്റെടുക്കുകയും വേണം. ഇന്ന് ഓരോ കുടുംബത്തിനും സൈബർ സുരക്ഷ ഒരു ആശങ്കയായി മാറുകയാണ്. ഇവിടെയും നമ്മുടെ യുവജനങ്ങളുടെ കഴിവുകൾ നമുക്ക് പ്രയോജനപ്പെടുത്താം.

- ഏതാനും വർഷങ്ങൾക്കുമുമ്പ് മിഷൻ സുദർശൻ ചക്ര പ്രഖ്യാപിച്ചിരുന്നു, അതിന്റെ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. നമ്മുടെ പ്രതിരോധ കയറ്റുമതി ഏകദേശം 50 മടങ്ങ് വർദ്ധിച്ചിട്ടുണ്ട്, നമ്മുടെ ആയുധങ്ങൾ ഏകദേശം 100 രാജ്യങ്ങളിലേക്ക് എത്തുന്നുമുണ്ട്. ആഗോള വേദിയിൽ ഇന്ത്യയുടെ പ്രതിച്ഛായ ക്രമേണ ഉയർന്നുവരികയാണ്.



2015 ലെ സ്വാതന്ത്ര്യദിനത്തിൽ നിന്നുള്ള ചിത്രം

'ജനപങ്കാളിത്തമാണ് ജനാധിപത്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. 125 കോടി പൗരന്മാരുടെ പങ്കാളിത്തത്തോടെ നാം രാജ്യത്തെ മുന്നോട്ടുനയിക്കുകയാണെങ്കിൽ, ഓരോ നിമിഷവും രാജ്യം 125 കോടി ചുവടുകൾ മുന്നോട്ടുവെക്കും; അതുകൊണ്ടാണ് 'ടീം ഇന്ത്യ' എന്ന ആശയത്തിലൂടെ ജനപങ്കാളിത്തത്തിന് ഇത്രയധികം പ്രാധാന്യം നൽകിയിരിക്കുന്നത്.'

*(2015ലെ സ്വാതന്ത്ര്യദിനത്തിൽ ചുവപ്പുകോട്ടയുടെ കൊത്തളത്തിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ പ്രസംഗത്തിൽ നിന്നുള്ള പ്രസക്തഭാഗം)*

# നാരീശക്തി, സാമൂഹിക സുരക്ഷ, സെൻസസ് പങ്കാളിത്തത്തിന് ആഹ്വാനം

*പെൺമക്കളുടെ നേട്ടങ്ങൾ മുതൽ ലോക്സഭയിലും സംസ്ഥാന നിയമസഭകളിലുമുള്ള വനിതാ സംവരണം, ജനസംഖ്യാ കണക്കെടുപ്പിലെ പങ്കാളിത്തം വരെയുള്ള കാര്യങ്ങൾ ചൂണ്ടിക്കാട്ടി, രാഷ്ട്ര നിർമ്മാണത്തിൽ ഓരോ പൗരനും പങ്കുവഹിക്കണമെന്ന് പ്രധാനമന്ത്രി മോദി ആഹ്വാനം ചെയ്തു...*

- ഫൈറ്റർ ജെറ്റുകളിലോ സിവിൽ വ്യോമയാന മേഖലയിലോ, സ്റ്റെം വിദ്യാഭ്യാസത്തിലോ സായുധ സേനയിലോ എവിടെയും നമ്മുടെ പെൺമക്കൾ മുൻപന്തിയിലുണ്ട്.
- സാനന്ദിലെ ഒരു അർദ്ധചാലക പ്ലാന്റ് ഞാൻ അടുത്തിടെ സന്ദർശിച്ചിരുന്നു. അവിടെ രാജ്യത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള ഗോത്ര പെൺമക്കൾ ജോലി ചെയ്യുന്നുണ്ടായിരുന്നു.
- പാസ്പോർട്ട് എന്താണെന്നുപോലും അറിയാത്ത ഗ്രാമങ്ങളിൽ നിന്നാണ് അവർ വന്നത്; ആ പെൺമക്കൾ വിദേശത്തു പോയി പരിശീലനം നേടി, ഇന്ന് ചിപ്പ് നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നു.
- 3 കോടി സഹോദരിമാരെ 'ലാഖ്പതി ദീദി'മാരാക്കുക എന്ന ലക്ഷ്യമാണ് നാം മുന്നോട്ടു വെച്ചിരുന്നത്, ആ ലക്ഷ്യം നാം ഇതിനകം മറികടന്നു; ഇപ്പോൾ നാം 6 കോടി എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുകയാണ്.
- നാം പാർലമെന്റിൽ 'നാരീശക്തി വന്ദൻ അധിനിയം' പാസാക്കി; നമ്മുടെ അമ്മമാർക്കും സഹോദരിമാർക്കും വേണ്ടി നിയമസഭകളിലും ലോക്സഭയിലും 33% പ്രാതിനിധ്യം ഉറപ്പാക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു.
- 2014-ന് മുൻപ് 25 കോടി പേർക്ക് മാത്രമാണ് സാമൂഹിക സുരക്ഷാ പരിരക്ഷ ഉണ്ടായിരുന്നത്; എന്നാൽ ഒരു പതിറ്റാണ്ടിനുള്ളിൽ ഞങ്ങൾ 100 കോടി പൗരന്മാർക്ക് സാമൂഹിക സുരക്ഷാ പരിരക്ഷ ഉറപ്പാക്കി.
- ആയുഷ്മാൻ ഭാരത് പദ്ധതിയിലൂടെ 70 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാർക്ക് പോലും 5 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭിക്കുന്നു; ഇതുവഴി കുടുംബങ്ങൾക്ക് 2 ലക്ഷം കോടി രൂപ സമ്പാദിക്കാൻ സാധിച്ചു.
- ചുവപ്പ് കോട്ടയിൽ ഞാൻ അഞ്ച് പ്രതിജ്ഞകളെക്കുറിച്ച് സംസാരിച്ചിരുന്നു. ഈ അഞ്ച് പ്രതിജ്ഞകൾ രാജ്യത്തിന് സ്വയം അഭിമാനത്തോടെ മുന്നേറാനും ലക്ഷ്യങ്ങൾ മറികടക്കാനുമുള്ള കരുത്ത് നൽകിയിട്ടുണ്ട്. അടിമത്ത മനോഭാവത്തെ നാം ഓരോ നിമിഷവും നിർമാർജനം ചെയ്യണം.
- നമ്മുടെ വ്യക്തിപരമായ താൽപ്പര്യങ്ങൾക്ക് ഉപരി രാജ്യത്തിന്റെ താൽപ്പര്യത്തിനായിരിക്കണം മുൻഗണന; കടമ നിർവ്വഹണമായിരിക്കണം നമ്മുടെ അടയാളം.

'എന്റെ പ്രിയപ്പെട്ട സഹപൗരന്മാരെ, എന്റെ വാക്കുകൾ വിശ്വസിക്കൂ; ഞാൻ നിങ്ങൾക്ക് ഉറപ്പുനൽകുന്നു. നമുക്ക് മുൻകാല തെറ്റുകളും അതിലേക്ക് നയിച്ച വഴികളും ഉപേക്ഷിക്കാം; സൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും പാത സ്വീകരിക്കാം, രാജ്യത്തെ മുന്നോട്ട് നയിക്കാൻ ദൃഢനിശ്ചയം ചെയ്യാം. നമുക്ക് ഇത് നേടാനാകുമെന്ന് എനിക്ക് പൂർണ്ണ വിശ്വാസമുണ്ട്.'

*(2014ലെ സ്വാതന്ത്ര്യദിനത്തിൽ ചുവപ്പുകോട്ടയുടെ കൊത്തളത്തിൽ നിന്നും നടത്തിയ പ്രസംഗത്തിൽ നിന്നുള്ള പ്രസക്തഭാഗം)*



2014 ലെ സ്വാതന്ത്ര്യദിനത്തിൽ നിന്നുള്ള ചിത്രം

വിഭജന ഭീതികളുടെ ഓർമ്മദിനം

## ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും സമാധാനവും

# നിലനിർത്തുന്നതിന് ദൃഢനിശ്ചയം

*രാജ്യവിഭജനത്തിന്റെ വേദന ഒരിക്കലും വിസ്മരിക്കാനാവില്ല. വെറുപ്പും അക്രമവും കാരണം ദശലക്ഷക്കണക്കിന് പേർ ആട്ടിപ്പായിക്കപ്പെടുകയും പലർക്കും ജീവൻ നഷ്ടപ്പെടുകയും ചെയ്തു. ആ വ്യക്തികളുടെ പോരാട്ടങ്ങളെയും ത്യാഗങ്ങളെയും ആദരിക്കുന്നതിനായാണ് ഓഗസ്റ്റ് 14 'വിഭജന ഭീതിയുടെ ഓർമ്മദിന'മായി ആചരിക്കാൻ തീരുമാനിച്ചത്. വിവേചനത്തിന്റെയും വിദ്വേഷത്തിന്റെയും അസഹിഷ്ണുതയുടെയും വിഷവിത്തുകൾ പിഴുതുമാറ്റാനും, ഒപ്പം മാനവിക അനുകമ്പ ശക്തിപ്പെടുത്താനും ഈ ദിനം നമ്മെ പ്രചോദിപ്പിക്കുന്നു...*



**വിഭജനത്തിന്റെ ആഘാതം അനുഭവിച്ച രാജ്യം**

1947 ഓഗസ്റ്റ് 15-നാണ് ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടിയത്. എല്ലാ വർഷവും ഓഗസ്റ്റ് 15-ന് ആഘോഷിക്കുന്ന സ്വാതന്ത്ര്യദിനം രാജ്യത്തിന് സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും നിമിഷമാണ്. എന്നിരുന്നാലും, സ്വാതന്ത്ര്യത്തിന്റെ മധുരത്തോടൊപ്പം വിഭജനത്തിന്റെ വലിയൊരു ആഘാതം കൂടി രാജ്യത്തിന് സഹിക്കേണ്ടി വന്നു.

പുതുതായി സ്വാതന്ത്ര്യം നേടിയ ഇന്ത്യ, കോടിക്കണക്കിന് ഇന്ത്യക്കാരുടെ മനസ്സിൽ മായാത്ത മുറിപ്പാടുകൾ ബാക്കിയാക്കിയ വിഭജനത്തിന്റെ അക്രമാസക്തമായ വേദന അനുഭവിച്ചു. ഏകദേശം 2 കോടി ജനങ്ങളെ ബാധിച്ച വിഭജനം, മനുഷ്യചരിത്രത്തിലെ തന്നെ ഏറ്റവും വലിയ പലായനങ്ങളിലൊന്നാണ്. ദശലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് സ്വന്തം പരമ്പരാഗത ഗ്രാമങ്ങളും പട്ടണങ്ങളും നഗരങ്ങളും ഉപേക്ഷിച്ച് അഭയാർത്ഥികളായി പുതിയ ജീവിതം ആരംഭിക്കേണ്ടി വന്നു.



## എല്ലാ സഹപൗരന്മാർക്കും ഹൃദയം നിറഞ്ഞ പ്രണാമം: പ്രധാനമന്ത്രി മോദി

നാം 'വിഭജന ഭീതിയുടെ ഓർമ്മദിനം' ആചരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രസ്താവിച്ചു. വിഭജനത്തിന്റെ ദുരിതം അനുഭവിച്ച എല്ലാവരുടെയും ധീരതയെ നാം ആദരിക്കുന്നു. ചരിത്രത്തിലെ ആ നിമിഷം എണ്ണമറ്റ ജീവിതങ്ങളെ തകർത്തെറിഞ്ഞു-കുടുംബങ്ങൾ വേരോടെ പിഴുതെറിയപ്പെട്ടു, പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടു, ജനങ്ങൾ സഹിക്കാനാവാത്ത വേദനകൾ അനുഭവിച്ചു. എന്നാൽ ഇതെല്ലാം അതിജീവിച്ച്, ആളുകൾ ഒന്നുമില്ലായ്മയിൽ നിന്ന് ജീവിതം കെട്ടിപ്പടുത്തു, പ്രതിസന്ധികളെ വിജയമാക്കി മാറ്റി, രാജ്യത്തിന്റെ പുരോഗതിക്ക് വിലമതിക്കാനാവാത്ത സംഭാവനകൾ നൽകി. പ്രതിസന്ധികളെ അതിജീവിക്കാനുള്ള മനുഷ്യ മനസ്സിന്റെ കരുത്തിനെയാണ് അവരുടെ ജീവിതയാത്രകൾ നമ്മെ ഓർമ്മിപ്പിക്കുന്നത്. ഈ ദിനം നമ്മുടെ രാജ്യത്ത് സൗഹാർദ്ദവും സാഹോദര്യവും നിലനിർത്താനുള്ള നമ്മുടെ ദൃഢനിശ്ചയത്തെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് പ്രത്യാശിക്കുന്നു. വികസിത ഇന്ത്യ കെട്ടിപ്പടുക്കാൻ നാം ഒന്നിച്ചു പ്രവർത്തിക്കും. വിഭജന ഭീതിയുടെ ഓർമ്മദിനത്തിൽ, ആ ഭയാനകമായ കാലഘട്ടത്തിൽ നിന്ന് കരകയറുകയും രാജ്യത്തിന്റെ പുരോഗതിക്ക് ഗണ്യമായ സംഭാവനകൾ നൽകുകയും ചെയ്ത എല്ലാ സഹപൗരന്മാർക്കും ഞാൻ ഹൃദയം നിറഞ്ഞ പ്രണാമം അർപ്പിക്കുന്നു. ധൈര്യത്തിലൂടെയും അതിജീവനശേഷിയിലൂടെയും, പ്രതികൂല സാഹചര്യങ്ങളിലും ഒരാൾക്ക് എങ്ങനെ ലക്ഷ്യം കൈവരിക്കാനാകുമെന്ന് അവർ കാണിച്ചുതന്നു. സൗഹാർദ്ദത്തിന്റെയും ഐക്യത്തിന്റെയും ദേശീയ ബോധം നമുക്ക് കൂടുതൽ ശക്തമാക്കാം.



### 'ഏക് ഭാരത്, ശ്രേഷ്ഠ ഭാരത്' ആയിരിക്കണം നമ്മുടെ പരമ ലക്ഷ്യം: അമിത് ഷാ

1947 ഓഗസ്റ്റ് 14 ചരിത്രത്തിലെ ഏറ്റവും ക്രൂരമായ ഒരു അധ്യായത്തിന് സാക്ഷ്യം വഹിച്ചുവെന്നും, ആ സമയത്ത് ദശലക്ഷക്കണക്കിന് പേർക്ക് അതിഭീകരമായ ദുരിതങ്ങൾ അനുഭവിക്കേണ്ടി വരികയും ജീവൻ നഷ്ടപ്പെടുകയും ചെയ്തുവെന്നും കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ പറഞ്ഞു. കോടിക്കണക്കിന് പേർക്ക് വീടുകളും സ്വത്തുക്കളും പ്രിയപ്പെട്ടവരെയും ഉപേക്ഷിച്ച് പോകേണ്ടിവന്നു. രാജ്യവിഭജനം ഉണ്ടാക്കിയ വേദന ചരിത്രം ഒരിക്കലും മറക്കില്ല. ഈ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കും അതിക്രമങ്ങൾക്കെതിരെ പോരാടിയവർക്കും ഞാൻ ആദരവോടെ പ്രണാമം അർപ്പിക്കുന്നു. 'വിഭജന ഭീതിയുടെ ഓർമ്മദിനം' ആചരിക്കുന്നതിലൂടെ, മോദി ഗവണ്മെന്റ് ഈ ദുരന്തത്തിന്റെ ഓർമ്മകൾ പുതു തലമുറയിലേക്ക് എത്തിക്കുകയാണ്; രാജ്യം വീണ്ടും പിളർത്താൻ ശ്രമിക്കുന്ന ശക്തികൾ ഒരിക്കലും വിജയിക്കില്ലെന്നും 'ഏക് ഭാരത്, ശ്രേഷ്ഠ ഭാരത്' എന്നത് നമ്മുടെ പരമമായ ലക്ഷ്യമായി തുടരുമെന്നും ഇത് ഉറപ്പാക്കുന്നു.



### ശക്തവും ഏകോപിതവും സംവേദനക്ഷമതയുമുള്ള ഒരു ഇന്ത്യ കെട്ടിപ്പടുക്കുകയെന്നത് നമ്മുടെ ഉത്തരവാദിത്വമാണ്: രാജ്നാഥ് സിംഗ്

രാജ്യരക്ഷ മന്ത്രി ശ്രീ രാജ്നാഥ് സിംഗ് ഇങ്ങനെ പ്രസ്താവിച്ചു: 'വിഭജന ഭീതിയുടെ ഓർമ്മദിനം' ഇന്ത്യയുടെ വിഭജനത്തിന്റെ ദുരന്തത്തെ നമ്മെ ഓർമ്മിപ്പിക്കുന്നു. അത് ദശലക്ഷക്കണക്കിന് കുടുംബങ്ങളുടെ ജീവിതത്തെ നിത്യ ദുഃഖത്തിലേക്കും പലായനത്തിലേക്കും അനിശ്ചിതത്വത്തിലേക്കും തള്ളിവിട്ടു. ഇത് ചരിത്രത്തിലെ ഒരു വേദനാജനകമായ അധ്യായം മാത്രമല്ല, വീടുകളും കുടുംബങ്ങളും സ്വത്തുക്കളും പ്രിയപ്പെട്ടവരും നഷ്ടപ്പെട്ടിട്ടും തങ്ങളുടെ ജീവിതം പുനർനിർമ്മിക്കാൻ നിശ്ചയിച്ചുറപ്പിച്ച എണ്ണമറ്റ വ്യക്തികളുടെ പോരാട്ടത്തിന്റെയും ധൈര്യത്തിന്റെയും ത്യാഗത്തിന്റെയും അതിജീവനശേഷിയുടെയും സാക്ഷ്യം കൂടിയാണ്. ചരിത്രപരമായ ദുരിതങ്ങളുടെ സ്മരണകൾ നെഞ്ചിലേറ്റുക മാത്രം പോരാ എന്ന് ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു; അവയിൽ നിന്ന് പഠിച്ച്, ഇനി ഒരു സമൂഹത്തിനും വിഭജനത്തിന്റെ വേദന വീണ്ടും അനുഭവിക്കേണ്ടി വരാത്ത, ശക്തവും ഏകോപിതവും സംവേദനക്ഷമതയുമുള്ള ഒരു ഇന്ത്യ കെട്ടിപ്പടുക്കുകയെന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. വിഭജന ഭീതികൾക്കിടയിൽ ജീവൻ ബലിയർപ്പിച്ച പ്രശസ്തരും അല്ലാത്തവരുമായ എല്ലാ വ്യക്തികൾക്കും, മാതൃഭൂമിയിൽ നിന്ന് ആട്ടിപ്പായിക്കപ്പെട്ട എണ്ണമറ്റ കുടുംബങ്ങൾക്കും ഞാൻ എന്റെ വിനീതമായ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ●






# വ്യവസായ വിപ്ലവത്തിന്റെ പുതിയ കുതിച്ചുചാട്ടം

## നയിക്കുന്നത് അനുകൂല സാഹചര്യങ്ങൾ

*വികസനത്തിന് അടിസ്ഥാന സൗകര്യങ്ങൾ മാത്രം പോരാ, മറിച്ച് സമഗ്രമായ ഒരു വ്യാവസായിക ആവാസ വ്യവസ്ഥയും അനുകൂല സാഹചര്യവും ആവശ്യമാണ്. അത്തരമൊരു അന്തരീക്ഷമാണ് ആന്ധ്രാപ്രദേശിൽ വളർത്തിയെടുക്കുന്നത്; അതുകൊണ്ടാണ് ലോകത്തിലെ പല പ്രമുഖ വൻകിട കമ്പനികളും സംസ്ഥാനത്ത് നിക്ഷേപം നടത്താൻ താല്പര്യം കാണിക്കുന്നത്. വികസനത്തിന്റെ ഈ വേഗത മുന്നോട്ട് നയിച്ചുകൊണ്ട്, ആന്ധ്രാപ്രദേശിൽ 17,900 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവ്വഹിച്ചു...*



പ്രധാനമന്ത്രി മോദി ഉദ്ഘാടനം നിർവ്വഹിച്ച അല്ലൂരി സീതാരാമ രാജു വിമാനത്താവളത്തിലെ ചടങ്ങിന്റെ പൂർണ്ണരൂപം വീക്ഷിക്കുന്നതിന് ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

ആന്ധ്രാപ്രദേശിന്റെ വ്യാവസായിക മേഖലയിൽ വലിയൊരു മാറ്റം മുന്നിൽക്കണ്ട്, സോഫ്റ്റ്‌വെയർ മേഖലയിലെ വ്യക്തമായ സ്ഥാനത്തിനൊപ്പം സംസ്ഥാനം ശക്തമായ ഒരു ഉൽപാദന കേന്ദ്രമായി വികസിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇത് ഭാവിയിൽ തൊഴിലവസരങ്ങൾക്കും സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങൾക്കും ഒരു പുതിയ അന്തരീക്ഷം സൃഷ്ടിക്കും. 'സുവർണ്ണ ആന്ധ്ര പ്രദേശ്' എന്ന കാഴ്ചപ്പാട് മുൻപോട്ട് കൊണ്ടുപോയിക്കൊണ്ട്, ഓഗസ്റ്റ് 1-ന് വിസിയാനഗരം ജില്ലയിലെ ഭോഗാപുരത്ത് 17,900 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവ്വഹിച്ചു.

പരിപാടിയിൽ അഭിസംബോധന ചെയ്യവേ, ഇതിഹാസ ഗോത്ര നേതാവായ അല്ലൂരി സീതാരാമ രാജുവിന് ആദരവ് അർപ്പിച്ച പ്രധാനമന്ത്രി മോദി, ഈ പുണ്യഭൂമിയിൽ ആരംഭിച്ച പുതിയ വിമാനത്താവളം പ്രാദേശിക വികസനത്തിന് അത്യന്താപേക്ഷിതമായ ഒരു ഇടമായും ചെറുപ്പക്കാരുടെ ശോഭനമായ ഭാവിക്ക് കരുത്തുറ്റ ഒരു കേന്ദ്രമായും വർത്തിക്കുമെന്ന് അഭിപ്രായപ്പെട്ടു. പുതിയ വിമാനത്താവളത്തിന് മഹാനായ സ്വാതന്ത്ര്യസമര സേനാനി അല്ലൂരി സീതാരാമ രാജുവിന്റെ പേര് നൽകാനുള്ള ഗവണ്മെന്റിന്റെ ഔദ്യോഗിക തീരുമാനം പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ഈ മഹനീയ ആദരം വിമാനത്താവളത്തിലൂടെ കടന്നുപോകുന്ന ഓരോ യാത്രക്കാരനിലും ആഴത്തിലുള്ള ദേശസ്നേഹം വളർത്തുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

### ആന്ധ്രാപ്രദേശിന്റെ വികസനത്തിൽ പ്രധാനമന്ത്രി മോദി ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രധാന മേഖലകൾ

- ഏകദേശം 1 ലക്ഷം കോടി രൂപയുടെ റെയിൽവേ പദ്ധതികളാണ് നിലവിൽ പുരോഗമിക്കുന്നത്.
- റെയിൽ ശൃംഖല പൂർണ്ണമായും വൈദ്യുതീകരിക്കപ്പെട്ടു, കൂടാതെ 70-ലധികം റെയിൽവേ സ്റ്റേഷനുകൾ ആധുനികവൽക്കരിക്കപ്പെടുന്നു.
- സോഫ്റ്റ്‌വെയർ, സാങ്കേതിക വിദ്യാ മേഖലകളിൽ സംസ്ഥാനത്തെ ചെറുപ്പക്കാർ നേടിയ ആഗോള അംഗീകാരത്തെ അദ്ദേഹം പ്രശംസിച്ചു.
- ആഭ്യന്തരതലത്തിൽ തന്നെ അവസരങ്ങൾ നൽകി ചെറുപ്പക്കാരുടെ മികവുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്.
- സെമികണ്ടക്ടറുകൾ പോലുള്ള ഭാവി ലക്ഷ്യമാക്കിയുള്ള, സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങളിലാണ് ഗവണ്മെന്റ് ഇപ്പോൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.
- ഗൂഗിളിന്റെ 15 ബില്യൺ ഡോളറിന്റെ ക്യാമ്പസ് എന്ന വമ്പൻ പ്രഖ്യാപനം പരാമർശിച്ചുകൊണ്ട് ആഗോള നിക്ഷേപകർക്ക് സംസ്ഥാനത്തോട് വർദ്ധിച്ചുവരുന്ന താല്പര്യത്തിന്റെ വ്യക്തമായ സൂചനയാണിതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.
- മറ്റ് പല ആഗോള കമ്പനികളും ഇവിടെ പുതിയ സാധ്യതകൾ കാണുന്നുണ്ട്, ഇത് സംസ്ഥാനത്തെയും രാജ്യത്തെയും യുവാക്കൾക്ക് വലിയ നേട്ടമാകും.
- നക്കപള്ളിയിൽ ഒരു വമ്പൻ ഫാർമ പാർക്ക് സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് പിന്തുണ നൽകി വരുന്നു.
- രായലസീമ മേഖലയിലെ പുനരുപയോഗ ഊർജ്ജ മേഖലയിലേക്ക് 5 ലക്ഷം കോടിയിലധികം രൂപയുടെ നിക്ഷേപങ്ങൾ ആകർഷിക്കപ്പെട്ടു.
- പ്രധാനമന്ത്രി മോദിയുടെ കഴിഞ്ഞ മൂന്ന് സന്ദർശനങ്ങളിൽ മാത്രം 2 ലക്ഷം കോടി രൂപയുടെ പദ്ധതികളാണ് സംസ്ഥാനത്ത് ആരംഭിച്ചത്.

**29,000 കോടി രൂപയുടെ വൻ നിക്ഷേപത്തോടെ 'ഉഡാൻ' പദ്ധതിയുടെ രണ്ടാം ഘട്ടം അടുത്തിടെ ആരംഭിച്ചു.**

**പ്രവർത്തനക്ഷമമായ വിമാനത്താവളങ്ങൾ**






ഇന്ന്, രാജ്യം നീല സമ്പദ് വ്യവസ്ഥയെ തുടർച്ചയായി ശക്തിപ്പെടുത്തിവരികയാണ്. ഈ പ്രദേശം മുഴുവൻ ഒരു തീരദേശ സാമ്പത്തിക ഇടനാഴിയായി വികസിപ്പിക്കുക എന്നതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. ഈ ലക്ഷ്യത്തോടെ, വിശാഖപട്ടണം മുതൽ കൃഷ്ണപട്ടണം വരെയുള്ള നിലവിലുള്ള നമ്മുടെ തുറമുഖങ്ങൾ നവീകരിച്ച് വരുന്നു. കൂടാതെ, മൂലാപേട്ടയിലും രാമയ്യപട്ടണത്തും ഞങ്ങൾ പുതിയ തുറമുഖങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു.

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*

# ഇന്ത്യൻ യുവത്വം ആഗോള പുരോഗതിയെ നയിക്കുന്നു

***കർണാടകയിലെ മൈസൂരിൽ 'സ്വാമി വിവേകാനന്ദ കൾച്ചറൽ യൂത്ത് സെന്റർ – വിവേക മെമ്മോറിയൽ' പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. സ്വാമി വിവേകാനന്ദനെ ഇന്ത്യയുടെ സ്വത്വത്തിന്റെ വാഹകനായി വിശേഷിപ്പിച്ച അദ്ദേഹം, ഇന്ന് രാജ്യത്തെ യുവത്വം ആഗോള വികസനത്തിന് പുതിയ ആക്കം പകരുകയാണെന്ന് ചടങ്ങിൽ അഭിപ്രായപ്പെട്ടു. സ്വാമി വിവേകാനന്ദൻ സ്വപ്നം കണ്ട ഇന്ത്യ കെട്ടിപ്പടുക്കുകയെന്നത് ഇന്നത്തെ തലമുറയുടെ പ്രധാന ഉത്തരവാദിത്വമാണ്...***




രാമകൃഷ്ണ മിഷന്റെ ആശയങ്ങളുമായി തനിക്കുള്ള ആഴത്തിലുള്ള ആത്മീയ ബന്ധത്തെക്കുറിച്ച് എടുത്തുപറഞ്ഞ പ്രധാനമന്ത്രി നരേന്ദ്ര മോദി, ആദ്യകാല ജീവിതം മുതൽ നിലവിലെ ചുമതലകളിൽ വരെ – തന്റെ വ്യക്തിഗത ജീവിതത്തിൽ ഈ പ്രസ്ഥാനം ചെലുത്തിയ ഗണ്യമായ സ്വാധീനം സ്മരിച്ചു.

പുതുതായി നിർമ്മിച്ച സ്വാമി വിവേകാനന്ദ കൾച്ചറൽ യൂത്ത് സെന്ററിന്റെ - 'വിവേക സ്മാരകം'പാരമ്പര്യത്തെ പ്രധാനമന്ത്രി മോദി എടുത്തുപറഞ്ഞു. മഹാനായ കുവെമ്പുവിനെപ്പോലുള്ള പ്രാദേശിക പണ്ഡിതന്മാർക്കും നഗരത്തിന്റെ ധിഷണാ പൈതൃകത്തിനും ഈ സന്യാസിയുമായി ബന്ധിപ്പിക്കുന്ന ആഴത്തിലുള്ള ചരിത്രപരമായ പ്രാധാന്യത്തിനും ആദരവ് അർപ്പിച്ചു.

130-ലധികം വർഷങ്ങൾക്ക് മുമ്പ്, അന്നത്തെ മൈസൂർ മഹാരാജാവ് സഞ്ചാരിയായ ഒരു യുവസന്യാസിയെ തിരിച്ചറിയുകയും സഹായിക്കുകയും ചെയ്തത് പ്രധാനമന്ത്രി മോദി ഓർമ്മിപ്പിച്ചു. ആ പിന്തുണയുടെ സുപ്രധാനമായ സ്വാധീനം പിന്നീട് സ്വാമി വിവേകാനന്ദൻ അമേരിക്കയിൽ നിന്ന് വലിയ കൃതജ്ഞതയോടെ സ്മരിക്കുകയുണ്ടായി. പ്രധാനമന്ത്രി മോദി ഇങ്ങനെ ചൂണ്ടിക്കാണിച്ചു, 'മറ്റുള്ളവർക്കായി ജീവിക്കുന്നവൻ മാത്രമാണ് ശരിയായ അർത്ഥത്തിൽ, ജീവിക്കുന്നത്. ഈ മന്ത്രത്താൽ നയിക്കപ്പെട്ട ആശ്രമം മഹത്തായ നൂറ് വർഷങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു.'

സ്വാമി വിവേകാനന്ദന്റെ കാലഘട്ടത്തിൽ അടിമത്തത്തിലായിരുന്ന ഇന്ത്യൻ യുവാക്കളുടെ അവസ്ഥയെ ഇന്നത്തെ യുവാക്കളുടെ ആഗോള സ്വാധീനവുമായി താരതമ്യപ്പെടുത്തിയ പ്രധാനമന്ത്രി മോദി, വിവേകാനന്ദൻ യുവാക്കളുടെ വിദ്യാഭ്യാസത്തെ രാഷ്ട്ര നിർമ്മാണത്തിന്റെ അടിസ്ഥാനമായി കണ്ടിരുന്നതായി എടുത്തുപറഞ്ഞു. ഒരിക്കൽ അടിമത്തത്തിന്റെ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരുന്ന ഇന്ത്യൻ യുവാക്കൾ, ഇന്ന് അഭൂതപൂർവ്വമായ വേഗതയിലാണ് ആഗോള വികസനത്തെ മുന്നോട്ട് നയിക്കുന്നത്.

> **സ്വാമി വിവേകാനന്ദൻ സ്വപ്നം കണ്ട ഇന്ത്യ കെട്ടിപ്പടുക്കുക എന്നതിന്റെ ഉത്തരവാദിത്വം നിലവിലെ തലമുറയിലാണ് നിക്ഷിപ്തമായിരിക്കുന്നത്.**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

**യുവാക്കൾക്കായുള്ള നടപടികൾ: പ്രധാനമന്ത്രി മോദി എടുത്തുപറഞ്ഞവ...**

- 14,000-ത്തിലധികം പി.എം ശ്രീ സ്കൂളുകൾ
- 10,000-ത്തിലധികം അടൽ ടിങ്കറിംഗ് ലാബുകൾ
- ഐ.ഐ.എം, ഐ.ഐ.ടികളുടെ എണ്ണത്തിൽ വർദ്ധനവ്
- എം.ബി.ബി.എസ് മെഡിക്കൽ സീറ്റുകൾ ഏകദേശം 1.40 ലക്ഷമായി

ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന സാമ്പത്തിക ശക്തിയായും, മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയായും, രണ്ടാമത്തെ വലിയ മൊബൈൽ നിർമ്മാണ കേന്ദ്രമായും ഇന്ത്യയെ മാറ്റിയതിന്റെ കീർത്തി യുവാക്കൾക്കാണ്. ഇന്ന്, ചെറുപ്പക്കാരുടെ അളവറ്റ കഴിവുകളുടെ കരുത്തിൽ, എ.ഐ, ഡീപ് ടെക്, സ്പേസ് ടെക്നോളജി, നൂതനാശയങ്ങൾ എന്നിവയിൽ ഇന്ത്യ വിജയത്തിന്റെ പുതിയ സുവർണ്ണ അധ്യായങ്ങൾ രചിക്കുകയാണ്. 'ആത്മനിർഭർ ഭാരത്' പ്രചാരണമായാലും 'മേയ്ക്ക് ഇൻ ഇന്ത്യ' ആയാലും, അവയുടെ അന്തിമ വിജയത്തിന് പിന്നിലെ യഥാർത്ഥ പ്രേരകശക്തി ഇന്ത്യയിലെ യുവജനങ്ങളുടെ കരുത്താണ്.



കേന്ദ്ര മന്ത്രിസഭാ തീരുമാനങ്ങൾ

# ഗുവാഹത്തി-തേസ്പൂർ ഹൈവേയ്ക്കും ഗോബർധൻ പദ്ധതിക്കും അംഗീകാരം

*വടക്കുകിഴക്കൻ മേഖലയിലെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്താനും രാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താനും ലക്ഷ്യമിട്ട് അസമിലെ ഗുവാഹത്തി– തേസ്പൂർ 135.87 കിലോമീറ്റർ നാലുവരി ഇടനാഴിയുടെ വികസനത്തിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. കൂടാതെ, ഊർജ്ജ മേഖലയെ ശക്തിപ്പെടുത്താനും ഇന്ത്യയിലെ ബയോഗ്യാസ് ഉല്പാദനം വർദ്ധിപ്പിക്കാനും 'ഗോബർധൻ' പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്. ഈ രണ്ട് തീരുമാനങ്ങളും വടക്കുകിഴക്കൻ മേഖലയിലെ ഗതാഗത സൗകര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിനൊപ്പം കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും ഊർജ്ജ സുരക്ഷ ഉറപ്പാക്കാനും സഹായിക്കും.*

**തീരുമാനം: കംപ്രസ്ഡ് ബയോഗ്യാസിനുവേണ്ടി ആവിഷ്കരിച്ച ദേശീയ സംയോജിത 'ഗോബർധൻ' പദ്ധതിക്ക് 23,731 കോടി രൂപ നീക്കിയിരിപ്പോടെ അംഗീകാരം.**

**പ്രയോജനം:** രാജ്യത്തിന്റെ ജൈവ വിഭവങ്ങളെ സംശുദ്ധ ഊർജ്ജം, ഗ്രാമീണ സമൃദ്ധി, സാമ്പത്തിക വളർച്ച എന്നിവയാക്കി മാറ്റുന്ന ചരിത്രപരമായ ദേശീയ പദ്ധതിയാണിത്. 2026-27 മുതൽ 2035-36 സാമ്പത്തിക വർഷം വരെ പദ്ധതി നടപ്പാക്കും.

- ഉറപ്പായ സംഭരണം, സ്ഥിരമായ വിലനിർണയം, മൂലധന സഹായം, പൈപ്പ്ലൈൻ കണക്റ്റിവിറ്റി എന്നിവയിലൂടെ കംപ്രസ്ഡ് ബയോഗ്യാസ് ഉല്പാദനം ത്വരിതപ്പെടുത്തുന്ന സംയോജിത ചട്ടക്കൂട്.
- ആഭ്യന്തര കംപ്രസ്ഡ് ബയോഗ്യാസ് ഉല്പാദനത്തിൽ ഏകദേശം പത്തിരട്ടി വർദ്ധനയും രാജ്യത്തിന്റെ ഊർജ്ജ സുരക്ഷയ്ക്ക് കരുത്തേകലും.
- കർഷകർ, ഗ്രാമീണ സംരംഭകർ, സ്വകാര്യ നിക്ഷേപം, 'മാലിന്യത്തിൽ നിന്ന് സമ്പത്ത്' സംരംഭങ്ങൾ, 'ആത്മനിർഭർ ഭാരത്' എന്നിവയ്ക്ക് വലിയ ഉത്തേജനം.

**തീരുമാനം: 15.11 കിലോമീറ്റർ മംഗൽദോയ് ബൈപാസ് ഒഴികെ ദേശീയപാത-15-ലൂടെ ബൈഹാട്ട ചാരിയാലിയിൽ നിന്ന് (അസമിലെ ഗുവാഹത്തിക്ക് സമീപം) തേസ്പൂരിലേക്കുള്ള നാലുവരി ഹൈവേ നിർമ്മാണത്തിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.**

**പ്രയോജനം:** ശരാശരി യാത്രാ വേഗം ഏകദേശം ഇരട്ടിയാക്കുന്ന പദ്ധതി യാത്രാ സമയം പകുതിയായി കുറയ്ക്കുകയും റോഡ് സുരക്ഷ മെച്ചപ്പെടുത്തുകയും ചെയ്യും. ഇന്ധന ഉപഭോഗവും വാഹന പ്രവർത്തനച്ചെലവും കുറയ്ക്കുന്നതിനൊപ്പം ഇത് പ്രാദേശിക ഗതാഗത സൗകര്യങ്ങൾക്കും സാമൂഹ്യ - സാമ്പത്തിക വികസനത്തിനും കരുത്തേകും.

- 15 വലിയ പാലങ്ങൾ, 30 ചെറിയ പാലങ്ങൾ, 19 ഫ്ലൈഓവറുകൾ, കൂടാതെ തേസ്പൂർ ബൈപാസിൽ ആനകൾക്ക് കടന്നുപോകാനുള്ള അടിപ്പാത എന്നിവയുടെ നിർമാണ വ്യവസ്ഥകൾ പദ്ധതിയിൽ ഉൾപ്പെടുന്നു.
- 8,970.20 കോടി രൂപ ചെലവിൽ 135.87 കിലോമീറ്റർ ഹൈവേ നിർമിക്കും.
- തേസ്പൂർ ബൈപാസിൽ 4.9 കിലോമീറ്റർ അടിയന്തര ലാൻഡിങ് സൗകര്യം വികസിപ്പിക്കും.
- അസമിലെയും അരുണാചൽ പ്രദേശിലെയും പ്രധാന സാമ്പത്തിക, സാമൂഹ്യ, ചരക്കുനീക്ക കേന്ദ്രങ്ങളെ തടസ്സമില്ലാതെ പരസ്പരം ബന്ധിപ്പിക്കാൻ പദ്ധതി സഹായിക്കും.

*മന്ത്രിസഭാ തീരുമാനങ്ങൾ സംബന്ധിച്ച പത്രസമ്മേളനം പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*




# 'യുവത'
# ഓരോ തീരുമാനവും അവരുടെ താല്പര്യങ്ങൾ മുൻനിർത്തി

*രാജ്യവും ലോകവും ഇന്ന് നേരിടുന്ന വൈവിധ്യമാർന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ നമ്മുടെ നിശ്ചയദാർഢ്യവും കൂടുതൽ കരുത്തുറ്റതായി മാറിയിട്ടുണ്ട്. വരുന്ന 3035 വർഷത്തെ ജീവിതത്തിൽ രാജ്യത്തെ യുവത ചെയ്യുന്ന കാര്യങ്ങളാണ് വികസിത ഭാരതത്തിലേക്കുള്ള യാത്രയെ രൂപപ്പെടുത്തുക. അതുകൊണ്ടാണ് വിദ്യാർത്ഥികൾ കൈക്കൊള്ളുന്ന ഓരോ തീരുമാനത്തിന്റെയും അടിസ്ഥാനം രാജ്യത്തിന്റെ നേട്ടമായിരിക്കണമെന്ന് ഐഐടി ഡൽഹിയുടെ ബിരുദദാന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തത്. ഇന്ത്യ ഇന്ന് സാമ്പത്തിക, സാങ്കേതിക, വ്യാവസായിക സ്വയംപര്യാപ്തതയ്ക്കുവേണ്ടി പരിശ്രമിക്കുകയാണ്; ശക്തമായ ഈ അടിത്തറയിലൂന്നിയാണ് മഹത്തരവും വികസിതവുമായ ഭാരതം കെട്ടിപ്പടുക്കേണ്ടത്.*

വികസിത ഭാരതത്തിലേക്കുള്ള ഈ യാത്രയിൽ യുവജനങ്ങളുടെ സുപ്രധാന പങ്ക് എടുത്തുപറഞ്ഞ പ്രധാനമന്ത്രി മോദി രാജ്യത്തിന്റെ കരുത്ത് യുവതയുടെ ശാക്തീകരണവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാക്കി. ഈ കാഴ്ചപ്പാടോടെ മുൻപ് യുവാക്കൾക്ക് അപ്രാപ്യമായിരുന്ന നിരവധി മേഖലകൾ ഗവൺമെന്റ് അവർക്കായി തുറന്നുകൊടുത്തു. ഗവൺമെന്റിന്റെ പുരോഗമനപരമായ നയങ്ങൾക്ക് നന്ദി; രാജ്യത്തുടനീളം യുവാക്കൾക്ക് പുതിയ അവസരങ്ങൾ ഉയർന്നുവരികയാണ്. പഠനത്തിൽ മികവ് പുലർത്തിയ വിദ്യാർത്ഥികൾക്ക് ഐഐടി ഡൽഹിയുടെ 57-ാമത് ബിരുദദാന ചടങ്ങിൽ പ്രധാനമന്ത്രി മോദി സ്ഥാപനത്തിന്റെ ഏറ്റവും അഭിമാനകരമായ പുരസ്കാരങ്ങൾ സമ്മാനിച്ചു. ഐഐടി ഡൽഹിയുടെ സോണിപത് കാമ്പസിൽ സ്ഥാപിച്ച നിർമ്മിതബുദ്ധി അധിഷ്ഠിതവും ശേഷി കൂടിയതുമായ സൂപ്പർ കംപ്യൂട്ടിങ് സൗകര്യമായ 'പരം പ്രജ്ഞ'യും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

## വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി മോദി പങ്കിട്ട പ്രായോഗിക ജീവിതപാഠങ്ങൾ

- കാമ്പസ് ജീവിതവും കാമ്പസിന് പുറത്തെ ജീവിതവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഐഐടി പരീക്ഷകൾക്ക് നിർവചിക്കപ്പെട്ട ഒരു സിലബസുണ്ട്; എന്നാൽ ജീവിതമാകുന്ന പരീക്ഷയിൽ എല്ലാം 'ഔട്ട് ഓഫ് സിലബസ്' ആണ്.
- കാമ്പസ് ജീവിതത്തിൽ എല്ലാ ആശയങ്ങളും വ്യക്തവും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതുമായിരുന്നു എന്നോർക്കുക. എന്നാൽ ജീവിതത്തിൽ ഒരു നിശ്ചിത കോഴ്സോ ചോദ്യപേപ്പറോ ഇല്ല. പലപ്പോഴും യഥാർത്ഥ ചോദ്യം എന്താണെന്ന് പോലും ആരും നിങ്ങളോട് പറയില്ല; ചോദ്യം നിങ്ങൾ സ്വയം കണ്ടെത്തേണ്ടതുണ്ട്.
- ഓരോ തലമുറയും അതത് കാലഘട്ടത്തിന്റേതായ സവിശേഷ വെല്ലുവിളികൾ നേരിടുന്നുണ്ട്. ഓരോ തലമുറയ്ക്കും അവരുടേതായ ദേശീയ ഉത്തരവാദിത്തവുമുണ്ട്. അടിമത്ത കാലഘട്ടത്തിന് നമ്മുടെ രാജ്യം സാക്ഷ്യം വഹിച്ചിട്ടുണ്ട്; അന്നത്തെ തലമുറയുടെ ഒരേയൊരു ലക്ഷ്യം ഇന്ത്യയുടെ സ്വാതന്ത്ര്യമായിരുന്നു.
- വലിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ നാം ഇറങ്ങിത്തിരിക്കുമ്പോൾ ശ്രദ്ധ തെറ്റിക്കുന്ന വലിയൊരു കാര്യം നാം അഭിമുഖീകരിക്കുന്നു: നമ്മെ മറ്റുള്ളവരുമായി താരതമ്യം ചെയ്യാനുള്ള പ്രവണതയാണത്. ഇന്നത്തെ സമൂഹമാധ്യമ യുഗത്തിൽ ഈ താരതമ്യം ഒരിക്കലും അവസാനിക്കുന്നില്ല.
- ഓർക്കുക, ജീവിതം ഒരു സ്ഥാനപ്പട്ടികയല്ല; നിങ്ങളുടെ യഥാർത്ഥ മത്സരം മറ്റുള്ളവരോടല്ല, മറിച്ച് നിങ്ങളോട് തന്നെയാണ്. ഇന്നലത്തേക്കാൾ മികച്ചവരാകാനാണ് നാം പരിശ്രമിക്കേണ്ടത്.
- ലോകത്തിന്റെ തന്ത്രപ്രധാന സമവാക്യങ്ങൾ ഇന്ന് അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. ആഗോള ശക്തികളുടെ സന്തുലിതാവസ്ഥ ഓരോ നിമിഷവും മാറുന്നു. സാങ്കേതികവിദ്യയുടെ വേഗമാണ് ഇതിന് പിന്നിലെ ചാലകശക്തി.

*"പഠിക്കുന്നവർ വിജയിക്കും. പുതിയ വെല്ലുവിളികൾക്ക് പുതിയ പരിഹാരങ്ങൾ കണ്ടെത്താൻ ധൈര്യമുള്ളവർക്ക് ആ വെല്ലുവിളികൾ അവസരങ്ങളായി മാറും."*




**"ജീവിതത്തിൽ നിങ്ങളുടെ ജിജ്ഞാസ നിലനിർത്തുക; പഠിക്കാനുള്ള സഹജവാസന സജീവമായി സൂക്ഷിക്കുക. ചിന്താശൂന്യമായി അംഗീകരിക്കപ്പെടുന്ന കാര്യങ്ങളെ സൂക്ഷ്മമായി പരിശോധിക്കുക; അവയെ ചോദ്യം ചെയ്യുക. അതേസമയം കേവലം ചോദ്യങ്ങൾ ചോദിക്കുന്നതിൽ മാത്രം ഒതുങ്ങിനിൽക്കരുത്; പരിഹാരങ്ങൾ കണ്ടെത്താനുള്ള ധൈര്യവും കാണിക്കണം. ഈ മനോഭാവം നിങ്ങളിലൊരു സവിശേഷ വ്യക്തിത്വം രൂപപ്പെടുത്തും.'**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*

നിർമ്മിതബുദ്ധി, ഡാറ്റാ സയൻസ്, അത്യാധുനിക കംപ്യൂട്ടിങ്, അന്തർവൈജ്ഞാനിക ഗവേഷണം എന്നിവയിൽ ഈ സൗകര്യം സ്ഥാപനത്തിന്റെ ശേഷി ഗണ്യമായി വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബഹിരാകാശ മേഖലയിലെ പരിഷ്കാരങ്ങളെക്കുറിച്ച് സംസാരിച്ച ഐഐടി ഡൽഹിയിലെ മുൻ വെർച്വൽ ബിരുദദാന പ്രസംഗത്തെ അനുസ്മരിച്ച പ്രധാനമന്ത്രി മോദി, ഒരുകാലത്ത് ഈ മേഖല ഏതാണ്ട് പൂർണമായും ഗവൺമെന്റിന്റെ നിയന്ത്രണത്തിലായിരുന്നുവെന്ന് ചൂണ്ടിക്കാട്ടി. എന്നാൽ ഇന്ന് അതേ ബഹിരാകാശ മേഖല ആയിരക്കണക്കിന് യുവജനങ്ങൾക്ക് പുതിയ അവസരങ്ങളുടെ ലോകമായി മാറിയിരിക്കുന്നു. യുവജനങ്ങൾ ഇപ്പോൾ സ്വന്തമായി വിക്ഷേപണ വാഹനങ്ങൾ നിർമ്മിക്കുകയും റോക്കറ്റുകൾ വിക്ഷേപിക്കുകയും ചെയ്യുന്നു. ലോകത്ത് ചുരുക്കം ചില രാജ്യങ്ങൾക്ക് മാത്രം കൈവരിക്കാനായ നാഴികക്കല്ലുകളാണ് അവർ സ്വന്തമാക്കുന്നത്. ●

*പ്രധാനമന്ത്രി മോദിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*




# യുപിഐ സേവനങ്ങൾ
## തീർത്തും സൗജന്യമായി തുടരും...

***ഡിജിറ്റൽ ഇടപാടുകൾ കൂടുതൽ കരുത്തുറ്റതും സുതാര്യവുമാക്കാൻ കേന്ദ്ര ഗവൺമെന്റ് നിരവധി സുപ്രധാന നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. 'നികുതിയും മറ്റ് നിയമങ്ങളും (ഭേദഗതി) ബിൽ, 2026' പാസാക്കിയതോടെ യുപിഐ ചാർജുകൾ സംബന്ധിച്ച ചട്ടക്കൂടിൽ വ്യക്തത വന്നിരിക്കുകയാണ്. സാധാരണ ഉപഭോക്താക്കൾക്കും വ്യക്തികൾ തമ്മിലെ (P2P) ഇടപാടുകൾക്കും യുപിഐ സേവനങ്ങൾ പൂർണമായും സൗജന്യമായി തുടരും. ഡിജിറ്റൽ ഇടപാടുകളിലെ 'വ്യാപാരി സേവന നിരക്ക്' (MDR) ബാധകമാകുന്നത് വ്യാപാരികൾക്കാണെന്നും ഉപഭോക്താക്കൾക്കല്ലെന്നും കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ വ്യക്തമാക്കി. അടിസ്ഥാന സൗകര്യങ്ങളിലും സുരക്ഷയിലും കൂടുതൽ നിക്ഷേപം നടത്താൻ MDR ചാർജുകൾ ബാങ്കുകളെയും ഫിൻടെക് കമ്പനികളെയും സഹായിക്കും...***

'നികുതിയും മറ്റ് നിയമങ്ങളും (ഭേദഗതി) ബിൽ, 2026' പാർലമെന്റ് പാസാക്കി. ഈ നിയമനിർമാണം യുപിഐയ്ക്ക് മേൽ യാതൊരു നികുതിയും ചുമത്തുന്നില്ലെന്നും ഡിജിറ്റൽ പണമിടപാട് സംവിധാനം ഉപഭോക്താക്കൾക്ക് സൗജന്യമായി തുടരുമെന്നും ധനമന്ത്രി നിർമല സീതാരാമൻ പാർലമെന്റിൽ വ്യക്തമാക്കി. യുപിഐ സംബന്ധിച്ച ഭേദഗതി കേവലം ഒരു അവശ്യവ്യവസ്ഥ മാത്രമാണെന്നും അത് സ്വയം ഉപയോക്താക്കൾക്കുമേൽ യാതൊരു നികുതിയോ ഇടപാട് ചാർജോ ചുമത്തുന്നില്ലെന്നും അവർ കൂട്ടിച്ചേർത്തു. എല്ലാവരെയും ഉൾക്കൊള്ളുന്ന തരത്തിൽ യുപിഐ വളർച്ച സാധ്യമാക്കാൻ ചെറുകിട വ്യാപാരികൾ അത്യന്താപേക്ഷിതമായതിനാൽ അവർക്കുമേൽ MDR ചുമത്താൻ ഉദ്ദേശിക്കുന്നില്ലെന്ന് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്.

### യുപിഐയെക്കുറിച്ച് ചില പ്രധാന വസ്തുതകൾ

- 2016-17-ൽ തുടക്കം കുറിച്ചത് മുതൽ യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (UPI) ഇന്ത്യയുടെ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയെ ലോകത്തെ ഏറ്റവും സമഗ്രവും ചലനാത്മകവുമായ പണമിടപാട് സംവിധാനങ്ങളിലൊന്നാക്കി മാറ്റി.
- ലോകത്ത് ഏറ്റവും വേഗം വളരുന്ന പണമിടപാട് സംവിധാനമാണ് UPI; 2026 ജൂലൈയിൽ മാത്രം 29.9 ലക്ഷം കോടി രൂപ മൂല്യം വരുന്ന 2,366 കോടി ഇടപാടുകളാണ് രേഖപ്പെടുത്തിയത്.
- നിലവിൽ 12 രാജ്യങ്ങളുമായി ബന്ധിപ്പിച്ചിരിക്കുന്ന UPI-യ്ക്ക് വലിയ സ്വീകാര്യത ലഭിക്കുന്നുണ്ട്. ഗവൺമെന്റ് അന്താരാഷ്ട്ര തലത്തിൽ നിരന്തരം UPI-യ്ക്ക് പ്രോത്സാഹനം നൽകിവരുന്നു.




### കേന്ദ്ര ഗവൺമെന്റിന്റെ വ്യക്തമായ പ്രഖ്യാപനം

- **ഉപയോക്താക്കൾക്ക് സൗജന്യം:** പണം നൽകുന്ന ഉപഭോക്താക്കളിൽ നിന്ന് ഇടപാടുകൾക്ക് യാതൊരുവിധ നിരക്കുകളും ഈടാക്കില്ല.
- **സൗജന്യ P2P ഇടപാടുകൾ:** വ്യക്തികൾ തമ്മിലെ എല്ലാ ഇടപാടുകളും സൗജന്യമായി തുടരും.
- **വ്യാപാരികൾക്ക് നാമമാത്രമായ MDR:** വ്യാപാരി സേവന നിരക്ക് (MDR) ഈടാക്കുകയാണെങ്കിൽ തന്നെ അത് തീർത്തും നാമമാത്രമായ നിരക്കായിരിക്കും. ഇത് ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകളേക്കാൾ കുറവായിരിക്കും. കൂടാതെ നിശ്ചിത പരിധിക്ക് മുകളിലെ ചില ഇടപാടുകൾക്ക് മാത്രമേ ഇത് ബാധകമാകൂ.
- UPI വഴി നടത്തുന്ന ഭൂരിഭാഗം വ്യാപാരി ഇടപാടുകളും സൗജന്യമായി തുടരും. UPI പണമിടപാടുകൾ സ്വീകരിക്കുന്നതിന് ചെറുകിട കടയുടമകളോ പലചരക്ക് കടകളോ MDR നൽകേണ്ടതില്ല.
- 2007-ലെ പണമിടപാട്-തീർപ്പാക്കൽ സംവിധാന നിയമത്തിലെ സെക്ഷൻ 10A-യിൽ ഭേദഗതി നിർദേശിക്കുന്ന 'നികുതിയും മറ്റ് നിയമങ്ങളും (ഭേദഗതി) ബിൽ, 2026' പാർലമെന്റ് പാസാക്കിയ സാഹചര്യത്തിൽ MDR (ബാധകമെങ്കിൽ) സംബന്ധിച്ച് തീരുമാനമെടുക്കുന്നത് NPCI-യുടെ കീഴിലുള്ള 'UPI സേവന പ്രവർത്തക സമിതി'യായിരിക്കും.

# വികസിത ഭാരത കാഴ്ചപ്പാട്
## മികച്ച ശാരീരിക-മാനസികാരോഗ്യം

***വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കാൻ ശാരീരികമായി ആരോഗ്യവും മാനസികമായി കരുത്തും ആത്മവിശ്വാസവുമുള്ള യുവതലമുറ രാജ്യത്ത് അത്യന്താപേക്ഷിതമാണ്. അതുകൊണ്ടാണ് ഓഗസ്റ്റ് 2-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി 'നശാമുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാൻ' ദൗത്യത്തിന് തുടക്കം കുറിച്ചത്.***

**"ഒരു ചെറുപ്പക്കാരൻ അറിയാതെ ലഹരിയുടെ പിടിയിൽ അകപ്പെട്ടുവെങ്കിൽ അവന് മുന്നിലെ എല്ലാ വഴികളും അടഞ്ഞുപോയി എന്ന് അതിനർത്ഥമില്ല! കുടുംബത്തിലെ ഏതെങ്കിലും ഒരു കുട്ടി ലഹരിക്ക് ഇരയായിട്ടുണ്ടെങ്കിൽ സാമൂഹ്യ അന്തസ്സിന്റെ പേരിൽ അത് ഒളിച്ചുവെക്കരുത്. ആവശ്യമായ പിന്തുണ തേടുക. വൈദ്യസഹായത്തിലൂടെ കുട്ടിയെ ലഹരിയിൽ നിന്ന് മോചിപ്പിക്കാൻ ശ്രമിക്കുക. കുടുംബത്തിൽ കുട്ടികളുമായി തുറന്ന സംഭാഷണത്തിന്റെ സംസ്കാരം വളർത്തിയെടുക്കേണ്ടതുണ്ട്. അതിലൂടെ കുട്ടികൾ ഇത്തരം സാഹചര്യങ്ങളിൽ അകപ്പെടുന്നതിന് മുൻപ് തന്നെ അവരെ ചേർത്തുപിടിക്കാനാവും.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*



പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

കേവലം വ്യക്തിഗത ആരോഗ്യത്തിൽ മാത്രം ഒതുങ്ങുന്നതല്ല ഈ പ്രചാരണം. മറിച്ച്, കുടുംബത്തിന്റെയും സമൂഹത്തിന്റെയും മുഴുവൻ രാജ്യത്തിന്റെയും വിശാലമായ താല്പര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പ്രചാരണത്തെ വലിയ നിശ്ചയദാർഢ്യമെന്ന് വിശേഷിപ്പിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ 28,000-ത്തിലധികം കേന്ദ്രങ്ങളിലൂടെ ഒരു കോടിയിലധികം യുവാക്കളെ അഭിസംബോധന ചെയ്തതും അതുകൊണ്ടാണ്. 'വികസിത ഭാരതം' എന്ന ലക്ഷ്യത്തിലേക്ക് നാം മുന്നേറുമ്പോൾ രാജ്യത്തെ യുവജനങ്ങൾ ശാരീരികമായും മാനസികമായും ആരോഗ്യപൂർണമായി തുടരേണ്ടത് അനിവാര്യമാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

യുവത ആത്മവിശ്വാസം നിറഞ്ഞവരായിരിക്കണമെന്നും ലഹരി ഉപയോഗം പോലുള്ള വിനാശകരമായ ശീലങ്ങളിൽ നിന്ന് വിട്ടുനിൽക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു. 'കാശി പ്രഖ്യാപന'ത്തിന് കീഴിൽ 125-ലേറെ ആത്മീയ സംഘടനകളുടെയും നിരവധി NGO-കളുടെയും പിന്തുണയോടെ ഈ ക്ഷേമാധിഷ്ഠിത സംരംഭം ഇപ്പോൾ വിജയകരമായ ദേശീയ പദ്ധതിയായി മാറിയിരിക്കുന്നുവെന്ന് പ്രധാനമന്ത്രി മോദി അഭിപ്രായപ്പെട്ടു. വരാനിരിക്കുന്ന 100 ഞായറാഴ്ചകൾ ലഹരിമുക്ത ഇന്ത്യയിലേക്കുള്ള 100 ശക്തമായ ചുവടുകളായി മാറുമെന്ന് ക്യാമ്പയിന്റെ 100 ആഴ്ചത്തെ സമഗ്ര കർമ്മരേഖ വിശദീകരിച്ചുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. ലഹരിയിൽ നിന്ന് മുക്തമായിരിക്കുകയെന്നത് രാജ്യത്തിന്റെ ഭാവിക്കും സ്വന്തം ജീവിതത്തിനും സുപ്രധാനമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

### പ്രധാനമന്ത്രി മോദിയുടെ പ്രസംഗത്തിലെ പ്രധാന ആശയങ്ങൾ

- ലഹരിപദാർത്ഥങ്ങളിൽ നിന്ന് ലഭിക്കുന്ന നൈമിഷിക ആനന്ദം ആത്യന്തികമായി വ്യക്തിയുടെ കരിയറിന്റെയും കുടുംബജീവിതത്തിന്റെയും തകർച്ചയിലേക്കാണ് നയിക്കുന്നത്.
- ഒരു സാഹചര്യത്തിലും ലഹരി ഉപയോഗത്തിന് സാമൂഹ്യ അംഗീകാരം ലഭിക്കാൻ പാടില്ല.
- ലഹരിയെ മറികടക്കുന്നതിൽ സാമൂഹ്യ പിന്തുണ, യോഗ, ധ്യാനം, ആധുനിക പുനരധിവാസ കേന്ദ്രങ്ങൾ എന്നിവ നിർണായക പങ്ക് വഹിക്കുന്നു.
- ദുർബലരായ കുട്ടികൾ ഈ കെണിയിൽ വീഴുന്നത് തടയാൻ കുടുംബങ്ങളിൽ തുറന്ന സംഭാഷണത്തിന്റെ സംസ്കാരം വളർത്തുക.
- ലഹരി ഉപയോഗത്തിന്റെ അപകടങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ അധ്യാപകർ സാധാരണ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.
- ലഹരിമുക്തരാകുന്നവർ ദുർബലരല്ല, മറിച്ച് അവർ യഥാർത്ഥ പോരാളികളാണ്.

കോമൺവെൽത്ത് ഗെയിംസ് മെഡൽ ജേതാക്കളുമായി പ്രധാനമന്ത്രി മോദിയുടെ സംവാദം

# വരുംതലമുറയ്ക്ക് ഒരു പ്രചോദന മന്ത്രം

*സ്കോട്ട്ലൻഡിലെ ഗ്ലാസ്ഗോയിൽ നടന്ന കോമൺവെൽത്ത് ഗെയിംസിൽ ഉജ്ജ്വല പ്രകടനം കാഴ്ചവെച്ച് 13 സ്വർണവും 9 വെങ്കലവും 17 വെള്ളിയും ഉൾപ്പെടെ ആകെ 39 മെഡലുകളാണ് ഇന്ത്യ സ്വന്തമാക്കിയത്. പ്രധാനമന്ത്രി നരേന്ദ്ര മോദി ഓഗസ്റ്റ് 10 – ന് കോമൺവെൽത്ത് ഗെയിംസ് ജേതാക്കളുമായി സംവദിക്കുകയും രാജ്യത്തിന് അഭിമാനം പകർന്ന താരങ്ങളെ അഭിനന്ദിക്കുകയും ചെയ്തു. ഇന്ത്യൻ കായികരംഗത്തെ പരിവർത്തനം, കായികതാരങ്ങളുടെ നേട്ടങ്ങൾ, താഴെത്തട്ടിലെ കായിക പ്രതിഭകളെ വളർത്തിയെടുക്കൽ, രാജ്യത്ത് വിപുലമായ കായിക സംസ്കാരം വികസിപ്പിക്കൽ എന്നിവയെക്കുറിച്ച് ആശയവിനിമയത്തിനിടെ പ്രധാനമന്ത്രി മോദി കായിക താരങ്ങളുമായി വിശദമായ ചർച്ചകൾ നടത്തി.*



## കായികതാരങ്ങൾക്ക് ആതിഥേയത്വം: തുടരുന്ന പാരമ്പര്യം

ഔദ്യോഗിക വസതിയിൽ ദേശീയ കായികതാരങ്ങൾക്ക് ആതിഥേയത്വമരുളുന്നത് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഏകദേശം 12 വർഷത്തെ ഭരണകാലത്തുടനീളം അദ്ദേഹം തുടർന്നുപോരുന്ന പ്രിയപ്പെട്ട പാരമ്പര്യമാണ്. രാജ്യത്തിനു വേണ്ടി ജയം കൈവരിക്കുന്നതിൽ ഇന്ത്യൻ കായികതാരങ്ങളുടെ അർപ്പണബോധത്തോടെയുള്ള പരിശ്രമങ്ങളും തുടർച്ചയായ വിജയങ്ങളും സ്കൂൾ വിദ്യാർത്ഥികൾക്ക് കൂടുതൽ ഫലപ്രദമായ പ്രചോദനമായി മാറുന്നുവെന്ന് കായികതാരങ്ങളുമായി സംവദിക്കവെ അദ്ദേഹം അഭിപ്രായപ്പെട്ടു.

## രാജ്യത്തിന്റെ ധീരപുത്രന്മാർക്ക് ആദരം

കാർഗിൽ വിജയ് ദിനത്തിൽ പാകിസ്ഥാൻ എതിരാളികളെ 5–0 ന് പരാജയപ്പെടുത്തിയ ഇന്ത്യൻ ആർമി കായികതാരത്തിന്റെ ദേശസ്നേഹത്തെ പ്രധാനമന്ത്രി മോദി പ്രശംസിച്ചു. സ്വന്തം വിജയം ഇന്ത്യൻ ആർമിയിലെ ധീരർക്കായി സമർപ്പിച്ച ആ കായികതാരം സമാനതകളില്ലാത്ത ഇത്തരം അഭിമാന നിമിഷങ്ങൾ കായിക വിജയങ്ങൾക്ക് അസാധാരണ തിളക്കം നൽകുന്നുവെന്ന് പറഞ്ഞു. ആർമി പരിശീലകനായ നരേന്ദ്ര റാണയെക്കുറിച്ചും 'നരേന്ദ്ര' എന്ന അവരുടെ പൊതുവായ പേരിനെക്കുറിച്ചും രസകരമായ ഒരു സംഭവം പങ്കുവെച്ച പ്രധാനമന്ത്രി ഒരു കായികതാരവുമായി ഏതാനും നിമിഷങ്ങൾ പങ്കിട്ടു. പ്രധാനമന്ത്രി മോദി പറഞ്ഞു: ''നിങ്ങൾ മെഡലുകളുടെ എണ്ണം വർദ്ധിപ്പിക്കുക മാത്രമല്ല ചെയ്തത്; നിങ്ങൾ ഒരു തലമുറയെ ത്തന്നെ വാർത്തെടുത്തിരിക്കുന്നു.''



### ആനന്ദാശ്രുക്കൾ പൊഴിച്ച് മീരാഭായ് ചാനു

മീരാഭായ് ചാനുവിന്റെ കണ്ണുകളിൽ നിന്ന് അശ്രുബിന്ദുക്കൾ ഒഴുകിയപ്പോൾ പോഡിയത്തിൽ നിന്നുകൊണ്ട് ദേശീയഗാനം ശ്രവിക്കവേ ഞാൻ അശ്രുബിന്ദുക്കൾ പൊഴിച്ചുപോയി- സ്വർണ്ണ മെഡൽ ജേതാവായ മീരാഭായ് ചാനു കോമൺവെൽത്ത് ഗെയിംസിൽ കണ്ണുനീർ അടക്കാൻ പാടുപെട്ട വൈകാരിക നിമിഷത്തിന്റെ കഥ പങ്കുവെച്ചു. പ്രധാനമന്ത്രി മോദി അവരോട് പറഞ്ഞു, 'നിങ്ങൾ മുഴുവൻ രാജ്യത്തെയും അഭിമാനപൂരിതമാക്കി. അവരുടെ കണ്ണുകളിൽ നിന്ന് വീഴുന്ന ഓരോ തുള്ളി കണ്ണുനീരും ഓരോ സ്വർണ്ണ മെഡൽ പോലെ തോന്നിപ്പിച്ചു.'

മോദി പറഞ്ഞു, 'നിങ്ങൾ മെഡലുകളുടെ എണ്ണം വർദ്ധിപ്പിക്കുക മാത്രമല്ല, ഒരു തലമുറയെ സുസജ്ജമാക്കുക തന്നെ ചെയ്തു.'

### കളിക്കളത്തിലിറങ്ങുന്നവർ അഭിവൃദ്ധി പ്രാപിക്കും

കായിക സംവിധാനം എന്നതിലുപരി രാജ്യത്ത് ഒരു കായിക സംസ്കാരം സൃഷ്ടിക്കപ്പെടുമ്പോഴാണ് കായികതാരങ്ങൾ മെഡലുകൾ നേടുന്നതെന്ന് അവരുമായുള്ള സംഭാഷണത്തിൽ പ്രധാനമന്ത്രി മോദി പറഞ്ഞു. സുഹൃത്തുക്കളേ, നിങ്ങൾ മികച്ച പ്രകടനം കാഴ്ചവച്ചു. നിങ്ങൾ രാജ്യത്തെ മഹത്വപൂർണ്ണമാക്കി. ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. എന്നെ വിശ്വസിക്കൂ, നിങ്ങൾ വീണ്ടും വിജയങ്ങൾ നേടും, നാം ഇവിടെ വീണ്ടും കണ്ടുമുട്ടും.

### മോദിയെ കണ്ടിട്ടുണ്ടോ?

ഒരു കൂടിക്കാഴ്ചയിൽ ഒരു കായികതാരം പറഞ്ഞു, ഞങ്ങളുടെ സുഹൃദ് വലയത്തിൽ ഞങ്ങൾ ഇതിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, ഞാൻ പറയും, 'ഇത് നിങ്ങളുടെ സ്വന്തം നന്മയ്ക്കാണ്; നിങ്ങൾ അത് ചെയ്യണം.' അപ്പോൾ നമ്മുടെ സുഹൃത്തുക്കൾ ചോദിക്കും, നിങ്ങൾ മോദിയെ കണ്ടിട്ടുണ്ടോ, ഞങ്ങൾ എന്തിന് നിങ്ങളുടെ വാക്കുകൾ ശ്രദ്ധിക്കണം?' കായികതാരം മറുപടി പറഞ്ഞു,'ഇന്ന് ഞാൻ അങ്ങയെ കണ്ടു, സർ. ഇപ്പോൾ എനിക്ക് അവരോട് പറയാൻ കഴിയും, 'അതെ, ഞാൻ മോദിയെ കണ്ടു' എന്ന്.



### മെഡൽ നില



സ്വർണ്ണം 13



വെള്ളി 17



വെങ്കലം 9

ആകെ 39



**2026 ലെ കോമൺവെൽത്ത് ഗെയിംസ് മെഡൽ ജേതാക്കൾക്ക്, 7, ലോക് കല്യാൺ മാർഗിൽ ആതിഥേയത്വം വഹിക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഗെയിമുകൾക്കിടെ അവരുടെ അനുഭവങ്ങൾ ഞാൻ കേട്ടു. അവരെല്ലാം മികച്ച പ്രകടനത്തിലൂടെ രാജ്യത്തിന് അഭിമാനമായി മാറി. അവരുടെ വിജയം നിരവധി യുവാക്കൾക്ക് പ്രചോദനമാകും.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*

*ഇന്ത്യയുടെ കോമൺവെൽത്ത് ഗെയിംസ് (CWG) ചാമ്പ്യന്മാരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ സംവാദത്തിന്റെ പൂർണ്ണ പരിപാടി കാണാൻ QR കോഡ് സ്കാൻ ചെയ്യുക.*

# ഇന്ത്യൻ ജനാധിപത്യത്തിനും സമൂഹത്തിനുമായി സമർപ്പിക്കപ്പെട്ട പൈതൃകം

## മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ ആത്മകഥ




*പ്രധാനമന്ത്രി പങ്കെടുത്ത പരിപാടിയുടെ പൂർണ്ണരൂപത്തിന് ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*

***ഉദാരമനസ്കതയും ഇന്ത്യൻ മൂല്യങ്ങളിൽ ആഴത്തിൽ വേരൂന്നിയ മനസ്സും ഒരു വ്യക്തിയിൽ സമ്മേളിക്കുമ്പോൾ, അയാൾ സമൂഹത്തിൽ കുറ്റം കണ്ടെത്തി സമയം പാഴാക്കില്ല; പകരം, സമൂഹത്തിന്റെ ഗുണവശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും സ്വന്തം വിജയത്തിൽ സമൂഹത്തെ തുല്യ പങ്കാളിയായി അംഗീകരിക്കുകയും ചെയ്യും. മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഈ ദർശനത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്നു. അതുകൊണ്ടാണ്, അദ്ദേഹത്തിന്റെ ആത്മകഥയുടെ പ്രകാശന വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആ പുസ്തകത്തെ ഇന്ത്യൻ ജനാധിപത്യത്തിനും സമൂഹത്തിനുമായി സമർപ്പിക്കപ്പെട്ട പൈതൃകം എന്ന് വിശേഷിപ്പിച്ചത്.***

മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ ചെറുപ്പത്തിൽ, ഒരു വേനൽക്കാലത്ത്, അദ്ദേഹത്തിന്റെ വീട്ടിൽ തീപിടുത്തമുണ്ടായി. സ്വന്തം സുരക്ഷയെക്കുറിച്ചുള്ള ആശങ്കകൾ മാറ്റിവെച്ച് വീട്ടുപകരണങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നതിനിടെ അദ്ദേഹത്തിന്റെ അമ്മയ്ക്ക് ജീവൻ നഷ്ടപ്പെട്ടു. നന്നേ ചെറുപ്പത്തിൽ തന്നെ അമ്മയെ നഷ്ടപ്പെടുന്നത് അങ്ങേയറ്റം വേദനാജനകമായ അനുഭവമായിരുന്നു, ആരെയും തകർത്തുകളയാവുന്ന ഈ സംഭവം മുൻ രാഷ്ട്രപതിയെ കൂടുതൽ ശക്തനാക്കി. അയൽപക്കത്തുള്ള ഒരു അമ്മ അദ്ദേഹത്തെ വളർത്തി. ഈ അനുഭവത്തിലൂടെ, സാമൂഹിക ഐക്യത്തിന്റെയും സൗഹാർദ്ദത്തിന്റെയും ശക്തി അദ്ദേഹം മനസ്സിലാക്കി. മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിനെക്കുറിച്ചുള്ള ഈ കഥ പ്രധാനമന്ത്രി നരേന്ദ്ര മോദി പുസ്തക പ്രകാശന വേളയിൽ പങ്കുവെച്ചു. മുൻ രാഷ്ട്രപതിയുടെ ജീവിതയാത്ര വായിക്കാനും മൂല്യങ്ങൾ ഉൾക്കൊള്ളാനും അദ്ദേഹം രാജ്യത്തെ പുതുതലമുറയോട് അഭ്യർത്ഥിച്ചു.

'ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ദിഗ്വിജയം: എന്റെ ജീവിതം, എന്റെ പോരാട്ടങ്ങൾ' എന്ന ഏറ്റവും ഉചിതമായ തലക്കെട്ടാണ് ഈ പുസ്തകത്തിന് നൽകിയിരിക്കുന്നതെന്ന് പ്രധാനമന്ത്രി മോദി അഭിപ്രായപ്പെട്ടു. കോവിന്ദിന്റെ ജീവിതവും പോരാട്ടങ്ങളും അദ്ദേഹത്തിന്റെ സ്വന്തം അനുഭവങ്ങളാണെങ്കിലും, അദ്ദേഹം നേടിയ വിജയം ഇന്ത്യൻ റിപ്പബ്ലിക്കിന്റെയും ജനാധിപത്യ മൂല്യങ്ങളുടെയും വിജയത്തെ പ്രതിനിധീകരിക്കുന്നു. പ്രധാനമന്ത്രി മോദി പറഞ്ഞു, 'എനിക്ക് കോവിന്ദ്-ജിയെ വളരെക്കാലമായി അറിയാം, അദ്ദേഹത്തെ അടുത്തറിയാൻ എനിക്ക് അവസരം ലഭിച്ചു. രാഷ്ട്രപതിയായിരുന്ന കാലത്തെ അദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശം, വാത്സല്യം, പിന്തുണ എന്നിവയെ ഏറെ വിലമതിക്കുന്നു; ശ്രീ മോദി വ്യക്തമാക്കി. അദ്ദേഹത്തിന്റെ ജീവിതം മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ പ്രതിഭ തിരിച്ചറിയുകയും ചെയ്ത എനിക്ക്, രാം നാഥ് കോവിന്ദ്-ജിയുടെ ആത്മകഥ ഇന്ത്യൻ ജനാധിപത്യത്തിനും സമൂഹത്തിനും ഒരു പൈതൃകമായി മാറുമെന്ന് ആത്മവിശ്വാസത്തോടെ പറയാൻ കഴിയും.'

പ്രധാനമന്ത്രി മോദി യുവതലമുറയോട് അഭ്യർത്ഥിച്ചു. ജനങ്ങളെ വിവിധ ദിശകളിലേക്ക് ആകർഷിക്കുന്ന 'റീലുകളുടെയും' സോഷ്യൽ മീഡിയ ഇൻഫ്ളുവൻസേഴ്സിന്റെയും കാലമാണിത്. കുറുക്കുവഴികൾ എളുപ്പവും ആകർഷകവുമാണെന്ന് തോന്നുമെങ്കിലും, അവ ഗുരുതരമായ പ്രശ്നങ്ങളിലേക്കോ പരാജയത്തിലേക്കോ നയിച്ചേക്കാം. റെയിൽവേ സ്റ്റേഷനുകളിൽ ചിലർ പതിവായി നടപ്പാലങ്ങൾ ഉപയോഗിക്കുന്നതിന് പകരം ട്രാക്കിലേക്ക് ചാടുന്നത് പോലെ - 'ഒരു കുറുക്കുവഴി നിങ്ങളുടെ ആയുസ്സിനെ ചുരുക്കും' എന്ന് മുന്നറിയിപ്പ് നൽകുന്നു - യുവാക്കൾ തങ്ങൾ തിരഞ്ഞെടുക്കുന്ന പാതയെക്കുറിച്ച് ശ്രദ്ധാലുക്കളായിരിക്കണം. നിങ്ങൾ ആരാധിക്കുന്ന വ്യക്തികളുടെ ആത്മകഥകൾ വായിക്കാൻ അദ്ദേഹം യുവാക്കളോട് ആഹ്വാനം ചെയ്തു, അത്തരം പുസ്തകങ്ങൾ ആ പ്രത്യേക കാലഘട്ടങ്ങളിലെ ചരിത്ര സംഭവങ്ങളെക്കുറിച്ച് ആഴത്തിലുള്ള ധാരണ പകർന്നു നൽകുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.



**PMO India**
@PMOIndia

आज जब देश ने विकसित भारत का लक्ष्य तय किया है... तो इसके लिए आवश्यक है... देश का युवा, तन से स्वस्थ हो, मन स्वस्थ हो, आत्मविश्वास से भरपूर हो और ड्रग्स जैसी घातक आदत से हमेशा दूर हो: PM @narendramodi



**Rajnath Singh**
@rajnathsingh

भारत अब रक्षा उपकरणों का दुनिया के लिए निर्माता और निर्यातक बन रहा है। रक्षा उत्पादन और निर्यात में अभूतपूर्व वृद्धि, भारत की बढ़ती आत्मनिर्भरता, सामर्थ्य और वैश्विक पहचान का प्रमाण है।



**Amit Shah**
@AmitShah

सहकारिता के माध्यम से ग्रामीण अर्थव्यवस्था को मजबूत करने की दिशा में आज अलवर में ₹200 करोड़ की लागत से प्रतिदिन 3 लाख लीटर दूध के प्रसंस्करण की क्षमता से युक्त 'अलवर सरस डेयरी' के नवीन प्लांट का ई-शिलान्यास किया। साथ ही, ₹274 करोड़ की लागत से सरस डेयरी से सम्बंधित चार अन्य परियोजनाओं का ई-लोकार्पण भी किया।

आधुनिक तकनीक से युक्त इन संयंत्रों से उत्पादन प्रक्रिया अधिक वैज्ञानिक, पारदर्शी और कम ऊर्जा की खपत वाली बनेगी। इससे क्षेत्र के दुग्ध उत्पादकों को उनके दूध का बेहतर दाम मिलेगा, ग्रामीण क्षेत्रों में रोजगार के नए अवसर सृजित होंगे व प्रदेश में 'सहकार से समृद्धि' का संकल्प और मजबूत होगा।



**Nitin Gadkari**
@nitin_gadkari

📢 उत्तराखंड 🛣️

सीआरआईएफ के तहत उत्तराखंड में कुल 235.42 किलोमीटर लंबाई की 9 सड़कों के चौड़ीकरण और मज़बूती काम के लिए 297.37 करोड़ रुपए की लागत के साथ स्वीकृती दी गई है।

#PragatiKaHighway #GatiShakti



**Shivraj Singh Chouhan**
@ChouhanShivraj

आज लाल किले की प्राचीर से मैं देश के सामने शक्ति की सप्तधारा का आह्वान करता हूं।

1. Manufacturing Power
2. कृषि और Food Processing
3. Technology और Innovation
4. Gati Shakti
5. रक्षा शक्ति
6. Green और Blue Economy
7. भारत का Soft Power

- आदरणीय प्रधानमंत्री श्री @narendramodi जी



**Arjun Ram Meghwal**
@arjunrammeghwal

देश के नौजवानों के लिए बड़ी घोषणा!

- आने वाले एक वर्ष में 1 करोड़ युवाओं को AI स्किल्स की ट्रेनिंग

- युवाओं के उज्ज्वल भविष्य के लिए विभिन्न परीक्षाओं की निःशुल्क ऑनलाइन कोचिंग

#IndiaIndependenceDay

PUSHES FOR SELF-RELIANCE, ENERGY SECURITY, TECH PROWESS; BONANZA FOR YOUTH

# PM offers 7-step plan for Viksit Bharat

FE BUREAU
New Delhi, August 15

PRIME MINISTER NARENDRA Modi on Saturday unveiled a trove of promises for India's youth, offered more support for the unorganised sector and startups and reaffirmed the government's commitment to making India a developed country by 2047. Addressing the nation from Red Fort on the 80th Independence Day, Modi elaborated on his government's accomplishments, while promising faster economic reforms to strengthen the manufacturing sector, achieve scale and foster greater self-reliance on multiple fronts. He laid emphasis on energy security, especially in light of recent threats from external factors.

Acknowledging that coaching for competitive exams has become "a huge burden for middle-class families", he said the government will provide free online coaching for various examinations to the youth. "We have digital public infrastructure, highly talented teachers and educators. By bringing these resources together, we will provide free coaching to the country's young people and build an entire network for this purpose," he said.




PM Narendra Modi addresses the nation from Red Fort on 80th Independence Day on Saturday

He also announced a new scheme to train 10 million young people in artificial intelligence skills to equip them with the skills necessary to "lead in the world of AI".

Modi highlighted that semiconductors, AI, quantum technology, space, robotics and data centres would drive the economy in the future, adding that India should not become merely a market for new technologies but an 'innovation hub'. While three semiconductor manufacturing units are operational in the country, he said another 5-8 semiconductor plants are expected to be set up in the next 7-8 years.

Modi's 13th straight I-Day speech included a decisive response to the disaffection among the country's youth against the backdrop of ongoing protests over exam paper leaks, and the flashpoint in the national capital which led to the education minister's resignation. The PM mentioned the word 'youth' 21 times in his 75-minute speech and referred to the 'young' 23 times.

Continued on Page 2

## PM's PROMISES

- Five-eight more semiconductor plants
- **100 GW** nuclear power capacity by 2047
- Lakhpati Didi target to double to **60 million**
- AI training for **10 million** youth
- Free online coaching for competitive exams
- Talent hunt to identify promising sportspersons

## Sapta Dhara framework

- **Manufacturing:** Enable value chain for small components and large products, from design to manufacturing
- **Agri & food processing:** Farmer access to global markets aided by FTAs, with cuisine, millets, etc
- **Defence:** Emerge as global supplier of next-gen defence tech like drones, hypersonic tech
- **Tech & innovation:** Create hub for emerging tech such as AI, quantum tech, space
- **Green & blue economy:** Global scale in renewable energy, green hydrogen; fisheries, ocean tech
- **Gati Shakti:** High-speed inter-city connectivity via high speed rail; ports to be engines of growth
- **Soft power:** Tap yoga, ayurveda, handicrafts, culture, films, digital content, tourism

# Land, business reforms key to next phase of India's growth: Economists

KRITY AMBEY
New Delhi, 16 August

Resolving domestic policy bottlenecks and creating a more predictable investment environment through land reforms and an improved ease of doing business will be critical to Prime Minister Narendra Modi's push for next-generation reforms, economists said.

In his Independence Day address on Saturday, Modi identified *'Sapta Dhara'*, or seven streams of strength — ranging from manufacturing, agriculture and infrastructure to soft power and global influence — that would drive the country's economic transformation. "We are going to move aggressively towards the next-level reform in the coming days," Modi said.

The *Sapta Dhara* spans near-, medium- and long-term reform priorities for India's Viksit Bharat vision for 2047, said Madras School of Economics Director and economist N R Bhanumurthy.

"The road ahead needs more micro reforms than macro reforms, and one such area is easing land acquisition by addressing the gap in land records," Bhanumurthy said. "That is the reason why a few states, particularly in the west and the south, are doing better in the manufacturing sector compared to those in the north and east," he added.



PM NARENDRA MODI IN HIS I-DAY SPEECH IDENTIFIED SEVEN STREAMS OF STRENGTH TO DRIVE INDIA'S NEXT ECONOMIC CHANGE

Land reforms assume greater significance amid the government's aim of increasing manufacturing's share of gross domestic product (GDP) to 25 per cent by 2035 from around 16-17 per cent currently.

"India would be better served by looking inward and addressing long-standing policy bottlenecks such as land acquisition and ease of doing business, especially amid external uncertainties," said Crisil Chief Economist DK Joshi.

The government has initiated work to address gaps in land reforms. Finance Minister Nirmala Sitharaman, in the FY25 Budget, announced fiscal support to states for three years for land-related reforms, including land administration, planning and management, urban planning, land usage and building bylaws. However, land reforms remain a state subject, and state governments would also need to ramp up their efforts.

"Once the domestic business environment becomes more predictable, a stable and predictable foreign direct investment (FDI) policy could help meet India's growing capital requirements," Joshi said.

A predictable FDI policy assumes greater significance in the context of India's termination of around 60 bilateral investment treaties (BITs) in 2016. Net FDI inflows into India have also slowed sharply over the past four years, falling from an annual average of around $40 billion between FY20 and FY22 to $7.65 billion in FY26, according to Reserve Bank of India data.

The government has initiated work towards a more predictable FDI policy and is likely to introduce an updated model BIT soon. Sitharaman had announced a review of India's model BIT in the FY26 Budget.

Having addressed structural gaps, the government also needs to continue streamlining existing reforms, economists said.

"While reforms were announced last year in the goods and services tax (GST), streamlining must continue there: the government is yet to bring petroleum products under GST," Joshi said. "The reform process should also focus on reducing compliance burdens and making implementation more uniform across states," he added.

On labour reforms, the government should wait and assess the impact of the four labour codes before embarking on another round of changes, Bhanumurthy said.



## President, PM, Top BJP Leaders Pay Tributes to Vajpayee on his Death Anniv

**NEW DELHI:** President Droupadi Murmu, Prime Minister Narendra Modi and senior BJP leaders paid tributes to former prime minister Atal Bihari Vajpayee on his death anniversary, emphasising his unparalleled role in India's progress. The leaders visited Vajpayee's memorial, 'Sadaiv Atal', located on the banks of the Yamuna in the national capital, to pay their floral tributes. Union home minister Amit Shah unveiled a statue of Vajpayee in the Chittorgarh district of Rajasthan. The Delhi government launched 25 new 'Atal Canteens' to provide hygienic, subsidised meals to low-income families. Vajpayee, the first BJP leader to become prime minister, was born on December 25, 1924, in Gwalior and died on August 16, 2018, in New Delhi. Modi described Vajpayee as an extraordinary statesman with remarkable vision who dedicated his life to serving the nation. "Remembering Atalji on his 'punya tithi'. An extraordinary statesman blessed with remarkable vision, he dedicated his life to the service of our nation," Modi said. He added that Vajpayee's words and efforts inspired generations and that his leadership significantly strengthened the country. "His focus on good governance and public welfare will always continue to guide us," he said. – PTI

PHOTO JUNCTION

# President calls youth valuable asset, bats for exam reforms

RAJESH KUMAR THAKUR @New Delhi

PRESIDENT Droupadi Murmu, in her address to the nation on Friday on the eve of the 80th Independence Day, reiterated the government's commitment to examination reforms. She said 65 % of the country's total population is under 35. "This population is our most valuable asset. A team with an average age of just 28 years has successfully launched a rocket, beginning a new phase in space exploration."

Murmu said examination reforms had been undertaken as students are architects of India's future. "Collective efforts from all are necessary for students' present and future security," she asserted.

"Public examinations open the doors of opportunities for students," she said, adding that reforms aim to "completely curb the use of unfair means" and make exams "more transparent, secure and reliable for the youth."

The President said youth are talented, committed and skilled, citing innovative solutions by people at the grassroots level. Government initiatives are creating opportunities. "By gaining information about these opportunities, our people can choose new paths to success. Youth well-being forms the foundation of India's future." Families and society must ensure youth move forward with enthusiasm.

Murmu said the number of senior citizens is steadily rising. "Free healthcare facilities worth ₹5 lakh per year are available to approximately 6 crore senior citizens aged 70 years and above." Society must remain sensitive towards them and uphold self respect.



The President hailed the bravery of the armed forces, heritage development. "We take pride in the Indian tradition of triumphing over adversity."

Talking about the Indus Water Treaty, she said that suspending the treaty, originally signed with a nation that harbours terrorism, was a decisive step taken in the interest of the country and particularly for the welfare of farmers.

Speaking about the responsibilities of public representatives, she said, "Giving voice to the aspirations of the people is the duty of their representatives in the legislature. The Executive is responsible for implementing policies that serve the interest of the nation and its people. It is the duty of every person associated with the judicial system to ensure that no one is deprived of justice due to lack of resources".

Murmu also spoke about India's economic growth, saying the country is projected to grow at more than twice the average global growth rate despite global warfare and instability.

She hailed parts of the country becoming Naxal free, women's contribution to nation-building and India accounting for more than half of the world's real-time digital transactions. Stating that India is moving towards Viksit Bharat by 2047 with everyone's contribution, she said, "In today's India, each person can dream of big and can achieve it also."

On foreign policy, she said, "Our foreign policy is rooted in the national interest. Peace, cooperation, dialogue, and the ideal of VasudhaivaKutumbkam (the world is one family) are the pillars of our foreign policy." India has entered Free Trade Agreements with countries. "We are playing a leading role among the nations of the Global South and our stature on the global stage has risen."

The President said India believes in a rules-based international order and seeks representation in multilateral organisations, including the United Nations. "This effort of ours is receiving strong support from many countries," she asserted.

## "പൗരാണിക ബുദ്ധമത കേന്ദ്രമായ സാരാനാഥ്"

# ഇപ്പോൾ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ

*ദക്ഷിണ കൊറിയയിലെ ബുസാനിൽ നടന്ന ലോക പൈതൃക സമിതിയുടെ 48-ാമത് സെഷനിൽ, ഇന്ത്യയുടെ 'പുരാതന ബുദ്ധമത കേന്ദ്രമായ സാരാനാഥ്' 2025-26 കാലയളവിൽ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടം നേടി. ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുന്ന ഇന്ത്യയിലെ 45-ാമത്തെ സ്ഥലമാണിത്. ഇന്ത്യയുടെ സാംസ്കാരിക പൈതൃകം, വാസ്തുവിദ്യാ പാരമ്പര്യം, പ്രാദേശിക സ്വത്വം, ചരിത്രപരമായ നൈരന്തര്യം എന്നിവയുമായി ബന്ധപ്പെട്ട വൈവിധ്യമാർന്ന പാരമ്പര്യങ്ങളെ ഈ ആഗോള അംഗീകാരം ഉയർത്തിക്കാട്ടുന്നു...*

- 45 സ്ഥലങ്ങളുമായി, ലോക പൈതൃക കേന്ദ്രങ്ങളുടെ പട്ടികയിൽ ആഗോളതലത്തിൽ ആറാം സ്ഥാനത്തും ഏഷ്യ-പസഫിക് മേഖലയിൽ രണ്ടാം സ്ഥാനത്തും ഇന്ത്യ നിലകൊള്ളുന്നു.

"

**ഓരോ ഇന്ത്യക്കാരനും അഭിമാനിക്കാവുന്ന നിമിഷം! ഉത്തർപ്രദേശിലെ സാരാനാഥ് യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടം നേടിയത് അങ്ങേയറ്റം സന്തോഷകരമാണ്. ജ്ഞാനം, കാരുണ്യം, ഐക്യം എന്നിവയുടെ ശാശ്വത സന്ദേശത്തിലൂടെ ലോകത്തെ പ്രചോദിപ്പിക്കുന്ന ഭഗവാൻ ബുദ്ധനുമായി സാരാനാഥിന് അഭേദ്യമായ ബന്ധമുണ്ട്. ഈ അംഗീകാരം ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരികവും ചരിത്രപരവും ആത്മീയവുമായ പൈതൃകങ്ങളെ ഉയർത്തിക്കാട്ടുന്നു. സാരാനാഥ് സന്ദർശിക്കാനും ഭഗവാൻ ബുദ്ധന്റെ ദർശനങ്ങളുമായി താദാത്മ്യം പ്രാപിക്കാനും ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് ഇത് പ്രചോദനമേകും.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*




ന്യൂ ഇന്ത്യ
സമാചാർ
ദ്വൈവാരിക

**RNI NO.: DELENG/2020/78811 SEPTEMBER 01-15, 2026**
RNI Registered No DELENG/2020/78811 (Publishing Date: August 20, 2026 Pages: 46)

**EDITOR IN CHIEF**
**Dhirendra Ojha**
Principal Director General
Press Information Bureau, New Delhi

**PUBLISHER:**
**Kanchan Prasad**
Director General, on behalf of
Central Bureau Of Communication

**PUBLISHED FROM:**
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003